KATHARATNAMALA PT. 2 RAJA RAJA VARMA

032:3xM7
F11·2

MUL
037836

# കഥാരത്നമാല.

## ദ്വിതീയഗുച്ഛകം.

(രണ്ടാം ഭാഗം.)

പ്രസാധകൻ

**ഏ. ആർ. രാജരാജവൎമ്മ, കോയിത്തമ്പുരാൻ**

എം. ഏ., എം. ആർ. ഏ. എസ്സ്.

തിരുമനസ്സിൽ നിന്നു്.

മെസേഴ്സു, മൂളിയിൽ
കൃഷ്ണൻ ബി. ഏ., ബി. എൽ., എഫ്
എം. യൂ., എം. ആർ. ഏ. എസ്സ്.; എസ്സ്.
പരമേശ്വരയ്യർ എം. ഏ., ബി. എൽ., എം. ആർ.
ഏ. എസ്സ്; എം. ശേഷഗിരിപ്രഭു എം. ഏ; സി. എൻ.
ഐ. രാമയ്യാശാസ്ത്രി എം. ഏ; കേ. വേലുപ്പിള്ള; സി. എസ്സ്
ഗോപാലപ്പണിക്കർ ബി. ഏ; ഒ. എം. ചെറിയാൻ ബി. ഏ.,
എൽ. റ്റി; നാത്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ള ബി. ഏ;
എ. ശങ്കരപ്പിള്ള ബി. ഏ; സി. എസ്സ്. സുബ്രഹ്മണ്യൻ
പോററി ബി. ഏ; പി. കെ. നാരായണപിള്ള
ബി. ഏ., ബി. എൽ; ജി. രാമൻമേനോൻ
എം. ഏ; കെ. എസ്സ്. രാമൻമേനോൻ
മുതലായവർ തിരഞ്ഞെടുത്തിട്ടുള്ളതു്.

**ബി. വി. ബുക്കുഡിപ്പോ**

തിരുവനന്തപുരം.

പകർപ്പവകാശം: ബി. വി. ബുക്കുഡിപ്പോ ഉടമസ്ഥനു്,

**പ്രകടനാധികൃതൻ: കളക്കുന്നത്തു് രാമൻ മേനോൻ.**

പ്രകടനാധികൃതന്റെ മുദ്രയില്ലാത്തപ്രതി വ്യാജനിർമ്മിതമാകുന്നു.

വില 8 അണ.

1096.

വി. വി. പ്രെസ്സ്—കൊല്ലം.

ഒന്നാം പതിപ്പിന്റെ

## വിജ്ഞാപനം.

---

കഥാരത്നമാലയുടെ പ്രഥമഗ്രന്ഥകം ചെറുപ്രായക്കാരായ വായനക്കാരുടെ ഉപയോഗം ഉദ്ദേശിച്ചാണു് സങ്കലനംചെയ്കയുണ്ടായതു്. എന്നാൽ രത്നമാല കണ്ഠത്തിൽ ധരിക്കുന്നതിനു് യുവാക്കന്മാൎക്കും ചില അവസരങ്ങളിൽ കൗതുകം ജനിക്കാവുന്നതാകയാൽ അതിലേക്കു ഉചിതമായി ഈ രണ്ടാം ഗ്രന്ഥകം ഉണ്ടാക്കിയിരിക്കുന്നു. രണ്ടു ഗ്രന്ഥകങ്ങളും ഒരേ ശില്പികളുടെ കൈവേലയാകയാൽ ഭാഷ മാറിപ്പോയി എന്നു വരാനിടയില്ല. ഉപകരണങ്ങൾ ഈ രണ്ടാം ഗ്രന്ഥകത്തിൽ കുറേ കൂടുതൽ എടുത്തിട്ടുണ്ടു്. അതിനാൽ പ്രതിഭാപ്രകാശരസികന്മാരായ മഹാജനങ്ങൾ ഇതിൽ അടങ്ങീട്ടുള്ള കഥാരത്നങ്ങൾക്കും, വേണ്ടുംവണ്ണം പരിശോധിച്ചു വിലവെയ്ക്കുമെന്നു വിശ്വസിക്കുന്നു.

തിരുവനന്തപുരം
൧൦൭൭ കൎക്കടകം ൧൫-ാനു — A. R. Rajarajavarma.

# സംഗതിവിവരം.

1. എന്റെ ആദ്ദ്യത്തെ ഫീസ്സ്.

വിദ്ദ്യാവിനോദിനി.

2. കുറച്ചേ തെററിയുള്ളൂ.

വിദ്ദ്യാവിനോദിനി.

3. അല്ലാ ഈ വിധമോ!

വിദ്ദ്യാവിനോദിനി.

4. മററമ്മയുടെ ഉപദേശം.

രസികരഞ്ജിനി.

5. സ്ത്രീസ്വഭാവമാണിതു്.

വിദ്ദ്യാവിനോദിനി.

6. ഇങ്ങിനെ വരുമെന്നു വിചാരിച്ചില്ല.

വിദ്ദ്യാവിനോദിനി.

7. കയ്മളപ്പന്റെ കല്യാണം.

രസികരഞ്ജിനി.

8. ലക്ഷ്മിക്കുട്ടി (ഒരു കഥയുടെ കഥ)

ശാരദ.

# സമപ്പ്ണം.

---

മഹാമഹിമശ്രീ

കൊച്ചി 11-ാംകൂർ (ഇപ്പോഴത്തെ 9-ാംകൂർ)

# രാമവർമ്മ

അപ്പൻ തമ്പുരാൻ തിരുമനസ്സിലെ

തൃപ്പാദങ്ങളിൽ

ഈ കഥാരത്നമാല ദ്വിതീയ ഗുച്ഛകം

തൃപ്പാദാശ്രിതനായ പ്രകടനാധികൃതൻ

കല്പനപ്രകാരം, സമപ്പിച്ചു കൊള്ളുന്നു.

ബി. വി. ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.

# പീഠിക.

---

ഈ പുസ്തകത്തിലെ മിക്കകഥകളും 'വിദ്യാവിനോദിനി' മുതലായ പ്രസിദ്ധ മാസികകൾ മുഖേന എനിക്ക് ഇതിനു മുമ്പിൽതന്നെ പരിചിതങ്ങളാണ്. ഇവയുടെ കർത്താക്കന്മാരേക്കാൾ സാഹിത്യവിഷയത്തിൽ അല്പമെങ്കിലും കൂടുതൽ പാണ്ഡിത്യം എനിക്കുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ലാത്തതിനാൽ ഇവയുടെ രചനാഗുണത്തെയോ വാചകരീതിയേയോ പററി ഒരു നിരൂപണംചെയ്യാൻ പുറപ്പെടുന്നതിന് എനിക്കു വളരെ ശങ്കയുണ്ട്. ഈവക പുസ്തകങ്ങളെ പ്രസിദ്ധംചെയ്യുന്നതിന് ഉത്സാഹിക്കുന്ന കമ്മിററിക്കാരിലുൾപ്പെട്ട ചില സ്നേഹിതന്മാരുടെ നിർബന്ധത്തെ ആദരിക്കാതിരിക്കാൻശക്തനല്ലായ്കകൊണ്ടുമാത്രം ഞാൻ ഈ പീഠിക എഴുതുന്നതിന് പുറപ്പെടുന്നതാണ്.

ഈ ശ്രമം എത്രയും ശ്ലാഘ്യവും മലയാളഭാഷാഭിമാനികളുടെ അനുഭാവത്തിന് അർഹവും ആയിട്ടുള്ളതുതന്നെ. ഇതിലെ കഥകൾ മനോഹരങ്ങളും അവയുടെ ഭാഷാരീതി സരസവും ആകകൊണ്ട് ഈ ഗ്രന്ഥാവലിയ്ക്കു് വലുതായ പ്രചാരത്തിന് സംശയം കൂടാതെ അവകാശമുണ്ട്.

കഥാരത്നമാല കല്പിതകഥകളെമാത്രം അവലംബിച്ചിരിക്കണമെന്നില്ല. സാധാരണ ചെറുപ്പക്കാർക്കാകട്ടെ പ്രായംചെന്നവർക്കാകട്ടെ അറിവും സന്തോഷവും ഒരേപോലെ കൊണ്ടുതന്നെ കൊടുക്കുന്നതായ കഥാഘട്ടങ്ങൾ രാജ്യചരിത്രങ്ങളിലും ജീവചരിത്രങ്ങളിലുംനിന്ന് ധാരാളമായി എടുക്കാവുന്നതാണ്. ഞാൻ അഭിപ്രായപ്പെടുന്നതുപോലെയുള്ള കഥകൾ സ്വയമേവ എഴുതുന്നതിന് ഈ ഗുച്ഛകത്തിലെ കഥകളുടെ കർത്താക്കന്മാർക്കുതന്നെ സാമർത്ഥ്യവും പാണ്ഡിത്യവും ഉണ്ടെന്നുള്ളതിന് സംശയമില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസത്തിൻെറ അഭിവൃദ്ധിയുടെ സ്ഥിതിക്ക് എൻെറ ഈ താഴ്മയായ അഭിപ്രായത്തെ സ്വീകരിക്കുന്നതിന് കമ്മിററിക്കാർക്ക് അധികം വിഷമം ഉണ്ടായിരിക്കയില്ല. മേല്പറയപ്പെട്ടഅഭിവൃദ്ധിയ്ക്കു് സാക്ഷ്യമായിട്ടുള്ള "കഥാരത്നമാല" പ്രസിദ്ധീകരണശ്രമത്തിന് സകലവിജയത്തേയും ആശംസിക്കുന്നു.

തിരുവനന്തപുരം<br>
൧൦൮൫-ാമാണ്ട്

സി. വി. രാമൻപിള്ള.

# *കഥാരത്നമാല.

## ദ്വിതീയഗുച്ഛകം.

### (രണ്ടാംഭാഗം)

---

## എൻെറ ആദ്യത്തെ ഫീസ്.

ഞാൻ വക്കീൽപരീക്ഷ ജയിച്ചു രാമപുരം ജില്ലാക്കോടതിക്കു സന്നതുവാങ്ങി ഇവിടെ ഇരിപ്പായിട്ട് ഇപ്പോൾ ഏകദേശം പതിനേഴുകൊല്ലമായി. കോൎത്തി ഒന്നുകീഴ്മേൽ മറിച്ചുകളയാമെന്ന വിചാരത്തോടുകൂടിയാണ് ഞാൻ ആദ്യം വക്കീൽമാരുടെ ഇടയിൽ ചെന്നിരുന്നത്. അമ്മയുടേയും ജ്യേഷ്ഠൻേറയും അഭിപ്രായവും ഇതുതന്നെ ആയിരുന്നു. 'നമ്മുടെ ശങ്കരക്കുട്ടിയെ കണ്ടാൽ പിന്നെ കക്ഷികൾ മററുവല്ലവൎക്കും കേസു കൊടുക്കുമോ?' എന്നായിരുന്നു അവരുടെ വിചാരം. എന്നാൽ എൻെറയും അവരുടേയും അഭിപ്രായത്തോടുകൂടി കക്ഷികൾ യോജിച്ചിരുന്നില്ലെന്നും ഏറെത്താമസിയാതെ എനിക്കു മനസ്സിലായിത്തുടങ്ങി. കുപ്പായവും തലപ്പാവും മററുമായിട്ടു ചെന്നിരുപ്പായിട്ട് ആറേഴു മാസമായി എങ്കിലും കക്ഷികൾക്ക് ഇങ്ങിനെ ഒരുത്തൻ ഇവിടെ ഇരിക്കുന്നുണ്ടെന്നുള്ള നാട്യം തന്നെയില്ല. അവരുടെ ഭാവം കണ്ടാൽ കോടതിയിൽ മേശ, കസാല മുതലായവയുടെ കൂട്ടത്തിൽ എന്തോ ഒരു സാധനമാണ്, ഞാൻ; വ്യവഹാരം നടത്തുന്നതിന്ന് ഉപകാരമൊന്നുമില്ലെന്നു തോന്നിപ്പോകും. ഇങ്ങിനെ കുറേ കഴിഞ്ഞപ്പോൾ എനിക്കു ബുദ്ധിക്ഷയം ഉണ്ടായില്ലെന്നില്ല. എങ്കിലും തറവാട്ടിൽ സാമാന്യം സ്വത്തുണ്ടായിരുന്നതുകൊണ്ടും ഞാൻ അമ്മയുടേയും കാരണവരായ ജ്യേഷ്ഠൻെറയും കണ്ണിലുണ്ണിയായിരുന്നതുകൊണ്ടും വക്കീൽഫീസുകൂടാതെ ഉപജീവനം അസാദ്ധ്യമായിരുന്നില്ല.

ഇങ്ങിനെ ഏഴുമാസം കഴിഞ്ഞു. അതിൻെറ ശേഷം ഒരു ദിവസം സന്ധ്യാസമയത്ത്, ഞാൻ വൎത്തമാനക്കടലാസ്സു വായിച്ചുംകൊണ്ടു ചാരുകസാലയിൽ കിടക്കുമ്പോൾ ഒരു വാലിയക്കാരൻ അകത്തുകടന്നു വന്നു— പൂങ്കുന്നത്തു കല്യാണിയമ്മ അവിടുത്തോളം ഒന്നു വന്നേച്ചുപോയാൽ കൊള്ളാമെന്നു പറഞ്ഞു.

---

* ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം.

ഞാൻ—പൂങ്കുന്നത്തു കല്യാണിയമ്മയോ?

വാലിയക്കാരൻ—അതേ.

ഞാൻ—എന്തിനാണെന്നു വിവരമുണ്ടോ?

വാലി—ഇല്ല. വേറേ ബുദ്ധിമുട്ടൊന്നുമില്ലെങ്കിൽ ഇപ്പോൾതന്നെ വന്നാൽ കൊള്ളാമെന്നാണ് പറഞ്ഞത്.

പൂങ്കുന്നത്തു കല്യാണിയമ്മ പെൻഷ്യൻ മുൻസിപ്പ് അമ്പലപ്പാട്ട് ഗോപാലമേനോൻെറ ഭാര്യയാണ്. ഞാൻവക്കീലായിരുന്ന ഉടനെ രണ്ടു കുറി അദ്ദേഹത്തെ കാൺമാൻ പോയപ്പോൾ ആ സ്ത്രീ അവിടെ ഉണ്ടായിരുന്നില്ല. കോടതി പൂട്ടിയിരിക്കുമ്പോൾ അദ്ദേഹം പക്ഷവാതത്താൽ മരിക്കുകയും ചെയ്തു. ഞാനായിട്ട് ഒരു പരിചയവുമില്ലാത്ത കല്യാണിയമ്മ അങ്ങോട്ടു ചെല്ലുവാൻ പറഞ്ഞയച്ചു എന്നു കേട്ടപ്പോൾ ഞാൻ നന്നേ പരുങ്ങി. കാര്യം എന്താണെന്ന് അറിഞ്ഞാൽ കുറേഭേദമുണ്ടായിരുന്നു എങ്കിലും ഒരു സ്ത്രീയുടെ ആവശ്യമല്ലേ? മരിച്ചുപോയ ഗോപാലമേനോൻ മുൻസിപ്പിനേയും ഓർക്കണമല്ലോ. അദ്ദേഹം എൻെറ പേരിൽ വളരെ പ്രീതി ഭാവിച്ചിരുന്നു. എന്നെല്ലാം വിചാരിച്ച് അപ്പോൾതന്നെ കല്യാണിയമ്മയുടെ വീട്ടിലേയ്ക്കു പുറപ്പെട്ടു. ആ സ്ത്രീ എൻെറ വരവു കാത്തുംകൊണ്ടു പുറത്തുവന്നു നിൽക്കയായിരുന്നു. എന്നെ കണ്ടപ്പോൾ വളരെ സന്തോഷവും ആദരവും ഭാവിച്ച് അകത്തു കൊണ്ടുപോയി ഇരുത്തി.

കല്യാണിയമ്മയെ ഞാൻ ആദ്യം കാണുകയാണ്. മുൻസിപ്പിനെ കാൺമാൻ പോയപ്പോൾ അവർ അവിടെ ഉണ്ടായിരുന്നില്ലെന്നു പറഞ്ഞുവല്ലോ. കല്യാണിയമ്മയ്ക്ക് അന്നു നാല്പതുവയസ്സിൽ അധികമായിട്ടില്ല. പ്രഥമദൃഷ്ടിയിൽ മുപ്പതിൽ അധികം തോന്നുകയുമില്ല. സാമാന്യമായ സൌന്ദര്യവും അസാമാന്യമായ വൈഭവവും ഉള്ള ഒരു സ്ത്രീയായിരുന്നു. കല്യാണിയമ്മയോടു ക്ഷണനേരം സംസാരിച്ചാൽ ഏവനും അവരുടെ കൂറുകാരനായി പോകുമെന്ന് എനിക്കു രണ്ടുനിമിഷം കൊണ്ട് അനുഭവമായി. എന്നെ വരുത്തിയത് എന്തിനാണെന്നറിവാൻ എനിയ്ക്കു വളരെ ബുദ്ധിമുട്ടു തോന്നിത്തുടങ്ങി. എങ്കിലും അവർ ആ കാര്യമൊന്നും പറയാതെ വേറെ ചിലതാണ് പറഞ്ഞുതുടങ്ങിയത്.

കല്യാണിയമ്മ—ഇവിടെ രണ്ടു കുറി വരികയുണ്ടായി- ഇല്ലേ? ആ സമയങ്ങളിൽ നിർഭാഗ്യത്താൽ ഞാൻ ഇവിടെ ഉണ്ടായിരുന്നില്ല.

ഞാൻ—എൻെറയാണ് നിർഭാഗ്യം.

കല്യാണി— എയ്, അങ്ങിനെയല്ല. അദ്ദേഹത്തിനു് ആദ്യം കണ്ടതുമുതൽക്ക നിങ്ങളെ നന്നേ ബോദ്ധ്യമായി. ഒരുദിവസമെങ്കിലും നിങ്ങളുടെ വൎത്തമാനം പറയാതെയില്ല. 'ശങ്കരൻകുട്ടിമേനൊ കല്യാണി കണ്ടിട്ടില്ലല്ലോ. ആ കുട്ടി കുറേ കേമനാവാനുള്ളവനാണ' എന്നു് അദ്ദേഹം എപ്പോഴും പറയും.

മുഖസ്തുതി അപ്രിയമായിട്ടുള്ളവരുണ്ടോ എന്നു് അറിഞ്ഞില്ല. പ്രത്യേകിച്ചു അതു് ഒരു സുന്ദരമായ സ്ത്രീമുഖത്തുനിന്നു പുറപ്പെടുന്നതായാൽ അതിൽ ലയിക്കാത്തവരുണ്ടെങ്കിൽ ഞാൻ ആ കൂട്ടത്തിലുള്ളവനല്ലെന്നു സമ്മതിച്ചേയ്ക്കാം. കല്യാണിയമ്മയുടെ വാക്ക കേട്ടപ്പോൾ അവൾക്കുവേണ്ടി എന്തുചെയ്യുന്നതിനും ഞാൻ സന്നദ്ധനായി കഴിഞ്ഞു.

ഞാൻ— അദ്ദേഹത്തിന്നു് അങ്ങിനെ തോന്നിയതു എൻെറ ഭാഗ്യം എന്നല്ലാതെ എനിയ്ക്കു് അതിന്നു തക്കയോഗ്യതയുണ്ടായിട്ടല്ലെന്നു നിശ്ചയംതന്നെ. കഷ്ടം! ഇതയോഗ്യനായിട്ടുള്ള അദ്ദേഹം പോയ്പോയല്ലോ. നാട്ടുകാരുടെ ഭാഗ്യക്ഷയം.

കല്യാണി— നാട്ടുകാരുടേയോ? എൻെറ ഭാഗ്യമില്ലായ്മ; എന്നു പറഞ്ഞപ്പോഴേക്കും കണ്ണുനീർ പ്രവാഹമായി ഒഴുകി തേങ്ങിക്കരഞ്ഞുതുടങ്ങി കാൎയ്യം ദുർഘടമായല്ലോ. മനസ്സിൻെറ ദൌർബ്ബല്യംകൊണ്ടോ, ആർദ്രതകൊണ്ടോ, എന്നറിഞ്ഞില്ല, എനിയ്ക്ക കണ്ണുനീർ കാണാ കവയ്യാ. അതു കല്യാണിയമ്മയെപ്പോലുള്ള ഒരുസ്ത്രീയുടെ കണ്ണിൽനിന്നും വീഴുന്നതാകുമ്പോൾ പറവാനില്ലല്ലോ. അതുകൊണ്ടു് എൻെറ കാൎയ്യംകുറേ പരുങ്ങലിലായിട്ടു ഞാൻ ഒന്നും മിണ്ടാതെ വശായി. അല്പസമയംകൊണ്ടു് കല്യാണിയമ്മ ദുഃഖം അടക്കി ഇങ്ങനെ പറഞ്ഞു. 'എൻെറ ചാപല്യംകൊണ്ടു നിങ്ങൾക്ക വലിയ ശല്യമായി. എല്ലാ സംഗതികളും ഓൎത്തപ്പോൾ എനിക്കു സഹിക്കവയ്യാതായി. എൻെറ വൎത്തമാനങ്ങളെല്ലാം കേട്ടാൽനിങ്ങൾ ക്ഷമിക്കാതിരിയ്ക്കില്ല.'

കല്യാണിയമ്മ വൎത്തമാനങ്ങളെല്ലാം വിസ്തരിച്ചു പറഞ്ഞു. അവർവ്യസനത്താൽ കൂടെക്കൂടെ കരഞ്ഞും ഇടമുറിച്ചും പറഞ്ഞതാകകൊണ്ടു് അതെല്ലാം അവരുടെവാക്കായിട്ടുതന്നെ ഇവിടെചേൎക്കുന്നതിന്നു് സ്ഥലം പോരാ. അതുകൊണ്ടു് അതിൻെറ ഒരു സംക്ഷേപത്തെ മാത്രം താഴെ ചേൎക്കുന്നു.

കല്യാണിയമ്മ ഒരു നല്ല തറവാട്ടിൽ ജനിച്ചവളാണെങ്കിലും ഒരു കാരണവരുണ്ടാക്കിയ കടം ഹേതുവായിട്ടു ചെറുപ്പത്തിൽതന്നെ ദാരിദ്ര്യത്തിൽ അകപ്പെട്ടു മുതലെല്ലാം ജപ്തിചെയ്തു വിററയുടനെ കാരണവർ മരിച്ചു. കല്യാണിയമ്മയും അവരുടെ അമ്മയും മാത്രമായി വശായി. അങ്ങിനെയിരിക്കുമ്പോളാണ് ഗോപാലമേനോൻ മുൻസിപ്പ് അവൾക്ക് സംബന്ധം തുടങ്ങിയതു്. അതിൻെറശേഷം അവൾക്ക് ദാരിദ്ര്യംകൊണ്ടുള്ള ശല്യമൊന്നും ഉണ്ടായിട്ടില്ലെന്നു പറയേണ്ടതില്ലല്ലോ. ഇപ്പോൾ താമസിക്കുന്ന ഭവനം മുൻസിപ്പ് പണിയിച്ചുകൊടുത്തതാണ്. അതിനു പുറമേ പതിനയ്യായിരം ഉറുപ്പികയ്ക്കു വസ്തുക്കൾ വാങ്ങിക്കൊടുത്തിട്ടുണ്ടു്. നാലയ്യായിരം ഉറുപ്പിക കൈമുതലായും അത്യാവശ്യം വേണ്ടുന്ന പണ്ടങ്ങളും പാത്രങ്ങളുംകൂടി അദ്ദേഹം അവൾക്ക് കൊടുത്തിട്ടുണ്ടു്. കല്യാണിയമ്മ അഞ്ചു പ്രസവിച്ചു എങ്കിലും ഞാൻ അവിടെ പോയപ്പോൾ രണ്ടു മക്കൾ മാത്രമേയുണ്ടായിരുന്നുള്ളൂ. മൂത്തതു പതിനാറുവയസ്സു പ്രായത്തിൽ അമ്മുക്കുട്ടി എന്നു പേരായ ഒരു മകളും മറേറതു് ഏഴെട്ടുവയസ്സായ ബാലകൃഷ്ണൻ എന്ന ഒരു മകനും ആയിരുന്നു. ശേഷം മൂന്നു കുട്ടികളും ശൈശവത്തിൽതന്നെ മരിച്ചുപോയി.

മുൻസിപ്പ് മരിയ്ക്കുന്നതിനു കുറേ ദിവസം മുമ്പിൽ ഏകദേശം പതിനോരായിരം ഉറുപ്പിക വിലയുള്ള ഒരു വസ്തു അദ്ദേഹത്തിൻെറ പേരിലുണ്ടായിരുന്നതു കല്യാണിയമ്മയ്ക്കു തീറു കൊടുത്തു. അതിൽ അദ്ദേഹത്തിൻെറ മൂത്ത മരുമകൻ കുഞ്ഞികൃഷ്ണമേനോൻ സമ്മതിച്ചെഴുതുകയും രണ്ടാമത്തെ മരുമകൻ കുട്ടുണ്ണിമേനോൻ കയ്യെഴുത്തു വെയ്ക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. മൂന്നു പുള്ളികൾക്കു കൂടി ആ വസ്തു പാട്ടത്തിനുകൊടുത്തു പാട്ടശ്ശീട്ടുകൾ കല്യാണിയമ്മയുടെ പേരിൽ എഴുതി വാങ്ങിയിരുന്നു. ആ ആധാരവും ശീട്ടുകളും ആയിരം ഉറുപ്പികയ്ക്കു വീരപ്പ പട്ടരുടെ കയ്യിൽനിന്നു് എഴുതി വാങ്ങിയിരുന്ന ശീട്ടുംകൂടി കെട്ടിവെച്ചിരുന്നതു് ഇന്നലെ പെട്ടിതുറന്നു നോക്കിയപ്പോൾ കണ്ടില്ല. ഇതിന്നു എന്താണ് ചെയ്യേണ്ടതെന്നു് ആലോചിപ്പാനാണ് എനിയ്ക്കു അവളെ അയച്ചതു്.

കല്യാണി—ചുരുങ്ങിയ വല്ല സംഖ്യയാണ് നഷ്ടംവന്നതെങ്കിൽ സഹിയ്ക്കായിരുന്നു. അദ്ദേഹം മരിച്ചയുടനെ മരുമക്കളോടു വ്യവഹരിപ്പാൻ പുറപ്പെടുന്നതിനു വളരെ മടിയുണ്ടു്. മിണ്ടാതിരുന്നാൽകുട്ടികൾ പട്ടിണിയാവും...

ഞാൻ—മരുമക്കൾ പററിച്ചതാണെന്നു് എന്താ നിശ്ചയം?

കല്യാണി—അതു ഞാൻ പറയാൻ മറന്നു. അദ്ദേഹംമരിച്ചിട്ടു മൂന്നുമാസമായി എങ്കിലും ആധാരം കളവു ചെയ്ത വിവരം ഇന്നലെയേ അറിഞ്ഞുള്ളു. മൂന്നുപാട്ടക്കാരുള്ളതിൽ ഒരുത്തൻ ഇക്കോരൻ എന്നൊരുഈഴവനാണ്. അവൻ ഇന്നലെ ഇവിടെ വന്നു കുഞ്ഞികൃഷ്ണമേനോൻ പാട്ടശ്ശീട്ടു മാറിഎഴുതിതരണമെന്നും അവൻഅതിനു തക്കം പറഞ്ഞപ്പോൾ ഒന്നും മിണ്ടാതെ മാറി എഴുതി കൊടുത്താൽ അവനു് ഇരുനൂറു ഉറുപ്പിക കൊടുക്കാമെന്നും പറഞ്ഞു് എന്നു പറഞ്ഞപ്പോഴാണ്, സംശയം തോന്നി പെട്ടി തുറന്നു നോക്കിയതും വിവരം മനസ്സിലായതും. അദ്ദേഹം മരിയ്ക്കാറായപ്പോഴത്തെ ലഹളയിൽ അവർ ആധാരം തട്ടിക്കൊണ്ടുപോയതാണ്, സംശയമില്ല.

ഞാൻ—ഈ വസ്തു തീറുതന്ന വിവരംആരും അറിഞ്ഞിട്ടില്ലേ?

കല്യാണി—ഇല്ല, ഗൂഢമായിട്ടാണ് കാര്യം നടത്തിയതു്.

ഞാൻ—ആധാരത്തിലെ സാക്ഷിക്കാരും അറിഞ്ഞിട്ടില്ലേ?

കല്യാണി—അതുവ്വ്. വീരശ്ശൂപ്പുപ്പട്ടരും പാട്ടക്കാരിൽഉണ്ണാമൻ നായരു് എന്നൊരാളുമാണ് സാക്ഷി. അവരെ ഇന്നലെ വരുത്തി ചോദിച്ചപ്പോൾ അവരൊന്നുമറിഞ്ഞിട്ടില്ലെന്നാണ് പറഞ്ഞതു്. വീരശ്ശൂപ്പുവിൻെറ എടവാട്ടു് അദ്ദേഹമുള്ളപ്പോൾ തന്നെ തീൎത്തു എന്നു പറഞ്ഞു.

ഞാൻ—മരുമക്കൾ പറ്റിച്ചതാണ്, സംശയമില്ല. അവരിത്ര തെമ്മാടികളാണില്ലേ? ഇത്ര മൎയ്യാദക്കാരനായ അമ്മാവനു ഇങ്ങിനത്തെ മരുമക്കളുണ്ടായതു അത്ഭുതം തന്നെ.

കല്യാണി—അദ്ദേഹത്തിനു അവരെ ഒട്ടും വിശ്വാസം ഉണ്ടായിരുന്നില്ല. എന്നാൽ ഞാൻ അവരോടുനന്നേ യോകിയമായിട്ടാണ് കഴിഞ്ഞു വന്നതു്. അവൎക്കു് അപ്രിയമായിട്ടു് എന്തെങ്കിലും പറകയോ പ്രവൎത്തിയ്ക്കയോ ഈ വയസ്സിനിടയ്ക്കു് ഉണ്ടായിട്ടില്ല. അതട്ടെ, അതൊക്കെ പറഞ്ഞിട്ടു കാൎയ്യമില്ലല്ലോ. എന്താണിനിചെയ്യേണ്ടതു്?

ഞാൻ—(അല്പം ആലോചിച്ചിട്ടു്) ഞാൻ ഇതുവരെ കേട്ടേടത്തോളം അവരു പഴുതൊക്കെ അടിച്ചിട്ടാണ് കാൎയ്യം പറ്റിച്ചിട്ടുള്ളതു്. കുറേ പഴക്കവും സാമൎത്ഥ്യവുമുള്ള വക്കീലിനോടു് ആലോചിക്കയാണ് മുമ്പിൽവേണ്ടതു്.

കല്യാണി—അതുഞാൻ വിചാരിച്ചിട്ടില്ല. ശങ്കരക്കുട്ടിമേനോൻതന്നെഇതിനു നിവൃത്തിയുണ്ടാക്കണം. അദ്ദേഹം ഇപ്പോൾ ഉണ്ടെങ്കിൽ ഈ കാര്യം നിങ്ങളെയല്ലാതെ മററാരേയും ഏല്പിക്കയില്ല. അതുതന്നെയാണ് എന്റെ വിശ്വാസം...

ഞാൻ—ഞാൻ ഇതിനുമുമ്പിൽ വ്യവഹാരമൊന്നും നടത്തിയിട്ടില്ല. ഇതൊരു ചില്ലറകാര്യവുമല്ല. അതുകൊണ്ട് ഒരു പഴക്കമുള്ള ആളെ ഏല്പിക്കുന്നതാണ് നല്ലത്. ഇതെന്റെ ആദ്യത്തെ കേസ്സായതുകൊണ്ടാണ് ഞാനിങ്ങനെ പറയുന്നത്...

എന്നു പറഞ്ഞപ്പോൾ..... 'പഴക്കമുള്ള വക്കീൽമാരു് ആദ്യത്തെകേസ്സ് കൂടാതെകണ്ടാണോ പിന്നത്തെ കേസ്സുകൾനടത്തിത്തുടങ്ങിയത്?' എന്നു മധുരസ്വരത്തിൽ വളരെ ചൊടിയോടുകൂടി പിന്നിൽനിന്നു് ഒരാൾ ചോദിയ്ക്കുന്നതു കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ കണ്ട കാഴ്ചയിൽ ഞാൻ കല്യാണിയമ്മയുടെ വ്യസനവർത്തമാനവും മുൻസിപ്പിന്റെ മരുമക്കളുടെ ദുർവൃത്തും എന്റെ അധൈര്യവും മററുമെല്ലാം തീരെ മറന്നുപോയി: വാതിൽചാരി അറേഴുവയസ്സായ ഒരു ആൺകുട്ടിയുടെ തോളിൽ കൈവച്ചുകൊണ്ടു് പൂർണ്ണയൌവനയായ ഒരു സ്ത്രീ അല്പം ലജ്ജാസംഭ്രമത്തോടും മന്ദഹാസത്തോടും കൂടി നില്ക്കുന്നതു കണ്ടു. കുറച്ചുനേരം എന്റെ ദൃഷ്ടി നിമേഷരഹിതമായി അവളിൽ തന്നെ പതിഞ്ഞു. ഞാൻ നിശ്ചലനായിരുന്നുപോയി. ഞങ്ങൾ രണ്ടുപേരും ഒന്നുംമിണ്ടാതെ പരുങ്ങുന്നതു കണ്ടു കല്യാണിയമ്മ—'എന്റെകുട്ടികളാണിതു: അമ്മുക്കുട്ടിയും ബാലകൃഷ്ണനും' എന്നുപറഞ്ഞു അവരെ വിളിച്ചു് അടുക്കലിരുത്തി. സാധാരണയായി ഏതു സഭയിലും പരിഭ്രമലേശം ഇല്ലാത്ത എനിയ്ക്കു് അമ്മുക്കുട്ടിയെ കണ്ടതിന്റെശേഷം കുറേപരുങ്ങൽ വന്നുകൂടി. 'ശങ്കരക്കുട്ടിമേനെ നിങ്ങളറിയോ' എന്നു കല്യാണിയമ്മ കുട്ടികളോടു ചോദിച്ചപ്പോൾ 'അച്ഛന്റെ ശങ്കരമേനോ ഇതു—' എന്നു ബാലകൃഷ്ണനും 'ഞാനറിയും' എന്നു നിശ്ശങ്കമായി അമ്മുക്കുട്ടിയും മറുവടി പറഞ്ഞപ്പോൾ എന്റെ പരിഭ്രമം അധികമാവുകയാണു് ചെയ്തതു്. മുൻസിപ്പിനു് എന്നെ വളരെ ബോദ്ധ്യമായിരുന്നു എന്നു കല്യാണിയമ്മ പറഞ്ഞതു ഭംഗിവാക്കായിരിയ്ക്കുമെന്നാണു് ഞാൻ വിചാരിച്ചിരുന്നതു്. ഈ കുട്ടികളുടെ വാക്കുകൊണ്ടു് അതങ്ങിനെ ല്ലെന്നു തീർച്ചയായി. അമ്മുക്കുട്ടിയെ ഞാൻ ഇതിന്നു മുമ്പിൽ കണ്ടിട്ടില്ലാത്ത അവസ്ഥയ്ക്കു് ആ സ്ത്രീയുടെ വാക്കുകേട്ടു് എനിയ്ക്കു് കുറേ അത്ഭുതമുണ്ടായിട്ടു ഞാൻ ഇങ്ങിനെ ചോദിച്ചു.

'എ' അതെങ്ങിനെയാണു്?—ഞാൻ നിങ്ങളെ കണ്ടിട്ടില്ലല്ലോ.'

അമ്മു.....എന്നാലേ എനിയ്ക്കുങ്ങോട്ടു കണ്ടുകൂടു എന്നുണ്ടോ?

കല്യാണി—(വാത്സല്യത്തോടുകൂടി) അധികപ്രസംഗമല്ലാതെ വായിൽനിന്നു പുറപ്പെടില്ലല്ലോ—അച്ഛൻ വല്ലാതെ ലാളിച്ചിട്ടാണ് ഇങ്ങനെയായതു്.

അമ്മുക്കുട്ടി പറഞ്ഞതു് അധികപ്രസംഗമാണെന്നു് എനിയ്ക്കു ഒട്ടും തോന്നിയില്ല. അവളുടെ വാക്കിൽ അസാധാരണമായ സ്വാരസ്യമുള്ളതായിട്ടാണ് എനിയ്ക്കു് തോന്നിയതു്.

അമ്മു—ഞാൻ അധികപ്രസംഗമല്ലാ പറഞ്ഞതു്. പ്രമാണികളായിട്ടുള്ളവരെ എല്ലാവരും അറിയും. പ്രമാണികൾ നിസ്സാരന്മാരെച്ചോദിച്ചറിയുന്നതു ചുരുക്കമാണ് താനും.

ഞാൻ—ഞാൻ പ്രമാണികളുടെ കൂട്ടത്തിലോ? നടാടേകേൾക്കയാണതു്.

അമ്മു—യഥാൎത്ഥമായിട്ടു യോഗ്യതയുള്ളവൎക്കു് അഹംഭാവമുണ്ടാവില്ല അതുകൊണ്ടാണിങ്ങിനെ തോന്നുന്നതു്.

ഞാൻ—(ചിരിച്ചുംകൊണ്ടു് കല്യാണിയമ്മയോടു) നിങ്ങടെ കേസ്സു കോടതിയിൽ കേറുന്നപക്ഷം വക്കീൽ നാമം അമ്മുക്കുട്ടിയ്ക്കു കൊടുക്കയാണ് നല്ലതു്.

കല്യാണി—അട്ടേ, അതൊക്കെയിരിയ്ക്കട്ടെ, ഇവളുടെ അധികപ്രസംഗം അവസാനിയ്ക്കില്ല. നമ്മുടെ കാൎയ്യത്തിന്നെന്താണിനി ചെയ്യേണ്ടതു്?

ഞാൻ—തൽക്കാലം ഒരു വഴിയും തോന്നുന്നില്ല. ഞാനൊന്നാലോചിയ്ക്കട്ടേ, നാളെയും ഇങ്ങോട്ടേറങ്ങാം. അപ്പോളെൻെറ അഭിപ്രായം പറയാം.

കുറെനേരം ഇങ്ങിനെ സംസാരിച്ചുംകൊണ്ടിരുന്നിട്ടു പിന്നെ ഞാൻ യാത്രപറഞ്ഞുപോന്നു.

ഞാൻ കല്യാണിയമ്മയെ കണ്ടു പോരുന്ന വഴിയ്ക്കുണ്ടായ വിചാരങ്ങൾ പല മാതിരിയും ചിലതു് അന്യോന്യവിരുദ്ധങ്ങളുമായിരുന്നു. അദ്യമായി ഒരു കേസ്സുകിട്ടിയതിനെക്കുറിച്ചു എനിയ്ക്കു് അസാമാന്യമായ സന്തോഷം ഉണ്ടായി. അങ്ങിനെ കിട്ടിയതു് ഒരു എണ്ണപ്പെട്ട കേസ്സായിരുന്നതുകൊണ്ടും ഒരു പേർ സമ്പാദിപ്പാൻ വകയുള്ളതായിരുന്നതുകൊണ്ടും ആ സന്തോഷത്തിന്നു സവിശേഷമായ പ്രാബല്യവും സിദ്ധിച്ചു. അതോടുകൂടി കല്യാണിയമ്മയുടെ കഷ്ടാവസ്ഥയെക്കുറിച്ചു വളരെ വ്യസനവും അതിൽ നിന്നു നിവൎത്തിപ്പാൻ എന്നാൽ അസാദ്ധ്യമായി വന്നേയ്ക്കുമോ എ

ന്നുള്ള ഭയവും എൻെറ മനസ്സിനെ വല്ലാതെ ചലിപ്പിച്ചു. ഈ വിചാരങ്ങളുടെ ഇടയിലെല്ലാം സാരസ്യവും സൌകുമാൎയ്യവും കിടന്നു് ജ്വലിക്കുന്ന ഒരു മുഖം കളിച്ചുകൊണ്ടും ഇരുന്നു- ഏതു സംഗതിയെക്കുറിച്ചു് വിചാരിച്ചാലും ആ മുഖത്തിൻെറ ഓൎമ്മ ആ വിചാരത്തെ മുഴുവനാക്കുവാൻസമ്മതിച്ചില്ല. മനസ്സിൻെറഈഅനന്യനിരതയെക്കുറിച്ചുഞാൻ ആദ്യം കുറെ അത്ഭുതപ്പെട്ടു. കുറെ കഴിഞ്ഞപ്പോളാണു് അതിൻെറ കാരണംമനസ്സിലാക്കിയതു്. പ്രബലമായുംഅഭേദ്യമായുംഉള്ള പ്രഥമാനുരാഗത്തിൻെറ വികൃതിയാണു് ഇതെന്നറിഞ്ഞപ്പോൾ ഞാൻ മററുവിചാരങ്ങളെല്ലാം കെട്ടിവച്ചു് അമ്മുക്കുട്ടിയെ കുറിച്ചുമാത്രംവിചാരിയ്ക്കു എന്ന പരമാനന്ദം അനുഭവിപ്പാൻ മനസ്സിനെ അനുവദിച്ചു.

എൻെറഹൃദയത്തെ പ്രഥമദൎശനത്തിൽതന്നെ ഇങ്ങനെഅപഹരിയ്ക്കുന്നതിനു വേണ്ടുന്ന യോഗ്യതയുണ്ടായ ആസ്ത്രീയുടെ ആകൃതിയെക്കുറിച്ചു് അറിയുവാൻ വായനക്കാൎക്കു് ആഗ്രഹമുണ്ടായിരിക്കാം. പ്രത്യവയവമായി നോക്കിയാൽ ആ ദേഹത്തിനു വിശേഷസൌന്ദൎയ്യമൊന്നുമല്ല. വൎണ്ണത്തിനു വിശേഷഗുണമൊന്നുമില്ലെങ്കിലും ഇരുനിറത്തിൽ അല്പം മേലെയാണു്. തലയ്ക്കു വലിപ്പം സാധാരണയിൽ കുറച്ചു അധികവും നെററി അല്പം പുറത്തോട്ടു തള്ളിയും ആകുന്നു. കണ്ണു കുറച്ചു കുണ്ടിലാണെങ്കിലും അതിന്നു നല്ല ജീവനുണ്ടു്. കവിൾത്തടം ഭംഗിയിൽ ഉരുണ്ടതും താടി ചെറിയതും അല്പം കൂൎത്തതുമാകുന്നു. സംസാരിക്കുമ്പോഴും ചിരിയ്ക്കുമ്പോഴും തൊണ്ണുകൾ കുറേ അധികം കാണാമെങ്കിലും പല്ലിനു് അസാമാന്യമായ ഭംഗിയുണ്ടു്. തലമുടി അതിധാരാളം. എന്നാൽ ഇതൊന്നുമല്ല, എൻെറ മനസ്സിനെ ആകൎഷിച്ചതു് എന്നാണെൻെറതോന്നുന്നതു്. മുഖത്തിൻെറ ഭാവവിശേഷംകൊണ്ടാണു്, പ്രത്യംഗസൌന്ദൎയ്യംകൊണ്ടല്ല അമ്മുക്കുട്ടിയുടെ വശീകരണം. ആകപ്പാടെയുള്ള സൌകുമാൎയ്യവും സാരസ്യവും ദൃഷ്ടിവിക്ഷേപത്തിൻെറ ചൊടിയും ചിരിയ്ക്കുന്നസമയത്തുള്ള ഭംഗിയും മുഖപ്രസാദവും മധുരമായ നുണക്കുഴിയും വാക്കിൻെറ സാമൎത്ഥ്യവും സ്വരത്തിൻെറ മാധുൎയ്യവും മററുമെല്ലാംകൂടിയാണു് അമ്മുക്കുട്ടിയ്ക്കു അസാമാന്യമായ ഒരു ആകൎഷകത്വം ഉണ്ടാക്കുന്നതു്.

ഈ വിഷയത്തെക്കുറിച്ചു കുറച്ചുനേരം ഏകാഗ്രചിത്തനായി വിചാരിച്ചപ്പോഴേയ്ക്കു് അമ്മുക്കുട്ടിയെ ഭാൎയ്യയാക്കുവാൻ സാധിയ്ക്കാഞ്ഞാൽ എൻെറ ജന്മം വെറുതെയാണെന്നുള്ളടത്തോളം തീൎച്ചയാക്കി. കല്യാണിയമ്മയുടെ ആദരവുകൊണ്ടുംമററും നോക്കിയപ്പോൾ അവൎക്കു ഇക്കാൎയ്യത്തിൽ വളരെ വിരോധമുണ്ടാകയില്ലെന്നു് എനിയ്ക്കു ഒരു സമാധാനമുണ്ടായിരുന്നു. പക്ഷെ, ഒരു ദുൎഘടം ഉണ്ടു്. എന്നെ

ഏല്പിച്ചിരിക്കുന്ന കാൎയ്യം അവൎക്ക് സാധിപ്പിച്ചു കൊടുക്കാൻ എന്നെക്കൊണ്ടു കഴിഞ്ഞില്ലെങ്കിൽ, തന്റെ മകളെ എനിക്കു തരേണമെന്ന് അവരോട് ചോദിക്കുന്നത് എന്റെ പൌരുഷത്തിന്ന് കുറവാണ്. കാൎയ്യം സാധിച്ചാൽ ചോദിക്കുന്നതിന്നവകാശമായി. എന്നുതന്നെയുമല്ല. അവർ അനുവദിക്കുന്നതിന്നും എളുപ്പമായി. അതുകൊണ്ടു മുൻസിപ്പിന്റെ മരുമക്കളെക്കൊണ്ടു വസ്തു കല്യാണിഅമ്മയ്ക്കു തിരികെ കൊടുപ്പിക്കാതെ ഈ കാൎയ്യത്തിൽനിന്ന് ഞാൻ പിൻവാങ്ങുകയില്ലെന്ന് തീൎച്ചയാക്കി, അതിന്നുള്ള വഴികൾ ആലോചിച്ചുതുടങ്ങി.

എനിക്കു വക്കീൽപ്പണിയിൽ പത്തുകൊല്ലത്തെ പഴക്കമുണ്ടായിരുന്നുവെങ്കിൽ കാൎയ്യത്തിന്നു വളരെ എളുപ്പമുണ്ടായിരുന്നു. കല്യാണിയമ്മയുടെ അവകാശം സ്ഥാപിക്കുന്നതിന്നുവേണ്ട രേഖകൾ നാലുനാഴികകൊണ്ട് സൃഷ്ടിക്കാമായിരുന്നു. എന്നാൽ ഒരു മൎയ്യാദയുള്ള തറവാട്ടിൽ വളൎന്നവനും ഒരു പുതിയ വക്കീലുമായിരുന്നതുകൊണ്ട് ആ വഴി എനിക്ക് തോന്നുകതന്നെ ഉണ്ടായില്ല. മരുമക്കൾക്കു നിലയില്ലാത്ത വിധത്തിൽ ന്യായമായ തെളിവു കൊണ്ടുവരുന്നതിന്നുള്ള വഴി മാത്രമേ ഞാൻ ആലോചിച്ചിരുന്നുള്ളൂ.

കാൎയ്യത്തിന്റെ കിടപ്പു വളരെ ദുൎഘടത്തിലായിരുന്നു. വസ്തു വളരെക്കാലമായിട്ടു മുൻസിപ്പിന്റെ പേരിലായിരുന്നു എന്നു പലൎക്കും അറിവുള്ള ഒരു സംഗതിയാണ്. അതു കല്യാണിയമ്മയ്ക്കു തീറുകൊടുത്ത വിവരം മൂന്നു പാട്ടക്കാരും വീരശ്ശൂപ്പപട്ടരും മാത്രമേ അറിഞ്ഞിട്ടും ഉള്ളൂ. രണ്ടു പാട്ടക്കാരുടേയും വീരശ്ശൂപ്പുവിന്റെയും പക്കൽനിന്നും സഹായമുണ്ടാവില്ലെന്നു തന്നെയല്ല, വിരോധത്തിന്നു വഴിയുണ്ടുതാനും. എല്ലാംകൂടി നോക്കിയാൽ ഇക്കോരൻ മാത്രം അനുകൂലമായി സാക്ഷി പറയുമായിരിക്കും. അതു കൊണ്ടു മാത്രം ഈ കേസ്സിൽ ഗുണം സിദ്ധിപ്പാൻ മാൎഗ്ഗമില്ല. ആ കാലത്തു ആധാരങ്ങൾ രജിസ്തർചെയ്യുന്നസമ്പ്രദായം ഉണ്ടായിരുന്നില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

അക്കെപ്പാടെ ജയത്തിന്നുള്ള മാൎഗ്ഗമൊന്നും കണ്ടില്ല. കുഞ്ഞികൃഷ്ണമേനോനും കണ്ടുണ്ണിമേനോനും പഴുതുകളെല്ലാം അടച്ചാണ് കരുക്കൾ ഇട്ടിരിക്കുന്നത്. ഏതുവിധത്തിൽ നോക്കിയാലും അടിയറവുതന്നെ. ഏകദേശം അൎദ്ധരാത്രിയാകുന്നതുവരെ ഈ സംഗതിയെക്കുറിച്ചുതന്നെ ആലോചിച്ചുകൊണ്ടു കിടന്നപ്പോൾ ഒടുവിൽ ഉറക്കംവന്നു. രാവിലെ ഉണൎന്നപ്പോൾ ആദ്യം ഓൎമ്മവന്നതും ഈ സംഗതിതന്നെയാണ്. അപ്പോഴത്തെ ആലോചനയിൽ വീരശ്ശൂപ്പപട്ടർ ഒരു വലിയ ഉണ്ടികക്കാരനും കച്ച

വടക്കാരനുമായിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ കണക്കു് പരിശോധിച്ചാൽ അദ്ദേഹംചെയ്ത കൃത്രിമം വെളിപ്പെട്ടേയ്ക്കാമെന്നു് ഓൎമ്മവന്നു. അങ്ങിനെ ആയാൽ അദ്ദേഹത്തെ ഭയപ്പെടുത്തി സ്വാധീനനാക്കുവാൻ സാധിച്ചേയ്ക്കാം. കണക്കു പരിശോധിപ്പാൻ എന്താണു് മാൎഗ്ഗം; എനിയ്ക്കു അദ്ദേഹവുമായി ചില എടവാടുകൾ ഉണ്ടു് പണത്തിനുവേണ്ടി എന്തു ചെയ്‌വാനും മടിയില്ലാത്ത ആളായിരുന്നു അദ്ദേഹം. എങ്കിലും തനിയ്ക്കു കുറ്റംവരാത്ത വിധത്തിൽ കളവുചെയ്‌വാൻ സാമൎത്ഥ്യമുള്ളവനായിരുന്നു എന്നു് എനിക്കു നല്ല അറിവുണ്ടായിരുന്നതിനാൽ അതു് എളുപ്പത്തിൽ വെളിപ്പെടുത്തിക്കളയാമെന്നു എനിക്കു പൂൎണ്ണവിശ്വാസം ഉണ്ടായിരുന്നില്ല. എങ്കിലും അതു പരീക്ഷിച്ചുനോക്കേണ്ട ഒരു വഴിയാണു്. ശീട്ടു കളവുചെയ്തതു ധനുമാസത്തിലും അദ്ദേഹം ഉറുപ്പിക തിരികേ കൊടുത്തു എന്നു പറഞ്ഞതു കന്നിമാസത്തിലും ആയിരുന്നതുകൊണ്ടു് ഒന്നുകിൽ കണക്കുമുഴുവൻ മാററി എഴുതിയിരിക്കണം. അല്ലെങ്കിൽ നാൾവഴിയിൽ വല്ല തെററും ഉണ്ടായിരിക്കണം. ഏതുവിധമായാലും അദ്ദേഹത്തെ ഒന്നു കാണുകതന്നെ എന്നു നിശ്ചയിച്ചു അദ്ദേഹത്തിന്റെ മഠത്തിലേയ്ക്കു രാവിലേതന്നെ പോയി.

അദ്ദേഹത്തോടു് ഓരോ നാട്ടുവൎത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നതിനിടക്കു് ആധാരം കളവുചെയ്ത വിവരം യദൃച്ഛയായി ഒരാളുടെ അടുക്കൽനിന്നു് കേട്ടതായി അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹം 'നിങ്ങളും കേട്ടുവോ ആ വൎത്തമാനം. ആ സ്ത്രീകുറേ മൎയ്യാദക്കാരിയാണെന്നായിരുന്നു എന്റെവിശ്വാസം. ഇത്ര വലിയ കളവുപറഞ്ഞുണ്ടാക്കാൻ മതിയെന്നു ഞാൻ വിചാരിച്ചിരുന്നില്ല'

ഞാൻ—കളവാണെന്നു് എന്താ ഇത്ര നിശ്ചയം?

വീരശ്ശൂപ്പ്—നിശ്ചയം എന്താ എന്നോ? ആധാരത്തിൽ ഞാൻ സാക്ഷിയായി ഒപ്പിട്ടിട്ടുണ്ടെന്നല്ലേ പറയുന്നതു്. ഞാൻ സ്വപ്നേപി അറിഞ്ഞിട്ടില്ല. പിന്നെ ഞാൻ എഴുതിക്കൊടുത്ത ശീട്ടും കളവുചെയ്തപോൽ. ആ എടവാടു കന്നിമാസത്തിലെ തീൎന്നുപോയിട്ടുള്ളതാണു്.

ഞാൻ—അതിനു തെളിവുണ്ടായിരിക്കുമല്ലോ.

വീര—ഞങ്ങടെകണക്കുതന്നെ തെളിവു്. ഏതുകോടതിയാണു് അതു വിശ്വസിക്കാത്തതു്? വേണെങ്കിൽ നിങ്ങൾക്കുതന്നെ നോക്കാമല്ലോ

എന്നുപറഞ്ഞു നാൾവഴി കണക്കുപുസ്തകം എടുത്തു ആ എനം എഴുതിയിരിക്കുന്ന ഭാഗം മറിച്ചു കാണിച്ചുതന്നു. എനിയ്ക്കു നിങ്ങ

ളെ അവിശ്വാസമില്ല. 'എന്തിനു കണക്കുനോക്കുന്നു' എന്നും മററുംഭംഗിപറഞ്ഞു എങ്കിലും ഞാൻ പുസ്തകം വാങ്ങിനോക്കി. അതിൽ യാതൊരു കൃത്രിമവും കണ്ടില്ല. കണക്കിൽ വെട്ടും തിരുത്തും മററുമൊന്നും ഇല്ല. ഈ കണക്ക് അദ്ദേഹം പറഞ്ഞപോലെതന്നെ ഏതു കോടതിയും വിശ്വസിയ്ക്കും. അതുകൊണ്ട് ഈ വഴിയ്ക്കു പോയാൽ ഗുണമില്ലെന്നുതീർച്ചയായി.

വളരെ കാലം അപ്പീൽക്കോടതി വക്കീലായിരുന്നു ഈ വ്യവഹാരത്തിന്നു ഒന്നുരണ്ടുമാസം മുമ്പേ കളരിപ്പുറം മുൻസിപ്പായ കെ. കരുണാകരമേനോൻ എൻെറ വലിയമ്മയുടെ ഭർത്താവിൻെറ അനുജനായിരുന്നു. മുൻസിപ്പിൻെറ തറവാട്ടുവ്യവഹാരങ്ങളെല്ലാം അദ്ദേഹമാണ് നടത്തിവന്നിരുന്നതു്. വളരെ ആലോചിച്ചിട്ടും ഒരുവഴികാണാതെബുദ്ധി ക്ഷയിച്ചിരിക്കുമ്പോൾ ഈ സംഗതി എനിക്കോർമ്മവന്നു. മുൻസിപ്പുവസ്തുതീറുകൊടുത്തവിവരം ഒരുസമയം അദ്ദേഹം അറിഞ്ഞിട്ടുണ്ടായിരിക്കാം. അറിഞ്ഞിട്ടില്ലെങ്കിൽ തന്നെയും അദ്ദേഹത്തോടു ഈ കാര്യം ആലോചിച്ചതുകൊണ്ടു ഗുണമല്ലാതെ ദോഷമുണ്ടാവാൻ വഴിയില്ല. അദ്ദേഹത്തിനു എൻെറ പേരിൽ പുത്രനിർവ്വിശേഷമായ വാത്സല്യമുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം എനിക്കു കഴിയുന്ന സഹായങ്ങളെല്ലാം ചെയ്തുതരുമെന്നുള്ള ഉറപ്പും എനിയ്ക്കുണ്ടായിരുന്നു.

ഈ വഴി തോന്നിയതോടുകൂടി ഉറക്കവും വന്നു. രണ്ടുമൂന്നുദിവസമായിട്ടു മനസ്സിന്നു സമാധാനമില്ലായിരുന്നതിനാൽ ഉറക്കം വളരെ അമാന്തമായിരുന്നു. എന്നാൽ അന്നത്തെ ഉറക്കം വളരെ സുഖമായി. പിറേറന്നാൾ നേരത്തെ ഭക്ഷണം കഴിച്ചു ഞാൻ കളരിപ്പുറത്തേക്കു പുറപ്പെട്ടു; ആ വിവരം കല്യാണിയമ്മയെ അറിയിച്ചില്ല. അടിയന്തിരമായി വീട്ടിലേക്കു പോകേണ്ടിവന്നിരിക്കുന്നു എന്നും രണ്ടുദിവസത്തിലധികം താമസം വേണ്ടിവരില്ലെന്നും മാത്രം അവരോടു പറവാൻ ആളയച്ചു.

യാത്ര പുറപ്പെട്ടു പിറേറന്നാൾ കളരിപ്പുറത്തെത്തി. കരുണാകരമേനോൻ എന്നെ വളരെആദരവോടുംകൂടി സ്വീകരിച്ചു എന്നു പറയേണ്ടതില്ലല്ലോ. വീട്ടുവർത്തമാനങ്ങളും എൻെറ വർത്തമാനങ്ങളും മററും ചോദിച്ചതിൻെറശേഷം ഞാൻ വന്നതിനു പ്രത്യേകം വല്ല കാരണവുമുണ്ടോ എന്നു ചോദിച്ചപ്പോൾ ഞാൻ വിവരമെല്ലാം പറഞ്ഞു. വർത്തമാനം മുഴുവൻ കേട്ടതുവരെ ഒന്നും സംസാരിച്ചില്ലെങ്കിലും മുഖഭാവംകൊണ്ടു അദ്ദേഹം അസാമാന്യമായി കോപിക്കുകയും വെറുക്കുകയും ചെയ്തു എന്നു എനിക്കു സ്പഷ്ടമായി. 'കണ്ടുണ്ണിമേന്നും കുഞ്ഞുകൃഷ്ണമേന്നും വലിയ

മൎയ്യാദക്കാരാണെന്നു പ്രസിദ്ധിയില്ല; എങ്കിലും ഇത്ര പോക്കിരികളാണെന്നു ഞാൻ വിചാരിച്ചിരുന്നില്ല. നിസ്സഹായയായ ഒരു സ്ത്രീയെ ഇങ്ങിനെ ചെയ്യുന്നതിനു അവരെത്ര വികൃതികളായിരിക്കണം! ആട്ടെ, അവരെ ഒന്നു പഠിപ്പിച്ചുവിടാതെ കഴികയില്ല. ദൈവാനുകൂല്യംകൊണ്ടു് അതിന്നുവേണ്ട ആയുധം എന്റെപക്കൽ ഉണ്ടുതാനും'. എന്നുപറഞ്ഞു് അദ്ദേഹം അകത്തേക്കുപോയി. അദ്ദേഹം പറഞ്ഞതിന്റെ താല്പൎയ്യം മുഴുവൻ എനിക്കു മനസ്സിലായില്ലെങ്കിലും എന്റെ കാൎയ്യത്തിനു് എങ്ങിനെയോ ഒരു നിവൃത്തിയുണ്ടായി എന്നുള്ളേടത്തോളം സ്പഷ്ടമായി.

കരുണാകരമേനോൻ ഉടനെ പുറത്തുവന്നു രണ്ടെഴുത്തു എന്റെ കയ്യിൽതന്നു. അതു വായിച്ചുകഴിഞ്ഞപ്പോൾ ആപാദചൂഡം വിറച്ചുകൊണ്ടു ഞാൻ പെട്ടെന്നു എഴുന്നേറ്റു. കല്യാണിയമ്മയുടെ ശത്രുക്കളെ ഇപ്പോൾ അവരുടെ കാൽക്കൽ വീഴിയ്ക്കാമല്ലോ എന്നുള്ള സന്തോഷത്തോടുകൂടി "ഞാൻ ഇപ്പോൾതന്നെ തിരിച്ചുപോകുന്നു" എന്നുപറഞ്ഞു.

കരുണാ—(ചിരിച്ചുംകൊണ്ടു) വരട്ടെ, പരിഭ്രമിക്കേണ്ട. അത്താഴം കഴിഞ്ഞിട്ടുപോയാൽമതി. കുറച്ചുകൂടി കാൎയ്യങ്ങളാലോചിപ്പാനുണ്ടു്. ഇനി എന്താണു് ഈ എഴുത്തുകൊണ്ടു് ചെയ്വാൻഭാവം?

ഞാൻ—തിരിച്ചു ചെന്നഉടനേ അവരുടെ മേൽ ആധാരം കളവുചെയ്തു കൊണ്ടുപോയതിനു ക്രിമിനൽവ്യവഹാരം ചെയ്കതന്നെ.

കരുണാ—അതു കല്യാണിയമ്മയ്ക്കു സമ്മതമാവോ? ശങ്കരക്കുട്ടി അവരെനല്ലവണ്ണം അറിഞ്ഞിട്ടില്ല. ഭൎത്താവിന്റെ അനന്തിരവന്മാൎക്കു ചങ്ങല വരുന്നതിൽ നല്ലതു, തന്റെ സൎവ്വസ്വവും പോകയാണെന്നു വിചാരിക്കുന്ന കൂട്ടത്തിലുള്ള സ്ത്രീയാണു് അവരു്.

ഞാൻ—(ബുദ്ധിക്ഷയത്തോടുകൂടി) അതു ശരിയാണു്, എങ്കിലുംആ തെമ്മാടികളെ വെറുതേ വിട്ടയയ്ക്കുന്നതും കഷ്ടമല്ലേ?

കരുണാ—അതു കഷ്ടംതന്നെ എങ്കിലും ആയമ്മയുടെ അഭിപ്രായം അറിഞ്ഞിട്ടല്ലാതെ ഒന്നും ചെയ്യരുതു്. വസ്തു തിരികെ കൊടുക്കേണ്ടിവരുന്നതുതന്നെ ആ ദുരാഗ്രഹികൾക്കു നല്ല ശിക്ഷയാകും. അതിരിയ്ക്കട്ടെ, വീരശ്ശുപ്പുപ്പട്ടരുടെ കാൎയ്യം എങ്ങിനെയാണു്. ആയാൾ വലിയ അക്രമങ്ങൾ ചെയ്യുന്നുണ്ടു്. ആയാളെ ഒന്നു് അമൎത്തിയാൽ തരക്കേടില്ല.

ഞാൻ—അതിന് ഈ എഴുത്തുകൊണ്ടു മതിയാവില്ലല്ലോ.

കരുണാ—ഇല്ല, എങ്കിലും വേറേ തെളിവുണ്ടെങ്കിൽ അതിനു ഇതു സഹായമായിത്തീരുമല്ലോ. അദ്ദേഹം കണക്കുമാററി എഴുതീട്ടുണ്ടെന്നു നിശ്ചയമാണ്. കന്നിമാസത്തിലാണ് കടസംഖ്യതിരിച്ചുകൊടുത്തതു് എന്നല്ലേ പട്ടർ പറഞ്ഞതു്. ആയാൾ ആയിരം ഉറുപ്പികയ്ക്കുവേണ്ടി രണ്ടുമാസത്തെ കണക്കു മാററുവാൻ മടിയ്ക്കുന്നകൂട്ടത്തിലല്ല. അങ്ങിനെ മാററിയതിനുള്ള തെളിവു കണ്ടുപിടിച്ചു കല്യാണിയമ്മയോടു ആലോചിച്ചതിൻെറ ശേഷമേ ഇനി വല്ലതും ചെയ്യാൻ പാടുള്ളൂ.

ഞാനതു സമ്മതിച്ചു അന്നു വൈകുന്നേരം തന്നെ മടങ്ങി. ഇവിടെ വന്നയുടനേ തന്നെ കല്യാണിയമ്മയെകണ്ടു. വസ്തു തിരികെ കിട്ടുവാനുള്ള വഴിയുണ്ടെന്നു പറഞ്ഞപ്പോൾ അവൾക്കു വളരെ സന്തോഷമായി എന്നു പറയേണ്ടതില്ലല്ലോ. മററു വിവരങ്ങളൊന്നും അവരോടു തൽക്കാലം പറഞ്ഞില്ല. ക്രിമിനൽവ്യവഹാരത്തിൻെറ കാൎയ്യത്തെപ്പററി കരുണാകരമേനോൻ പറഞ്ഞതുപോലെതന്നെയായിരുന്നു അവരുടെ അഭിപ്രായം. ഞാൻ എന്തുതന്നെ പറഞ്ഞാലും അവൾക്കു ഒരു മറുപടിതന്നേ ഉള്ളൂ. 'വ്യവഹാരമൊന്നും കൂടാതെ വസ്തു തിരികെ കിട്ടുമെങ്കിൽ വളരെ സന്തോഷം. അവൎക്കു ശിക്ഷവരുന്ന കാൎയ്യമാണെങ്കിൽ വസ്തു മുഴുവൻ പോയാലും വേണ്ടില്ല, ഞാൻ കാരണമായിട്ടു അവൎക്കു ഒരു ദോഷം വരുത്തുവാൻ പാടില്ല'

അമ്മു—അമ്മയ്ക്കു സാധുക്കളായ ഞങ്ങൾ പട്ടിണികിടക്കുന്നതിൽ വിരോധമൊന്നുമില്ല. ആ മഹാദുഷ്ടന്മാൎക്കു സുഖക്കേടൊന്നും വരരുതെന്നേ ഉള്ളൂ.

കല്യാണി—(നീരസിച്ചു) നിണക്കവരെ ദുഷ്ടന്മാരെന്നു പറവാൻ പാട്ടുണ്ടോ?

അമ്മു—ഓ! ദുഷ്ടന്മാരല്ല, മോഷണംചെയ്യുന്ന വിശിഷ്ടന്മാർ; എന്നാൽ പോരേ?'

കല്യാണി—അധികപ്രസംഗി, ഗുരുത്വക്കേടു സമ്പാദിയ്ക്കാൻ നോക്കയാണ്.

അമ്മു—അവരുടെ കയ്യിൽ ഗുരുത്വക്കേടു ധാരാളമായിട്ടുണ്ടെങ്കിലും ഞാൻ മേടിയ്ക്കുമെങ്കിലല്ലേ അവൎക്കു തരാൻപാടുള്ളൂ.

കല്യാണി—(പുഞ്ചിരിയോടുകൂടി) ഞാൻ നിന്നോടൊന്നും പറഞ്ഞില്ല' എന്നുപറഞ്ഞു എന്നോടു ഓരോന്നു ചോദിപ്പാൻ തുടങ്ങി. കുറെ

കഴിഞ്ഞപ്പോൾ ഞാൻ യാത്രപറഞ്ഞു പോരികയുംചെയ്തു. തമ്മിൻ കാണുകയും സംസാരിക്കുകയും ചെയ്യുംതോറും എനിയ്ക്കു അമ്മുക്കുട്ടിയുടെ പാണിഗ്രഹണം ചെയ്യാനുള്ള ആഗ്രഹവും വൎദ്ധിച്ചുവന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

വീരശ്ശൂപ്പപട്ടരെ കുടുക്കുന്നതിനുള്ള വഴി അന്നു രാത്രിമുഴുവനും ആലോചിച്ചിട്ടും എനിക്കു തൃപ്തിയായില്ല. അദ്ദേഹം കണക്കുപുസ്തകം മുഴുവൻ മാററീട്ടുണ്ടെന്നു സ്പഷ്ടമാണ്. അതു വളരെ ശ്രദ്ധമായി ചെയ്തതാവാനേ പാടുള്ളു. അതിനാൽ അതു വെളിപ്പെടുത്തുന്നതിനു വേണ്ട തെളിവുണ്ടാക്കുവാൻ അത്ര എളുപ്പമല്ല. എങ്ങിനെയെങ്കിലും പിറെറന്നാൾ അമ്പലപ്പാട്ടു കുഞ്ഞുകൃഷ്ണമേനോനേയും കണ്ടുണ്ണിമേനോനേയുംപട്ടരോടുകൂടി കല്യാണിയമ്മയുടെവീട്ടിലേയ്ക്കു വരുത്തുന്നതിനു നിശ്ചയിച്ചു. ഭീഷണികൊണ്ട് കൃത്രിമം വെളിപ്പെടുത്തുവാൻ വഴിയുണ്ടോ എന്നു മാത്രമേ നോക്കുവാനുള്ളു.

പിറെറന്നാൾ ഉച്ചതിരിഞ്ഞപ്പോൾ കല്യാണിയമ്മയെകൊണ്ടുഞാൻ മുൻസിപ്പിന്റെ മരുമക്കൾക്കു ആളെ അയപ്പിച്ചു. അടിയന്തിരമായി ഒരു കാൎയ്യം ആലോചിപ്പാനാണെന്നാകുന്നു പറഞ്ഞയച്ചതു്. അവർ വരുമോ എന്നു വളരെ സംശയമുണ്ടായിരുന്നു എങ്കിലും ആ കാൎയ്യത്തിൽ ആശാഭംഗത്തിനു സംഗതിവന്നില്ല. ഏകദേശം നാലുമണി ആയപ്പോൾ കുഞ്ഞികൃഷ്ണമേനോൻ വന്നു. അയാൾ വരുന്നതുകണ്ടപ്പോൾ വീരശ്ശൂപ്പപട്ടരുടെ അടുക്കലേക്കും ഒരാളെ അയച്ചു. പൂങ്കുന്നത്തോളം ഒന്നു വന്നേച്ചുപോവാൻ കുഞ്ഞികൃഷ്ണമേനോൻ പറഞ്ഞയച്ചതായി പട്ടരോടു പറയുന്നതിനാണ് ആളെ ഏല്പിച്ചയച്ചതു്.

കല്യാണിയമ്മ കുഞ്ഞികൃഷ്ണമേനെനെ വളരെആദരവോടുകൂടി സൽക്കരിച്ചു. ആളെ അയച്ചതിന്റെ ഉദ്ദേശ്യം സൂചിപ്പിക്കപോലും ചെയ്യാതെ അവർ ലൌകികമായി ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ കണ്ടുണ്ണിമേനോനും അവിടുന്നു കുറച്ചുകഴിഞ്ഞപ്പോൾ വീരശ്ശൂപ്പപട്ടരും എത്തി. അവർ മൂന്നുപേരും അന്യോന്യം കണ്ടപ്പോൾ അവൎക്കു കാൎയ്യം മനസ്സിലായി. അവർ തമ്മിൽതമ്മിൽ പുഞ്ചിരിയോടുകൂടിയുണ്ടായ നോട്ടത്തിൽ അവൎക്കു ലേശംപോലുംഭയമുണ്ടായിരുന്നില്ലെന്നു സ്പഷ്ടമായിരുന്നു.

ഇതുവരെ ഞാൻ ആ വീട്ടിലുണ്ടായിരുന്ന കഥ അവരാരും അറിഞ്ഞിട്ടില്ല. എല്ലാവരും യഥാസ്ഥാനം ഇരുന്നു കുശലപ്രശ്നങ്ങളും മററും കഴിഞ്ഞപ്പോൾ ഞാനും അകത്തേയ്ക്കു കടന്നുചെന്നു. അവരെല്ലാ

വരും കൃത്രിമപ്രവൃത്തികളിൽ പഴക്കമുള്ളവരായിരുന്നു എങ്കിലും, എന്നെ കണ്ടപ്പോൾ എല്ലാവൎക്കും അല്പമായ ഒരുപരുങ്ങലുണ്ടായി. പട്ടരായിട്ടു മാത്രമെ എനിയ്ക്കു അടുത്ത പരിചയമുണ്ടായിരുന്നുള്ളു എങ്കിലും മറ്റവരും ഞാനും തമ്മിൽ മുഖപരിചിതന്മാരായിരുന്നതിനാൽ ഞാൻ ഒരു വക്കീലാണെന്നുള്ളെടത്തോളം അവൎക്കു അറിവുണ്ടായിരുന്നു. ശുദ്ധഹൃദയംഅബലയും ആയ ഒരു സ്ത്രീയോടല്ല, നിയമപരിചയമുള്ള ഒരു പുരുഷനോടാണ് നേരിടേണ്ടിവന്നതെന്നുള്ള ബോധം അവൎക്കു വളരെ സുഖകരമായിരുന്നില്ലെന്നു സ്പഷ്ടമായി അവരുടെ മുഖത്തു സ്ഫുരിച്ചു. വീരശ്ശുപ്പു പട്ടർ എന്നെ അവൎക്കു പരിചയമാക്കിക്കൊടുത്തതിന്റെശേഷം ഞാനും ഇരുന്നു. ഞങ്ങളെല്ലാവരുംതമ്മിൽ കുറെനേരം സാധാരണസമ്പ്രദായപ്രകാരംനിരൎത്ഥമായ ഭംഗിവാക്കുകൾ പറഞ്ഞു. അവരോടു ഭംഗിപറയുന്നതിന് എനിക്കു വളരെ വൈമനസ്യം ഉണ്ടായിരുന്നു എങ്കിലും കല്യാണിയമ്മക്കു അപ്രീതി വരാതിരിപ്പാൻ വേണ്ടി മാത്രം ഞാനിങ്ങനെപറഞ്ഞു.

'മുൻസിപ്പവർകൾ മരിക്കുന്നതിനു കുറച്ചുമുമ്പിൽ അദ്ദേഹം കല്യാണിയമ്മക്കു ചെയ്തുകൊടുത്ത തീരാധാരം പെട്ടിയിൽ കാണ്മാനില്ല. പാട്ടക്കാരെക്കൊണ്ടു നിങ്ങൾ പാട്ടശ്ശീട്ടു മാറി എഴുതിച്ചു എന്നു കേട്ടതിനാൽ ആധാരം മറവുചെയ്തതു നിങ്ങളാണെന്നു വിചാരിക്കേണ്ടി വന്നിരിയ്ക്കുന്നതിനാലാണ്, കല്യാണിയമ്മ ഇപ്പോൾ നിങ്ങൾക്ക് ആളെ അയച്ചതു.'

കുഞ്ഞുകൃഷ്ണമേനോൻ—(ഗൎവ്വത്തോടുകൂടി) ഈ കാൎയ്യത്തെക്കുറിച്ചുപറവാൻ നിങ്ങൾക്കെന്ത് അവകാശമാണുള്ളതെന്നറിയുന്നില്ല. അവകാശമുണ്ടെങ്കിലും ഇല്ലെങ്കിലും മൎയ്യാദക്കാരെ അവമാനിക്കാൻ തുനിയുന്നതു് ഒരു മൎയ്യാദക്കാരനു ചേൎച്ചയില്ലാത്തതാണ്. അതുകൊണ്ടു നിങ്ങളോടു സംസാരിപ്പാൻ ഞാൻ ഹാജരില്ല.

ഞാൻ—നിങ്ങടെ പേരിൽ വ്യവഹാരംചെയ്യാൻ കല്യാണിയമ്മ എനിയ്ക്കു വക്കാലത്തു തന്നിട്ടുണ്ടു്.

കുഞ്ഞിക്കൃ—എന്നാൽ ഇവിടെ വെച്ചു സംസാരിച്ചിട്ടാവശ്യമില്ലല്ലോ. കോടതിയിലാവാം.

ഞാൻ—എനിക്കും അതുതന്നെയാണ് സന്തോഷം. എന്നാൽ നിങ്ങളുടെ കാലിന്മേൽ ചങ്ങലവരുത്തുന്നതിനെക്കുറിച്ചു കല്യാണിയമ്മക്കു വളരെ വിഷാദമുണ്ടു്. അതുകൊണ്ടു കാൎയ്യം ലൌകികമായി തമ്മിൽ പറഞ്ഞുതീൎക്കണമെന്നാണ് ഇവരുടെ അഗ്രഹം.

കുഞ്ഞികൃ—എങ്ങിനെയായാലും വ്യവഹാരം കൂടാതെ കഴിയുമെന്നു തോന്നുന്നില്ല. നിങ്ങൾക്കു വ്യവഹാരകാരണമൊന്നുമില്ലെങ്കിൽ ഞങ്ങൾക്കിപ്പോൾ അതുണ്ടായി. വല്ല കള്ളന്മാരും വന്നു, കളവുചെയ്തു എന്നും മററും പറഞ്ഞു് അവമാനിച്ചാൽ മര്യാദക്കാർവെറുതെ ഇരിക്കും എന്നു തോന്നുന്നുണ്ടോ?

അടിയുറപ്പിച്ചാണു് താൻ കൃത്രിമപ്പണി ചെയ്തിരിക്കുന്നതെന്ന ധൈര്യത്തോടുകൂടി എന്നെ ഇങ്ങനെ അധിക്ഷേപിച്ചുപറഞ്ഞതിൽ എനിക്കുതന്നെ ദേഷ്യമുണ്ടായി എങ്കിലും, അവരെ എൻെറ കാക്കൽ വീഴിച്ചുകൊള്ളാമെന്നു ഉറപ്പുണ്ടായിരുന്നതിനാൽഅ ദേഷ്യംക്ഷണത്തിൽഅടക്കീട്ടു ഞാൻ ഇങ്ങനെപറഞ്ഞു. 'വീരവാദംകൊണ്ടു ഭയപ്പെട്ടുതാമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അതു നിങ്ങൾക്കു ആളെ മനസ്സിലാവാഞ്ഞിട്ടാണു്. മര്യാദയ്ക്കുപറഞ്ഞു കാര്യംതീർക്കേണ്ടവരാണു നിങ്ങളെന്നു എനിക്കു ആദ്യമെ വിചാരമുണ്ടായിരുന്നില്ല. കല്യാണിയമ്മയുടെ മുഖശ്രീകൊണ്ടു അവർ അങ്ങിനെ അബദ്ധമായിപ്പോയിഎന്നേയുള്ളൂ.'

കുഞ്ഞികൃ—ഇങ്ങിനെ അവമാനിക്കാനാണു് ആളെ അയച്ചതു് എങ്കിൽ ഞാനിങ്ങോട്ടു വരില്ലായിരുന്നു. ഇനി എനിയ്ക്കു് ഈ തെററാരിക്കലും വരില്ല.

എന്നുപറഞ്ഞു ദേഷ്യഭാവത്തോടുകൂടി കുഞ്ഞികൃഷ്ണമേനോൻ എഴുന്നേററപ്പോൾ കല്യാണിയമ്മ പറഞ്ഞു 'അയ്യോ ഇങ്ങിനെ ദേഷ്യപ്പെട്ടാലോ? കാര്യംമുഴുവൻ കേട്ടതിൻെറശേഷം പോകാം. സ്വാമി! അങ്ങെന്താണു് ഒന്നും മിണ്ടാതിരിക്കുന്നതു്?'

വീരപ്പ—മേനവരെ! ധൃതിപ്പെടേണ്ട. കാര്യംമുഴുവൻ കേൾക്കു- ശങ്കരക്കുട്ടിമേനോനെ! ഇവർക്കു ആ ആധാരത്തെക്കുറിച്ചു ഒന്നും അറിഞ്ഞുകൂടെന്നാണല്ലോ പറയുന്നതു്. പിന്നെ എന്താണു നിങ്ങൾ ഇവരെഇങ്ങിനെ അധിക്ഷേപിക്കുന്നതു്?

ഞാൻ—നിങ്ങൾ എന്താണിങ്ങിനെ പറയുന്നതു? മുൻസിപ്പു ചെയ്തുകൊടുത്ത ആധാരത്തിൽ നിങ്ങൾ ഒരു സാക്ഷിയായിരുന്നില്ലേ—അവർ ആധാരം കളവുചെയ്തതോടുകൂടി നിങ്ങൾ എഴുതിക്കൊടുത്തിരുന്ന ആയിരം ഉറുപ്പികയുടെ ശീട്ടുകൂടി മോഷ്ടിച്ചുനിങ്ങൾക്കു തന്നിട്ടല്ലേ, നിങ്ങൾ ഒന്നും അറിഞ്ഞില്ലെന്നു ഭാവിക്കുന്നതു്?

വീരപ്പ......നിങ്ങൾ ആളുകളെ വെറുതെദേഷ്യപ്പെടുത്തുവാൻ നോക്കുകയാണു്. വായിൽ തോന്നിയതു പറയുന്നതു നിങ്ങളുടെ അവസ്ഥയ്ക്കു ചേരാത്തതാണു്.

ഞാൻ—വായിൽ തോന്നിയതുപറയുന്നതു നിങ്ങളാണ്. ഇതു വായിച്ചുനോക്കു. എന്നുപറഞ്ഞു കുഞ്ഞികൃഷ്ണമേനോൻ കരുണാകരമേനോന് എഴുതിയ ആദ്യത്തെ കത്തിൻെറ ഒരു പകപ്പു പട്ടരുടെ കയ്യിൽ കൊടുത്തു. അവർ നശിപ്പിച്ചുകളഞ്ഞെങ്കിലോ എന്നു ഭയപ്പെട്ടു കത്തിൻെറ അസ്സൽ കൊടുത്തില്ല. എഴുത്തുകൊടുത്തപ്പോൾ തന്നെ എല്ലാവരുടേയും വിധമൊന്നു പകന്നു. പട്ടർ എഴുത്ത് ഉറക്കെ ഒന്നു വായിച്ചു. അതിൽ ആവശ്യമുള്ള ഭാഗം മാത്രം താഴെ ചേക്കുന്നു.

'അമ്മാമൻ ൧൫000 ക. വിലയ്ക്കുള്ള ഒരു വസ്തു ഭാൎയ്യയ്ക്കു തീരു കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു. അതിനു ഞാനുംകൂടി സമ്മതിച്ചെഴുതണമെന്നു നിർബ്ബന്ധിയ്ക്കുന്നു. ഈ തീര് എനിയ്ക്കും മററാക്കും സമ്മതമല്ല. ദീനത്തിൽ കിടപ്പായിരിക്കുമ്പോൾ ചെയ്തതാകകൊണ്ട് അദ്ദേഹത്തിൻെറ മരണശേഷം ദുർബ്ബലപ്പെടുത്തുന്നതിന്നു വഴിയില്ലേ? വാർദ്ധക്യത്താലും രോഗത്താലും ബുദ്ധി മന്ദിച്ചിരിക്കുമ്പോൾ ഭാൎയ്യയുടെ ദുർബ്ബോധനയാൽ ചെയ്തത് അസാധുവാണെന്നു വാദിച്ചാൽ ഗുണം കിട്ടുമോ എന്നു നിങ്ങളുടെ അഭിപ്രായം അറിഞ്ഞതിൻെറ ശേഷമേ ഞാൻ അതിൽ ഉൾപ്പെടുവാൻ വിചാരിക്കുന്നുള്ളു.'

മനഃപൂർവ്വമായി വ്യാജമായും നിർദ്ദയമായും എഴുതിയ ഈ വാക്കുകൾ കേട്ടപ്പോൾ ശുദ്ധഹൃദയയായ കല്യാണിയമ്മ തേങ്ങി കരഞ്ഞുതുടങ്ങി. ഞാൻ ഇങ്ങിനെ പറഞ്ഞു. 'സ്വാമി! ഈ ക്രൂരമായ എഴുത്തു ഞാൻ ഇതുവരെ ഇവരെ കാണിച്ചില്ല. ഇപ്പോൾ നിവൃത്തിയില്ലാതെ വന്നതിനാൽ കേൾപ്പിച്ചതാണ്. ആട്ടേ, ഞാൻ വായിൽതോന്നിയതു പറഞ്ഞതാണെന്നു നിങ്ങൾക്കിപ്പോൾ തോന്നുന്നുണ്ടോ?'

പട്ടരും കുഞ്ഞികൃഷ്ണമേനോനും ഒന്നും മിണ്ടാതെ നില്പായി. അപ്പോൾ കണ്ടുണ്ണിമേനോൻ—'അമ്മാമൻ തീരിൻെറ കാൎയ്യം ഞങ്ങളോടു പറകയുണ്ടായി. ഞങ്ങൾക്കതു സമ്മതമായിരുന്നില്ലെന്നതും ശരിയാണ്. അതുകൊണ്ടാണ് ഏട്ടൻ ഈ എഴുത്ത് എഴുതിയത്. പക്ഷേ ആധാരം എഴുതുന്നതിന്നുമുമ്പേ അദ്ദേഹം മരിച്ചുപോയി. അത്രേയുള്ളു.'

ഇതുകേട്ടപ്പോൾ കുഞ്ഞികൃഷ്ണമേനോൻെറ മുഖത്തിന്നു പ്രസാദം വന്നു. എന്നാൽ എനിയ്ക്കു ചിരിയാണുവന്നത്. 'എന്നാൽ സ്വാമി! ഈ എഴുത്തുകൂടി നോക്കു.' എന്നുപറഞ്ഞു ഞാൻ രണ്ടാമത്തെ എഴുത്തെടുത്തു കൊടുത്തു. അത് ആധാരം എഴുതിക്കൊടുത്ത് രണ്ടുദിവസം കഴിഞ്ഞ

തിൻെറ ശേഷം എഴുതിയതാണ്. വസ്തു തീറുകൊടുത്തുവെന്നും കാരണവൻ മരിക്കാറായി എന്നും മരിച്ചാൽ ഉടനെ വ്യവഹാരം കൊടുക്കണമെന്നും മററുമാണ് അതിൽ എഴുതിയിരുന്നതു്. അതു വായിച്ചുകേട്ടപ്പോൾ ഇത്രനേരം വീരവാദംപറഞ്ഞിരുന്നവർ നന്നേ പരിഭ്രമിച്ചുവശായി. നിസ്സഹായയായ ഒരു സ്ത്രീയെ ചതിപ്പാനും കളവുചെയ്യാനും മടിയില്ലാത്തവർ എത്രതന്നെ ശൂരത നടിച്ചാലും സൂക്ഷ്മത്തിൽ ഭീരുക്കളാണ്. ഈ സന്ദർഭത്തിൽ എന്തുപറയണമെന്നറിയാതെ അവർ കുറേനേരം ഒന്നും മിണ്ടാതെ വിലക്ഷണന്മാരായിനിന്നു. വീരശൃംഖപട്ടർ ചോദിച്ചു. കുഞ്ഞികൃഷ്ണമേനവരേ! ഈ എഴുത്തുകൾ നിങ്ങൾ എഴുതിയതാണോ? ആണെങ്കിൽ കല്യാണി അമ്മയോടു മാപ്പുചോദിക്കാതെ നിവൃത്തിയില്ല.

ഈ എഴുത്തുകൾകൊണ്ടു പട്ടർക്ക് ദോഷമൊന്നുമില്ലെന്നുള്ള വിചാരത്താൽ അദ്ദേഹം അപ്പോഴും ശൌര്യംനടിച്ചു തന്നെയിരിപ്പായിരുന്നു. ധാർഷ്ട്യംകൊണ്ടല്ലാതെ അദ്ദേഹത്തെ ഭയപ്പെടുത്തുവാൻ വഴിയില്ലെന്നു കണ്ടു ഞാനിങ്ങനെ പറഞ്ഞു. 'നിങ്ങളുടെ വ്യാജത്തിന്നു ഈ എഴുത്തുകൾ തെളിവായില്ലെന്നു വിചാരിച്ചു കൃതാർത്ഥതപ്പെടേണ്ട. നിങ്ങൾ നാൾവഴി പുസ്തകം മാററിയതിന്നു ഇതുപോലെതന്നെ തെളിവുണ്ടു്. അതെന്താണെന്നു ഞാൻ ഇപ്പോൾ പറയുന്നില്ല. പിന്നെ ഇവർരണ്ടുപേരും അവരുടെ തെററു സമ്മതിക്കുന്നതോടുകൂടി നിങ്ങൾ ഈ കാര്യത്തിൽ ചെയ്തതിനെസമ്മതിച്ചെഴുതിത്തരാതെ ഞാൻസമ്മതിക്കുകയില്ല.' ഇതുകേട്ടപ്പോൾ പട്ടരുടേയും ചിറകൊടിഞ്ഞു. മൂന്നുപേരുടേയും പരിഭ്രമവും പാരവശ്യവുംകണ്ടുഞാൻ തുടർന്നുപറഞ്ഞു. 'മര്യാദക്കാരായ നിങ്ങളെ വെറുതേ വിട്ടയയ്ക്കുന്നതിനു കുളനായ എനിയ്ക്കു ഒട്ടുംതന്നെ മനസ്സില്ല; എന്നാൽനിങ്ങൾക്കു ചങ്ങല വരുന്നതു സർവ്വസ്വവുംപോയാലും കല്യാണിഅമ്മയ്ക്കു സമ്മതമല്ല. അവരുടെ മനസ്സിൻെറ ഗുണം എത്രയെന്നു അറിവാൻ വേണ്ട ബുദ്ധിയോ ഗുണമോ നിങ്ങൾക്കുണ്ടെന്നു തോന്നുന്നില്ല. ആധാരം നശിപ്പിച്ചിട്ടില്ലെങ്കിൽ തിരിച്ചുകൊടുക്കുകയോ, നശിപ്പിച്ചുവെങ്കിൽ വേറെ ആധാരം എഴുതികൊടുക്കുകയോ ചെയ്താൽ പ്രസ്താവം ഒന്നും വരുത്താതെ കഴിയ്ക്കാം. എതുവിധമായാലും കാര്യം നാളെ അസ്തമിക്കുന്നതിന്നുമുമ്പിൽ തീരണം.'

ഇനി വിസ്തരിച്ചിട്ടെന്താണാവശ്യം. പിറേറന്നാൾ ഉച്ചയ്ക്കുമുമ്പിൽ അവർ ആധാരവും പട്ടർ ഉറുപ്പികയും തിരിച്ചുകൊണ്ടുവന്നുകൊടുത്തു: കല്യാണിയമ്മയ്ക്കു എൻെറ പേരിലുള്ള സന്തോഷവും കൃതജ്ഞതയും പറഞ്ഞറിയിക്കാൻ പ്രയാസം. എൻെറ കൃതാർത്ഥതയും അങ്ങിനെതന്നെ. എന്നാൽ അഭാസമായ ഒരു പ്രവൃത്തിമാത്രം അവർ ചെയ്തു.

എൻെറ ഫീസ്സുവകയ്ക്കു മുന്നൂറുറുപ്പിക കൊണ്ടുവന്നു എൻെറ മുമ്പിൽവെച്ചു. എനിക്ക അവരെക്കുറിച്ചു ക്ഷണനേരത്തേക്കുണ്ടായ പുച്ഛം ഞാൻ എങ്ങനെ വർണ്ണിക്കും? അമ്മുക്കുട്ടിയുടെ അമ്മയുടെപക്കൽനിന്നും ഞാൻ ഉറുപ്പിക വാങ്ങിയ്യോ!

കല്യാണി—നിങ്ങളുടെ ബുദ്ധിമുട്ടിന് ഒരുപ്രതിഫലവും വാങ്ങാതിരിക്കുന്നതു ശരിയാണോ?

ഞാൻ—ബുദ്ധിമുട്ടോ? ജനിച്ചതിൽപിന്നെ ഞാൻ ഇത്ര രസം ഒരിക്കലും അനുഭവിച്ചിട്ട * * *

കല്യാണി—എങ്കിലും എൻെറ നന്ദികാണിക്കുന്നതിനു എന്തെങ്കിലും ഒന്നു ചെയ്യാഞ്ഞാലോ?

ഞാൻ—ഒന്നുംചെയ്യേണ്ട എന്നു ഞാൻ പറയുന്നില്ല. എനിയ്യൊരപേക്ഷയുണ്ട്. അതു സാധിച്ചുതന്നാൽമതി.

കല്യാണി—എന്നാൽ കഴിയുന്ന കാൎയ്യമാണെങ്കിൽ പറയുന്നതിനുമുമ്പിൽ തന്നെ സാധിച്ചതായി വിചാരിച്ചുകൊള്ളു.

ഞാൻ—അവശ്യപ്പെടുന്നതിന് എനിയ്ക്കു യോഗ്യതയില്ലെന്നു എനിക്കു തന്നെ സമ്മതമാണ്. എങ്കിലും അമ്മുക്കുട്ടിയെ ഭാൎയ്യയാക്കുവാൻ സാധിക്കാഞ്ഞാൽ എൻെറ ജന്മം നിഷ്ഫലമാണെന്നുള്ള തിച്ചുകൊകൊണ്ടു ഈ ദുരാഗ്രഹം നിങ്ങളെ അറിയിക്കുന്നതാണ്.

കല്യാണി—ഇതു 'കന്യമേ കസുമോല്പത്തി' എന്നു പറഞ്ഞതുപോലെയായല്ലോ. ഞങ്ങൾക്കു വലിയൊരു ഉപകാരംചെയ്തതുകൊണ്ടുതന്നെ മതിയാവാതെ ഇനിയും ഉപകാരംചെയ്യാനാണോ വിചാരിക്കുന്നതു്? ദുരാഗ്രഹമോ നാരായണ! അദ്ദേഹം നിങ്ങളുടെ വൎത്തമാനം പറഞ്ഞുകേട്ടതുമുതല്ക്കു എനിയ്ക്കീ മോഹംതുടങ്ങി. അദ്ദേഹത്തിനും ഇങ്ങിനെയായാൽ കൊള്ളാമെന്നു നന്നേ അഗ്രഹമുണ്ടായിരുന്നു!

* * * * *

ഈ സംഗതി നടന്നിട്ടു് ഇപ്പോൾ ഏകദേശം പതിനേഴുകൊല്ലമായി. ഞങ്ങൾ മുൻസിപ്പിൻെറ മരുമക്കളുടെ തെമ്മാടിത്തരത്തെക്കുറിച്ചു സന്തോഷിക്കാത്ത ദിവസമില്ല. അവരെ ഞാൻ തോല്പിച്ചവിവരം എങ്ങിനെയോ പുറത്തായി. അതിൽപിന്നെ കക്ഷികൾ മലവെള്ളം പോലെ വന്നുതുടങ്ങി. ഇതു വളരെ സന്തോഷകരമായ ഒരവസ്ഥയാ

ണെങ്കിലും അമ്മുക്കുട്ടിയുടെ ലാഭം വിചാരിക്കുമ്പോൾ നിസ്സാരമാണ്. അമ്മുക്കുട്ടി ഇതാ ഇപ്പോൾ കസാലയുടെ പിന്നിൽനിന്നു ഞാൻ എഴുതുന്നതുവായിച്ചു ഇവിടെയായപ്പോൾ ഇനി എഴുതുവാൻ സമ്മതിക്കാതെ കൈപിടിക്കുന്നു. ഞങ്ങൾതമ്മിൽ ഇതുവരെ സുഖിച്ചതിൻെറ വിവരം പരസ്യമാക്കുന്നതിനു സമ്മതിക്കുന്നില്ല. ഇതു വാങ്മൂലമായി അറിയിപ്പാനും അസാദ്ധ്യമാണ്. 'ഹൃദയം തേവജാനാതി പ്രീതിയോഗം പരസ്പരം'.

—വിദ്യാവിനോദിനി.

---

## 11
## കുറച്ചേ തൊററിയുള്ളു.

—0*0—

ഞങ്ങൾ അഞ്ചുപേരുംകൂടി മച്ചാട്ടുമലയിൽ ഒരു ഭാഗത്തു നായാടിന്നുപോയി. ആദ്യത്തെ ദിവസം ആ ദിക്കിലുള്ള ചില വെടിക്കാരേയും തെളിക്കാരേയുംകൂട്ടി ഒരു തെളിനായാട്ടുകഴിച്ചു. ഒരു പന്നിയേയും രണ്ടു കടമാനേയും കിട്ടി. ഒരു കടമാൻ എൻെറവെടിയ്ക്കാണുവീണതു്. ഞങ്ങളുടെകൂട്ടത്തിൽ ഒരാൾക്കുകൂടി വെടിവെപ്പാൻ സാധിച്ചു. ഞങ്ങളും മററു ചിലരും ഇതിനാലുണ്ടായ കൃതാൎത്ഥതയോടും അഹങ്കാരത്തോടും വേറേചിലർ ബുദ്ധിക്ഷയത്തോടും വേറേ രണ്ടുമൂന്നുപേർ അല്പം അസൂയയോടുംകൂടി തിരിച്ചു കാട്ടിനു സമീപത്തുള്ള താമരപ്പിള്ളി കുറുപ്പിൻെറ കുളത്തിൽവന്നു അന്നവിടെത്താമസിച്ചു. ഒരുദിവസം വിശ്രമിച്ചു ഒരു തെളികൂടി കഴിച്ചിട്ടുവേണം നാട്ടിലേക്കു മടങ്ങുവാനെന്നു തീൎച്ചയാക്കി പിറേറന്നാൾ തൃപ്തിയോടുകൂടി ചതുരംഗത്തിനും ശീട്ടുകളിയ്ക്കും വട്ടംകൂട്ടി. ചതുരംഗം, ശീട്ടുകളി മുതലായതിനെക്കുറിച്ചു വീരവാദംചെയ്വാൻ ഞാൻ സമൎത്ഥനായിരുന്നുവെങ്കിലും പോരു വളരെ കുറവായിരുന്നതിനാൽ ഞാൻ സുഖമായിക്കിടന്നുറങ്ങി നാലുമണിയ്ക്കു എഴുന്നേററു വല്ല മുയലിനേയോ പക്ഷിയേയോ വെടിവെയ്ക്കാമെന്നു വിചാരിച്ചു തോക്കുമെടുത്തുപുറപ്പെട്ടു.

നായാട്ടിനു പുറപ്പെട്ടപ്പോൾ ഞങ്ങളുടെകൂടെ ശങ്കുമാരാരും ഉണ്ടായിരുന്നു. അദ്ദേഹം ഇതിനുമുമ്പിൽ നായാട്ടിനു പോയിട്ടില്ലെന്നുതന്നെയല്ല വെടി ശീലിച്ചിട്ടുംഇല്ല. എങ്കിലും നായാട്ടിൻെറ രസത്തെക്കുറിച്ചു ഞങ്ങൾ കൂടെക്കൂടെ പറയുന്നതുകേട്ടു് അദ്ദേഹം അതിൻെറ സമ്പ്രദായം അറിവാൻ പുറപ്പെട്ടതാണ്. ഞാൻ തോക്കെടുത്തു പുറത്തിറങ്ങിയപ്പോൾ അദ്ദേഹംകൂടി ചാടിപ്പുറപ്പെട്ടു. ഞങ്ങൾ താമസിച്ചിരുന്ന

സ്ഥലത്തുനിന്നും ഒരു വിളിപ്പാടുപോയാൽ കാടായി. അതിന്റെ ചള്ളയിൽ രണ്ടുമൂന്നുനാഴിക പകലെ മുയലിനെ ധാരാളമായി കാണാമെന്നു വഴിക്കൊരാൾ പറകയാൽ അതിനെ അന്വേഷിച്ചുതുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ രണ്ടുമുയലിനെ ഒന്നിച്ചുകണ്ടു. അങ്ങോട്ടു കാണുന്നതിനുമുമ്പു് അവർ ഞങ്ങളെ കാണുകയാൽ കുതിച്ചുചാടി പായുമ്പോളാണു് ഞാനവരെ കണ്ടതു്. അതുകൊണ്ടു വെടിവെപ്പാൻ തരമായില്ല. എങ്കിലും ആ മുയലുകൾ പോയവഴിയേ ഞങ്ങൾ പുറപ്പെട്ടു. അങ്ങിനെ കുറച്ചുപോയപ്പോൾ എടത്തുന്നു നില്ക്കുന്ന ഒരു കുറുങ്കാട്ടിന്റെ ഉള്ളിൽ ഒരു അനക്കംകേട്ടു. ഉൾക്കാട്ടിൽ പോകണമെന്നു് ആദ്യം വിചാരിച്ചിട്ടില്ലാത്തതിനാൽ തോക്കിന്റെ രണ്ടുകുഴലിലും അരിമ്പുതോട്ടയാണു് നിറച്ചിരുന്നതു്. മുയലിന്റെ പിന്നാലെ പുറപ്പെട്ടു കാട്ടിന്റെ ഉള്ളിൽ പോയപ്പോഴും തല്ക്കാലം ഉണ്ടായ ഉത്സാഹത്താൽ ഈ കഥ മറന്നുപോയി. കുറുങ്കാട്ടിൽ അനക്കംകേട്ടപ്പോൾ മുമ്പിൽ ഓടിപ്പോന്ന മുയലുകളാണെന്നു തീർച്ചയാക്കി. അകന്നുനിന്നു സൂക്ഷിച്ചുനോക്കിയപ്പോൾ ഇടയിൽക്കൂടി ഒരു ജന്തുവിന്റെ ഒരുഭാഗം അല്പം കണ്ടു. ഉടനേവെടിവെച്ചു. വെടിയുടെ പ്രതിധ്വനി ശമിച്ചപ്പോൾ കുറുങ്കാട്ടിന്റെ ഉള്ളിൽനിന്നു തോലോരം കലശലായി കേട്ടു. ഉടനെ ആ ചെറുവൃക്ഷങ്ങളെ വകഞ്ഞു് അവറ്റുകളുടെ ഇടയിൽക്കൂടി കറുത്തുകൂർത്ത രോമശമായ ഒരു മുഖവും അതിന്റെ പിന്നാലെ കരിമ്പടക്കെട്ടുപോലെ ഒരു ശരീരവും പുറത്തുചാടി. കരടി, കരടി, മാരാരെ, ഓടിക്കോളൊ' എന്നു ഞാൻ നിലവിളിച്ചുകഴിഞ്ഞപ്പോഴേക്കും ശങ്കുമാരാരു് 'അയ്യോ' എന്നു മുറയിട്ടു് ഒരു പുലയൻ തീണ്ടാപ്പാട്ട ദൂരത്തായി.

ഞങ്ങൾ നിന്നിരുന്നതിന്റെ പിൻഭാഗം കുറെദൂരത്തോളം വെളിഭൂമിയായിരുന്നതിനാൽ ഓടുന്നതിനോ സൌകര്യമുണ്ടായിരുന്നു. എങ്കിലുംഓട്ടത്തിൽജാംബവാന്റെകൂട്ടരെതോല്പിയ്ക്കാമെന്നുള്ള വിഡ്ഢിത്വം എനിയ്ക്കുണ്ടായിരുന്നില്ല. എങ്കിലും കണ്ണാങ്കാലല്ലാതെ മറെറാരവലംബനവുമുണ്ടായിരുന്നില്ല. പല്ലിളിച്ചുകൊണ്ടു കരടി പുറത്തു ചാടിയപ്പോൾ ഒഴിയാത്ത കുഴലിലും അരിമ്പുതോട്ട തന്നെയാണു് എന്നുള്ള ജ്ഞാനമുണ്ടായി. ഉടനെ തോക്ക ചുവട്ടിലിട്ടു ഞാനും മാരാരുടെ പിന്നാലെ പാച്ചിൽ തുടങ്ങി. കുറച്ചുചെന്നപ്പോൾ കാലുതെററിഉരുണ്ടടിച്ചുവീണു. ഇപ്പോളെന്റെ കഥ കഴിഞ്ഞു. കരടി തലമണ്ട കടിച്ചുടയ്ക്കുന്നതിന്റെ സുഖവും ഇപ്പോളറിയാറാവും എന്നു വിചാരിച്ചു പരിഭ്രമിച്ചു എഴുന്നേല്ക്കുമ്പോഴെയ്ക്കു പിന്നിൽ നിന്നു ഒരു വെടികേട്ടു. 'ഏ' കരടി ഇങ്ങോട്ടു വെടിവെയ്ക്കയായോ കഥ, എന്നു ആശ്ചര്യപ്പെട്ടു തിരിഞ്ഞു നോക്കിയപ്പോൾ കണ്ട കാഴ്ച മറെറാരവസരത്തിലായിരുന്നാൽ ഏവനും ചിരിച്ചുപോകും.

ഞാൻ പാച്ചിൽതുടങ്ങുന്നതിനുമുമ്പിൽ തോക്ക ചുവട്ടിലിട്ടു എന്നു പറഞ്ഞുവല്ലോ. കരടിതോക്കിന്റെ സമീപത്തെത്തിയപ്പോൾ അതിനെ സൂക്ഷിച്ചു നോക്കി കൊണ്ടു് അവൻ കുറച്ചു നേരം അവിടെനിന്നു; വെള്ളക്കാരന്റെ വിദ്യയൊന്നുമനസ്സിലാക്കണമെന്നുവിചാരിച്ചിട്ടോ എന്നറിഞ്ഞില്ല. എങ്കിലും അപകടമായ ഒരു സ്ഥിതിയിൽ നിന്നാണു് നോക്കിയതു്. പിൻകാലിലൊന്നു തോക്കിന്റെ വില്ലിന്മേൽ ചവിട്ടി കുഴലിന്റെ ഉള്ളിലേയ്ക്കു നോക്കിയപ്പോൾ വലിയവില്ലിന്മേൽ കയററി വെച്ചിരുന്ന കാഞ്ചി വീണതിനാൽ വെടി പൊട്ടിപ്പോയി.

കരടി ഒന്നു ഞെട്ടി എന്നുതന്നെയല്ല ഒരു ചില്ലു മൂക്കത്തു കൊള്ളുകയും ചെയ്തു. അവന്റെ അപ്പോഴത്തെനാട്യം കാണേണ്ടതാണു്. പല്ലിളിച്ചു താൻതന്നെവിഡ്ഢിയായി എന്നു ഭാവിച്ചു ഒരു പച്ചച്ചിരി ചിരിച്ചു. ഇങ്ങിനെയാണു്, അനാവശ്യങ്ങളായ കാൎയ്യങ്ങളിൽ കൊണ്ടു തല കാട്ടിയാൽ. തോക്കിന്റെ ഗുണദോഷം നോക്കി അറിഞ്ഞിട്ടു തനിയ്ക്കെന്താണു് കാൎയ്യം? അതു ഞങ്ങളുടെ അവകാശമല്ലേ, തനിയ്ക്കു വെടി കൊണ്ടു ചാവാനല്ലേ ഉള്ളു അവകാശം? തങ്ങൾക്കു ഫലമില്ലാത്തുള്ളതു പ്രവൎത്തിച്ചാൽ ഭംഗമേ വരു എന്നു സൎവ്വരും ബോധിയ്ക്കേണം എന്നു കുറുക്കൻ പണ്ടു സിംഹത്തിനോടു പറഞ്ഞതു താൻ കേട്ടിട്ടില്ലേ?

അവന്റെ വിഡ്ഢിയായ ഭാവം നോക്കിക്കൊണ്ടു ഞാൻ ഒരു നിമിഷം നിന്നുപോയി. എന്റെ വിചാരം അവന്നു മനസ്സിലായി എന്നു തോന്നുന്നു. അവൻ മുഖത്തെ ചോര ഒന്നു തുടച്ചു ദംഷ്ട്രങ്ങൾ പുറത്തു കാണിച്ചു പിന്നയും എന്റെ നേരെ ഓടി. ദൈവാനുകൂല്യം കൊണ്ടു ഞാൻ അപ്പോൾനിന്നിരുന്നതിന്റെ സമീപത്തിൽ വണ്ണം കുറഞ്ഞു പൊക്കമുള്ള ഒരു മരം ഉണ്ടായിരുന്നു ധൃതിപ്പെട്ടു ഞാൻ പൊത്തിപ്പിടിച്ചു അതിന്മേൽ കയറി. വണ്ണംകുറഞ്ഞ മരത്തിന്മേൽ കരടിയ്ക്കു കയറാൻ വയ്യാ എന്നു കേട്ടിട്ടുണ്ടെങ്കിലും തൽക്കാലം എനിയ്ക്കു സമാധാനം നന്നേ കുറവായിരുന്നു. അത്ര്യത്തെ കവളിയിൽ ഇരുന്നു കൈകൊണ്ടു കമ്പിന്മേൽ മുറുക്കി പിടിച്ചു മറേറക്കയ്യിൽ നായാട്ടുകത്തിയുമായി വശായി. അപ്പോഴേയ്ക്കു കരടിചുവട്ടിലെത്തി മരത്തിന്മേൽ കയറാനുള്ള ശ്രമമായി. മരത്തിന്നു ഒരു കവുങ്ങിനോളമേ വണ്ണമുണ്ടായിരുന്നുള്ളു. പഠിച്ച പണിയൊക്കെ നോക്കീട്ടും അല്പമെങ്കിലും കയറുവാൻ അവനുസാധിച്ചില്ല. തന്റെ ശ്രമം വ്യൎത്ഥമാണെന്നു കണ്ടപ്പോൾ അവൻ പതുക്കെ പോയി സമീപത്തുണ്ടായിരുന്ന ഒരു പാറമേൽ ചെന്നു കിടപ്പായി.

എന്റെ അപ്പോഴത്തെ സ്ഥിതി വളരെ അസൂയപ്പെടത്തക്കതായിരുന്നില്ല. കാലും തൊണ്ടയും ഒരുപോലെ വിറച്ചുകൊണ്ടിരുന്നു. മര

ത്തിൻെറ കവളിയിൽ ഇടുങ്ങി ഇരുന്നിട്ട പൃഷ്ഠം മരംപോലെ ആയി.
ശൌര്യത്തോടുകൂടി കത്തി കയ്യിൽ പിടിച്ചിട്ടുണ്ടായിരുന്നു എങ്കിലും പ്രാ
ണൻ വായിലായിരുന്നു ആദിത്യൻ അസ്തമിയ്ക്കാൻഒന്നരനാഴികയിൽ അ
ധികം ഉണ്ടായിരുന്നില്ല താനും. അക്കെങ്കിലും അപ്പോൾ ഞാനുമായി
സ്ഥലംമാററം ചെയ്യാൻ സമ്മതമുണ്ടായിരുന്നെങ്കിൽഎൻെറസ്ഥാനംഒഴി
ച്ചുകൊടുപ്പാൻ ഞാൻ തെയ്യാറായിരുന്നു. ശങ്കുമാരാരു ചെന്നു വത്തമാനം
പറയുമ്പോൾ വെടിക്കാരിൽ ചിലർ പുറപ്പെട്ടു വരുമെന്നൊരു സമാധാ
നം മാത്രമേ ഉണ്ടായിരുന്നുള്ളു. കരടി പാറയിന്മേൽ കിടന്നുറക്കവുമാ
യി. ഞാനൊന്നും അറിഞ്ഞില്ലേ, വേണമെങ്കിൽ താൻ ഇറങ്ങിപ്പൊ
യ്ക്കൊള്ളു, എന്നായിരുന്നു അവൻെറ നാട്യം.

പെരുങ്കള്ളൻ......അവൻെറ കളവെനിയ്ക്കു് മനസ്സിലായില്ലെന്നാ
ണ് അവൻ വിചാരിച്ചതു്. ഞാൻഅല്പമൊന്നു് അനങ്ങിയാൽ അുറ
ങ്ങുന്ന കരടി കണ്ണുകുറച്ചു മിഴിച്ചു് ഓട്ടക്കണ്ണിട്ടൊന്നു നോക്കും. ഞാൻ ഇ
വിടെഇരുന്നു ചത്താലുംവേണ്ടില്ലെടോ! നിനക്കെന്നെ തൊടാൻ കഴിക
യില്ല.

ഇങ്ങിനെ ഏകദേശം അരമുക്കാൽ നാഴിക കഴിഞ്ഞപ്പോൾ അല്പം ദൂര
ത്തായിട്ടു് ഒരനക്കം കേട്ടു. നോക്കിയപ്പോൾ കൂട്ടർ നാലഞ്ചുപേർ തോ
ക്കെല്ലാം വലിയവില്ലിന്മേൽ കയററി അങ്ങോട്ടും ഇങ്ങോട്ടും സൂക്ഷിച്ചു
നോക്കി പതുക്കെപ്പതുക്കെ വരുന്നതുകണ്ടു. അവരുടെ മുഖഭാവം കൊ
ണ്ടു് എൻെറ കഥ കഴിഞ്ഞു എന്നായിരുന്നു അവരുടെ ബോദ്ധ്യമെന്നു്
എനിക്കു നല്ലവണ്ണം മനസ്സിലായി. കരടി എവിടെയാണെന്നറിയാതെ
അവർ പെട്ടന്നു വന്നു കയറിയാൽ വല്ല അപകടം പിണഞ്ഞെങ്കിലോ
എന്നു വിചാരിച്ചു ഞാൻ അവരുടെ നേരേ നോക്കി ഒരു മുണ്ടു വീശി
ത്തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അവർ എന്നെക്കണ്ടു. 'ഇതാ മേ
നോൻ' എന്നു് എല്ലാവരും നിലവിളിച്ചു. ഉടനേ ഒച്ച പുറപ്പെടിയ്ക്കു
രുതെന്നു് അവരെ ആംഗ്യം കൊണ്ടു മനസ്സിലാക്കി കരടി കിടക്കുന്നേട
ത്തേയ്ക്കു ചൂണ്ടിക്കാണിച്ചു. ഇതൊക്കെ കണ്ടപ്പോൾ നല്ല പന്തിയല്ലെ
ന്നു കരടിയ്ക്കും മനസ്സിലായി. അവൻ പതുക്കെ എഴുന്നേററു നാലുപുറ
ത്തും നോക്കിത്തുടങ്ങി. അപ്പോഴേയ്ക്കു നമ്മുടെ ചങ്ങാതിമാർ അടുത്തെ
ത്തി. എനിയ്ക്കു പരിഭ്രമവും കലശലായി. ഇതാ അവർ കരടിയെ
ക്കണ്ടു ൧, ൨, ൩, ൪, നാലുവെടികൾ ഒരുമിച്ചുതന്നെ പൊട്ടി.
കരടി രണ്ടു ചാട്ടവും പ്രാണവേദനയോടുകൂടി ഒരു നിലവിളിയും കഴിച്ചു
തടി മുറിച്ചിട്ടതുപോലെ ഭൂമിയിൽ വീണു. ഞാൻ ഒരു വിധത്തിൽ മര
ത്തിന്മേൽ നിന്നിറങ്ങി. കുറേ നേരം അന്യോന്യം വിവരങ്ങളെല്ലാം
പറഞ്ഞു. ശങ്കുമാരാരുടെ പരിഭ്രമവും കരച്ചിലും അദ്ദേഹം പറഞ്ഞ വി

വങ്ങളും മററുമെല്ലാം അവർ പറഞ്ഞുകേട്ടു. ഞാനും അവരും നന്നേ ചിരിച്ചു. ഇനിമേൽ താൻ കാട്ടിൽ കേറില്ലെന്ന് അദ്ദേഹം സത്യവും ചെയ്തുപോൽ.

ചത്തുകിടക്കുന്ന കരടിയെ നോക്കിയതിൽ അവനു രണ്ടുവെടി കൊണ്ടിട്ടുണ്ട്. ഒന്നു മുതുകെല്ലിന്മേലും മറേറത് എടക്കഴുത്തിലും. ആരുടെ വെടിയാണ് കൊണ്ടതെന്നു സംശയമായി. പിറേറന്നാൾ രാവിലെ ഉണ്ട കീറി എടുത്തു നോക്കുന്നതുവരെ തക്കം തന്നെ. ഞാൻ എന്റെ തോക്കുമെടുത്തു മറെറല്ലാവരോടും ഒരുമിച്ചു കളത്തിലേയ്ക്കു പോന്നു ഞങ്ങൾ തിരിച്ചെത്തിയപ്പോഴും ശങ്കുമാരരുടെ പരിഭ്രമം തീന്നില്ല. അദ്ദേഹത്തെ കരടി കടിച്ചില്ലെന്നുള്ള വിശ്വാസം അതുവരെ വന്നിട്ടില്ല തല കരടി കൊണ്ടുപോയി എന്നുതന്നെയാണ് അപ്പോഴും അദ്ദേഹത്തിന്റെ ബോദ്ധ്യം. കരടി ചത്തതിന്റെ ശേഷം ഞാൻ വലിയ സമത്ഥനായി. വീരവാദം ഒട്ടും കുറയ്ക്കാൻ പോയില്ല. കരടിയെ കണ്ടതും പിന്നത്തെ അവസ്ഥകളും മററും പൊട്ടപ്പും തൊങ്ങലും വെച്ചു പൊടിപാറിച്ചു. എങ്കിലും അന്നു രാത്രിയുണ്ടായ ഒരു സംഗതി വായനക്കാരോടു സ്വകാൎയ്യമായി പറയാം. പിറേറന്നാൾ വെളിച്ചമാകുന്നതിനു മുമ്പിൽ ആ കരടി തന്നെ എന്നെ പതിനൊന്നു(൧൧)പ്രാവശ്യം കടിച്ചു.

## 11

## അല്ലാ: ഈ വിധമൊ?

'എഴുത്തു കിട്ടി. ഇതുവരെ മറുവടി അയയ്ക്കാഞ്ഞതു ജോലിത്തിരക്കിനാലാണു'. നീ 'ഭവാനി' എന്ന ഏതോ ഒരു പെൺകുട്ടിയുമായി സ്നേഹത്തിലിരിക്കയാണ് എന്നു കാണുന്നതിൽ ഞാൻ അസഡാളിച്ചിരിയ്ക്കയാണ്. അവൾക്കു സംബന്ധം തുടങ്ങേണമെന്നാകുന്നു നിന്റെ മോഹം. അവളുടെ കുലത്തെപ്പററി യാതൊന്നും നീ പറയുന്നില്ല. ഏതു വിധവും നീ അവളുമായി വേഴ്ചപ്പെടരുതെന്നു ഞാൻ പ്രത്യേകം ഉപദേശിയ്ക്കുന്നു. ഞാൻ ഏറെമുമ്പുതന്നെ നിനക്കായി ഒരുവളെ നിശ്ചയിച്ചിട്ടുണ്ട്. കോവിലകം പേഷ്കാരവർകളെപ്പററി നീ കേട്ടിട്ടില്ലായിരിക്കാം. എന്റെ വാക്കുകളെ അനുസരിയ്ക്കയാണ് നല്ലത്. അങ്ങിനെ ചെയ്താൽ എന്റെ സമ്പാദ്യം മുഴുവൻ നിനക്കായി തരുന്നതാണ്. മറിച്ചാണെങ്കിൽ, മാസം ൩൦-കയേ അയച്ചുതരികയുള്ളു എന്നും ഓമ്മപ്പെടുത്തുന്നു

ഞാൻ ഇതാ സക്കിട്ടു പോണു. രണ്ടുമൂന്നു മാസത്തിനുള്ളിൽ താമസമെവിടെ എല്ലാമെന്നു തീൎച്ചയില്ല. നീ, അതിനാൽ ഇപ്പോൾ കത്തയക്കേണ്ടാ. ഇംഗ്ലീഷ് പഠിത്തത്താലും മററും പാകം വന്നിട്ടുള്ള നിൻെറ ബുദ്ധിയെ നല്ല നിലയിൽ നിൎത്തി എൻെറ വാക്കുകളെ കേട്ടു നടക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

എന്നു നിൻെറ പ്രിയപ്പെട്ട പിതാവു്

രാമൻകുട്ടിമേനോൻ',

വലത്തു കയ്യിൽ തന്നെ എഴുത്തു വെച്ചുംകൊണ്ടു, ഞാൻ, ഒന്നും അനങ്ങാതെ അങ്ങിനെ ഇരുന്നുപോയി. എൻെറ മനസ്സിൽ ഉദിച്ചുമസ്തമിച്ചുമിരുന്ന വിചാരങ്ങൾ എന്തെല്ലാമെന്ന് ഇപ്പോൾ അറിവില്ല എങ്കിലും, പാവയെപ്പോലെ മിഴിച്ചിരുന്നിരുന്ന എൻെറ മുഖത്തിൽ പല ഭാവഭേദങ്ങളുമുണ്ടായിക്കൊണ്ടിരുന്നുവെന്നു ഞാൻ താമസിക്കുന്നേടത്തെ അമ്മ പറകയുണ്ടായി. അച്ഛന്ന് എഴുത്തയച്ചിട്ടു മാസം ഒന്നു കഴിഞ്ഞിരിക്കുന്നു. ഭവാനിക്കുട്ടിയോടു ഞാൻ അപേക്ഷിച്ചതും അതിനെ അവൾ സ്വീകരിച്ചതും ഒന്നായി കഴിഞ്ഞിരിക്കുന്നു. അവളെ യാതൊരു കാരണവശാലും ഉപേക്ഷിക്കുവാൻ എനിയ്ക്കു മനസ്സില്ല താനും.

കഷ്ടം! എൻെറ പിതാവിനു പൂൎണ്ണസമ്മതമില്ലെങ്കിൽ, ഭവാനിക്കുട്ടിപിൻമാറാതിരിക്കില്ലെന്നു തീൎച്ചപറഞ്ഞിരിയ്ക്കുന്നു! ബി. ഏ പരീക്ഷാഫലം ഒരു മാസത്തിനകം പുറത്താവുമെന്നും, വിജയം നിശ്ചയമാകയാൽ, വിവരം അറിഞ്ഞതിനു മേൽ വിവാഹം നടത്താമെന്നുംഞങ്ങൾ തമ്മിൽ സമ്മതിച്ചിട്ടുമുണ്ടു. ഇനി, ഇപ്പോൾ എന്താണു നിവൃത്തി? മറുവടിക്കത്തു വന്നാൽ ഉടൻ കാണിയ്ക്കേണമെന്നും അവൾ നിർബ്ബന്ധിച്ചിരിക്കുന്നു.

ഞാൻ അന്നു രാത്രിയിൽ ഊണു കഴിച്ചിട്ടു സവാരിപോയതു ഭവാനിക്കുട്ടി താമസിക്കുന്ന വീട്ടിലേയ്ക്കായിരുന്നു.

ഞാൻ അവിടെ ചെന്നസമയം വീട്ടുകാർ ജോലികഴിഞ്ഞു സ്വസ്ഥാനങ്ങളിൽ പ്രാപിക്കാറായിട്ടില്ല. ഭവാനിക്കുട്ടി ഏതോ ഒരു പുസ്തകംവായിച്ചുകൊണ്ടിരിയ്ക്കയായിരുന്നു. അകത്തുചെന്ന് അമ്മമുതലായവരെ കണ്ടു കുശലപ്രശ്നാദികൾ കഴിച്ചിട്ടു ഭവാനിക്കുട്ടിയുടെ പഠിത്തസ്ഥലത്തേയ്ക്കുപോയി ഏതാനും ചില കൃതികളെപ്പററി കുറെനേരം ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു; പിന്നെ, ഞാൻ ആ കത്തെടുത്തു് ഭവാനിക്കുട്ടിയുടെ കയ്യിൽ കൊടുത്തു. വായിച്ചു തീൎന്ന ഉടൻ ഭവാനിക്കുട്ടി

എൻെറ മുഖത്തു നോക്കി പൊട്ടിച്ചിരിയ്ക്കയാണു് ചെയ്തതു്. ആവൂ! അവളുടെ ചിരി മററാക്കമില്ല. ഞാൻ ഗൌരവമായിരിപ്പാൻ ശ്രമിച്ചു, എങ്കിലും അതു സാധിച്ചില്ല. ഞാനും ചിരി തുടങ്ങി. ആ വിധം കുറെ കഴിഞ്ഞതിൻെറ ശേഷം ഭവാനിക്കുട്ടി ഇങ്ങിനെ പറഞ്ഞു.

'എനിയ്ക്കു മാപ്പുതരണം. അല്ല! അതൊരു നേരം പോക്കു തന്നെ അങ്ങയ്ക്കു് ഒരു ഭാര്യയെ തെരഞ്ഞെടുപ്പാൻ അങ്ങയുടെ പിതാവു തുനിഞ്ഞതും, അതിൽ അങ്ങയുടെ സമ്മതമോ അഭിപ്രായമോ ആവശ്യപ്പെടാത്തതും എന്താ? എങ്ങിനെ തോന്നുന്നു?'

ഞാൻ—എയ്! അദ്ദേഹത്തിനു്......

ഭവാനി—ഹും. അവളുടെ ഭാഗ്യം.

ഞാൻ—ആരുടെ?

ഭവാനി......അ—അ—മറേറവൾ

ഞാൻ—എന്തു്? ഭവാനിക്കുട്ടി! നാം സത്യം ചെയ്തിട്ടുള്ളതു മറന്നോ? അതിലേയ്ക്കു വ്യത്യാസം വരുത്തുമോ?

ഭവാനിക്കുട്ടി വീണ്ടും എഴുത്തെടുത്തു വായിച്ചു. ഒരു നാലഞ്ചു് ആവൃത്തി നോക്കീട്ടു താഴെ വെച്ചു. പിന്നെ കണ്ണീർ പൊഴിയുന്നതുവരെ ചിരിച്ചുകൊണ്ടിരുന്നു. എന്നിട്ടു്,

എന്നാൽ, സ്വത്തോ? അങ്ങയ്ക്കു് അച്ഛൻെറ സ്വത്തു കിട്ടില്ലാ എന്നു വരുമല്ലോ.

ഞാൻ—സ്വത്ത്! ഞാൻ തൃണംപോലും വിലവെച്ചിട്ടില്ല. നാം ഉദ്യോഗം പ്രവേശിയ്ക്കും. ക മതിയാവില്ലെങ്കിൽ വല്ല പണിയിലും പ്രവേശിയ്ക്കും.

ഭവാനി—അങ്ങയ്ക്കു നല്ല പ്രായം. സ്വന്തമനസ്സാലെ ഒരുത്തിയെ കൈക്കൊള്ളുവാൻ ധാരാളം പ്രാപ്തിയുണ്ടു്. ഇല്ലെന്നുണ്ടോ?

ഞാൻ—എയ്! എനിയ്ക്കെന്താ പാടില്ലായ്ക? ഭവാനിക്കുട്ടി! കേട്ടോളൂ! ഞാൻ സ്വത്തിനെ ഉപേക്ഷിയ്ക്കാമെന്നു തീച്ചപ്പെടുത്തിയിരിയ്ക്കയാണു്. എന്താണെന്നല്ലേ? അച്ഛൻ നിശ്ചയിച്ചിരിയ്ക്കുന്ന ആ സ്ത്രീയെ എനിയ്ക്കു വേണ്ടാ.

ഭവാനി—അങ്ങു് ആ വിധം ഒരു കൃത്യം ചെയ്യുമോ?

ഞാൻ—നിശ്ചയമായി! ഒന്നിലൊ ഭവാനിയോടൊരുമിയ്ക്കും; അല്ലെന്നാൽ, ഇതേ സ്ഥിതിയിൽ ജീവാവസാനംവരെ കഴിയ്ക്കും.

ഭവാനി—എന്നാൽ, ഞാനും തീർച്ചയാക്കി. ഒന്നിൽ അഞ്ച്; അല്ലെങ്കിൽ മരിയ്ക്കുന്നതുവരെ ഒരു കന്യക. ആട്ടെ! അടുത്ത മാസാദ്യത്തിൽ പരീക്ഷയുടെ വിവരം അറിയാമല്ലോ.

പിന്നെ ഓരോന്നു പറയുന്നതിന്നിടയിൽ, ഞങ്ങളുടെ മററു ബന്ധുക്കളെപ്പററി ചിലതു സംസാരിപ്പാൻ തുടങ്ങി. അപ്പോൾ ഭവാനി, 'ഹും! അങ്ങയ്ക്കു ബന്ധുക്കൾ ധാരാളമുണ്ടല്ലോ?'—എന്നു പറഞ്ഞു.

ഞാൻ—അതുകൊണ്ടെന്താ?

ഭവാനി—പിന്നെ, എന്തിനെയാണ് എൻെറ വരെസ്നേഹിയ്ക്കു?

ഞാൻ—ഭവാനിക്കുട്ടിയുടെ ബന്ധുക്കളെപ്പററി എനിയ്ക്കറിവില്ലല്ലോ. അവരെല്ലാമുണ്ടു്?

ഭവാനി—അധികമില്ല, ഒരാളേ ഒരാൾ; എളയച്ഛൻമാത്രം. അങ്ങയ്ക്കു് അദ്ദേഹത്തോടു സ്നേഹമുണ്ടാകുമെന്നു തോന്നുന്നില്ല. എനിയ്ക്കു വലിയ കാര്യമാണ്. (ഇത്രയും പറഞ്ഞിട്ടു് ഒന്നു കടക്കണ്ണിട്ടുനോക്കി.)

ഞാൻ—ഞാനും അദ്ദേഹത്തെ സ്നേഹിയ്ക്കുമല്ലോ. അതിനെന്താ സംശയം?

ഭവാനി—അ! അദ്ദേഹം ഏതു സ്ഥിതിയിലാണെന്നു് അങ്ങയ്ക്കു് അറിയാമോ? പിന്നെ എങ്ങിനെ?

ഞാൻ—പറയൂ.

ഭവാനി—എന്തിനു പറയുന്നു?—അദ്ദേഹം—അദ്ദേഹം എ! അങ്ങറിവാനിടയുണ്ടു്—ഒരു—ദാസൻ—കേട്ടിട്ടുമില്ലേ?

ഭവാനിക്കുട്ടിയുടെ നോട്ടങ്ങളെ ധൈര്യസമേതം ഏററിട്ടു്, ഞാൻ ഇങ്ങിനെ പറഞ്ഞു: 'ഞാൻ ഭവാനിയെ സ്വീകരിച്ചാൽ ഭവാനിയുടെ ബന്ധുക്കളെപ്പററി കുററംപറവാൻ ഒരുങ്ങുമോ? പ്രത്യേകിച്ചും ഭവാനിയ്ക്കു വളരെനന്മചെയ്തിട്ടുള്ള ഒരാളെ ഞാൻ ഒരു കാലത്തും വെറുക്കുമോ?.

ഇത്രയും ബഹുമോടിയായിപ്പറഞ്ഞു തീർന്നു എങ്കിലും, ഭവാനിക്കുട്ടിയുടെ കഥയെപ്പററി അപ്പോൾ കേട്ടതു മനസ്സിനു് ഒരു അസ്ത്രംതറച്ചതുപോലെയായി. കഷ്ടം! ഒരു ദാസൻെറ നില എന്തു മാത്രമുണ്ടു്! എവിടെയോ ആരോടൊന്നിച്ചോ ദാസവേല ചെയ്യുന്നില്ലുന്ന ഒരുപീറക്കോമരനാണ് എളയച്ഛനെന്നു വന്നാൽ—എന്താചെയ്ക? അവളുടെ അച്ഛനും അമ്മയും മരിച്ചുപോയി എന്നു ഞാൻ അറിഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ, ഇങ്ങിനെ ഒരാൾ അവളുടെ അച്ഛൻെറ നിലയിൽ അവളെ അ

ന്വേഷിയ്ക്കാറുണ്ടെന്നു് ഇപ്പോഴേ ധരിച്ചുള്ളൂ. അപ്പൂ! എന്റെ അച്ഛൻ ഇക്കാൎയ്യമറിഞ്ഞാൽ എന്തു തകരാറുകളുണ്ടാകും—ഈ വിധം വിചാരിച്ചു നില്ക്കുമ്പോൾ,

ഭവാനി—(എന്നെ സൂക്ഷിച്ചുനോക്കീട്ടു) എളയച്ഛനു ഞാൻ ഒരു പ്രാണനാണു്. എന്തെല്ലാം സാമാനങ്ങളാണു് അദ്ദേഹം എനിയ്ക്കു് അപ്പഴപ്പോൾ അയച്ചുതരാറുള്ളതു്! അദ്ദേഹം എന്റെ അച്ഛനാണെന്നേ ഞാൻ വിചാരിയ്ക്കുന്നുള്ളു. എളയച്ഛൻ എപ്പോൾ വന്നാലും എന്റെ വീട്ടിൽ അദ്ദേഹത്തിനു യാതൊരു അസ്വാതന്ത്ര്യവുമില്ല. അത്രയ്ക്കുണ്ടു് എനിക്കു് ആദരവും സ്നേഹവും.

ഞാൻ—അതേ! അതേ! അദ്ദേഹത്തെ എന്നുകാലത്തും ഭവാനിയുടെ ഗൃഹത്തിൽ യഥാവിധി പൂജിയ്ക്കണം. ആട്ടെ! അദ്ദേഹത്തിന്റെ താമസമെവിടെ?

ഭവാനി—പതിവായി അനന്തപുരിയിലാണു്; അദ്ദേഹം വരുന്നതിൽ വിരോധമുണ്ടാവില്ലല്ലോ?

ഞാൻ—എയ്! എനിയ്ക്കു പൂൎണ്ണസമ്മതം.

ഭവാനി തലയിൽനിന്നു് ഒരു ചുമടിറക്കിയതുപോലെ ഒന്നു നിശ്വാസമിട്ടു. എന്നിട്ടു് എന്റെ അരികിലെത്തി, 'എന്റെ ഹൃദയം അങ്ങയുടേതിനോടു യോജിച്ചിരിയ്ക്കുന്നു' എന്നു മന്ദമായി പറകയും ചെയ്തു.

* * * * * * * *

മാസം ഒന്നു കഴിഞ്ഞു. ഇതിനിടയിൽ ഞങ്ങൾ തമ്മിൽ വിവാഹബന്ധത്തിലായിരിയ്ക്കുന്നു. മംഗലത്തു് വീട്ടിൽ താമസവുമുറപ്പിച്ചു. അവിടുന്നു കൊച്ചിയിലേയ്ക്കു കുറെ ദൂരമേ ഉള്ളു. ഞാൻ കൊച്ചിയിൽ ഒരു പണിയിൽ പ്രവേശിയ്ക്കയും ചെയ്തു. ഇരുപതു ഉറുപ്പിക മാസപ്പടി ലഭിച്ചു. അങ്ങിനെ മാസം ൨൦ ക. കൊണ്ടു സുഖമായി കാലയാപനം ചെയ്തുവെന്നു പറഞ്ഞാൽ മതിയല്ലോ. വല്ലപ്പോഴും വല്ല സുഖക്കേടിനും ഹേതുവുണ്ടായിട്ടുണ്ടെങ്കിൽ, അതു പിതൃസ്വത്തിന്റെ കാൎയ്യത്തെപ്പററി ഭവാനിക്കുട്ടി പറഞ്ഞു വ്യസനിച്ച വാക്കുകളായിരുന്നു. എങ്കിലും ഞാൻ ഭവാനിയെ സമാധാനപ്പെടുത്തിപ്പോന്നു.

അവളുടെ പ്രസന്നമുഖവും, ആനന്ദപ്രദങ്ങളായ നേത്രങ്ങളും, അവാഗ്വിലാസവും, നോട്ടങ്ങളുമെല്ലാം എന്നെ ഏറെ ആഹ്ലാദിപ്പിച്ചു. ജ്ജാലികൊണ്ടു മുഷിഞ്ഞു മനസ്സു മടിച്ചിരിയ്ക്കുമ്പോഴൊക്കെ ഭവാനിയുടെ

മധുരവചനങ്ങൾ എനിയ്ക്കു സ്വൎഗ്ഗസുഖത്തെ തരിക പതിവായിരുന്നു.

ഒരു ദിവസം ഞങ്ങൾ പല സംഗതികളെപ്പററി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തപാൽ ശിപായി ഒരു എഴുത്തുകൊണ്ടുവന്നു ഭവാനിയുടെ കയ്യിൽ കൊടുത്തു.

'ഓഹോ! എളയച്ഛൻെറയാണു,' എന്നു ഭവാനി സന്തോഷസംഭ്രമങ്ങളോടുകൂടി പറഞ്ഞു.

ഞാൻ—നല്ല കയ്യക്ഷരം! അതു നന്നായിരിക്കുന്നു—ഒരു കാൎയ്യം യജമാനൻെറ നോട്ടുകടലാസ്സുകളും മററും ഇങ്ങിനെ എടുത്തു ഉപയോഗിയ്ക്കുന്നതു മൎയ്യാദക്കേടല്ലേ? ദാസന്മാൎക്കു ഇതാവാമോ?

ഭവാനിക്കുട്ടി വളരെ ശ്രദ്ധയോടുകൂടി എഴുത്തു വായിച്ചുകൊണ്ടിരുന്നതിനാൽ, എൻെറ വാക്കുകളെ കേട്ടില്ല. എന്നിട്ട്,

ഭവാനി— കേട്ടില്ലേ? ഇന്നു ഉച്ചതിരിയുമ്പോൾ എളയച്ഛൻ ഇവിടെ എത്തുമത്രേ.

ഞാൻ—ഓഹോ!, അപ്പോൾ ഞാൻ സിക്രട്ടറി അവൎകളെ കണ്ടിട്ടു മടങ്ങുന്നതിനുമുമ്പു എത്തിയേയ്ക്കുമോ? എന്നാൽ, അത്താഴത്തിനു എല്ലാം വെടിപ്പായി വട്ടം കൂട്ടിയ്ക്കണം.

ഭവാനി—അത്താഴമോ?

ഞാൻ—എന്താ! താമസിച്ചു മുത്താഴം കഴിയ്ക്കുന്നതിൽ ഭേദം നേരത്തെ അത്താഴമല്ലേ?

ഭവാനി......എളയച്ഛനു അത നിൎബ്ബന്ധമില്ല

ഞാൻ—എന്തെങ്കിലുമാട്ടെ! എല്ലാം ഭവാനിയ്ക്കു അറിയാമല്ലോ.

ഞാൻ മടങ്ങിവരാൻ പതിവിലധികം താമസിച്ചു മണി അറുന്നടുത്തു. ഇച്ചിയ്ക്കു ഊണുകഴിച്ചതിൽ പിന്നീടുള്ള ചായ കുടി അന്നു ഊൎദ്ധ്വമായി. തളത്തിൽ ചില പുതിയ ആളുകളുടെ ശബ്ദം കേട്ടപ്പോൾ തന്നെ മൂപ്പർ വന്നിട്ടുണ്ടെന്നു മനസ്സിലാക്കി. കയ്യിലുണ്ടായിരുന്ന പുസ്തകങ്ങളും കടലാസ്സുകളുമെല്ലാം ഒരേടത്തു കൊണ്ടുവെച്ചിട്ടു വേഷം മാറിയതിനുമേൽ മൂപ്പരെ ചെന്നു കാണാമെന്നുറച്ചു ഞാൻ എൻെറ മുറിയിലേയ്ക്കു നടന്നു. ഉടൻ തന്നെ വാല്യക്കാരൻ ഓടിവന്നു, അൎത്ഥത്തോടുകൂടി എൻെറ മുഖത്തു നോക്കി. അവിടെ ഏതാണ്ടു പുതിയ സാമാനങ്ങളും മററും കണ്ടു ഞാൻ ഒന്നു ആശ്ചൎയ്യം നടിച്ചപ്പോൾ, അവൻ,

'ഭവാനിക്കുട്ടിയമ്മേടെ എളയച്ഛൻ കൊണ്ടന്നതാ' എന്നു പതുക്കെ പറഞ്ഞു.

ഞാൻ—ഓഹോ! അദ്ദേഹം കൊണ്ടന്നതോ?

വാല്യ—അവ്വ! സാമാനങ്ങളെ ന്തെല്ലാം...... .....

തൻെറ യജമാനനെ വഞ്ചിച്ചു് ഇങ്ങിനെ എല്ലാം കൊണ്ടുവരാൻ ഭവാനിക്കുട്ടിയുടെ 'എളയച്ഛനു' നാണമില്ലല്ലൊ എന്നുമാത്രം ഞാൻ വിചാരിച്ചു.

വാല്യ—അദ്ദേഹം വല്യാളുതന്നെ.

എനിയ്ക്കു ഈ വൎത്തമാനങ്ങളൊന്നും രസിച്ചില്ല. യജമാനന്മാരെ കുഴിയിലാക്കുന്ന ഒരുവക സേവന്മാരുടെ കഥ ഇപ്പോൾ ദൃഷ്ടാന്തപ്പെട്ടുവെന്നാണു് ഞാൻ 'എളയച്ഛ'നെപ്പററി വിചാരിച്ചതു്.

ഞാൻ തളത്തിലേയ്ക്കു ചെന്നപ്പോൾ അവിടെ ഊണിനു വേണ്ടപാത്രങ്ങളൊക്കെ നിരത്തിയിരിയ്ക്കുന്നു. അവിടെയുണ്ടു് ഒരു ആജാനുബാഹു നിന്നു ഭവാനിയോടു വൎത്തമാനം പറയുന്നു. മുപ്പർ കുട്ടിക്കറെ ണിയുടുത്തിട്ടുണ്ടു്. കാതിൽ വൈരക്കടുക്കൻ; കൈവിരലിൽ മൂന്നാലുമോതിരങ്ങൾ; മേലിൽ നാലായി മടക്കിയ ഒരു തോൎത്തു്—ഇതൊക്കെയാണു് അലങ്കാരം.

ഭവാനി—അ! വന്നെത്തിയല്ലോ. ഇത്ര താമസമെന്തായിരുന്നു? ഇതാണു് എൻെറ എളയച്ഛൻ—

ഞാൻ—(ഭവാനിയോടു്)......പേരെന്താ?

ഭവാനി—അല്ലാ! നന്നായി! കോവിലകം പേഷ്ക്കാരെന്നു കേട്ടിട്ടില്ലേ?

ഞാൻ അമ്പരന്നു നിന്നുപോയി. 'നിങ്ങടെ അച്ഛൻെറ പഴയൊരു ചങ്ങാതിയാണു് ഞാൻ' എന്നു് അദ്ദേഹം പറഞ്ഞതു കേട്ടാറെ,—എരിതീയിൽ എണ്ണ എന്നപോലെ ആയി. എൻെറ ആ വ്യാകുലതയെക്കണ്ടിട്ടു ഭവാനിക്കുട്ടി പൊട്ടിച്ചിരിച്ചുകൊണ്ടു നിന്നതേഉള്ളു. അതുകണ്ടു്,

അദ്ദേഹം—നിങ്ങളെ ഭവാനി കളിപ്പിയ്ക്കയാണു്. അവളുടെ കുട്ടിക്കാലത്തെ സ്വഭാവം വിട്ടുമാറീട്ടില്ല.

ഞാൻ—അതല്ല! അങ്ങു് ഒരു ദാസനാണു് എന്നാണു് ഭവാനി എന്നെ ധരിപ്പിച്ചിരുന്നതു്— (ഒന്നു നെടുവീൎപ്പിട്ടു.)

ഭവാനി—(ചിരിച്ചുംകൊണ്ടു്) അതെ, അതെ, രാജരാജദാസൻ, കോവിലകംപേഷ്ക്കാർ.

ഞാൻ—രാജരാജദാസൻ,-കോവിലകം പേഷ്കാർ,- എന്നു ഗൽഗദത്തോടു പറഞ്ഞു് ആലോചിയ്ക്കയായി: എന്റെ അച്ഛന്റെ സ്നേഹിതൻ- അതേ- എന്തു്- എന്നാൽ—ഇനി എന്തിന്നു് ആ വിചാരം?-അച്ഛൻ എനിയ്ക്കു ഭവാനിയെ തന്നെയാണു്........

ഭവാനി......അതേ! അതേ! ആ എഴുത്തിൽ സൂചിപ്പിച്ചിരിയ്ക്കുന്ന ആൾ ഞാനല്ലെന്നുവരികിൽ, അങ്ങയെ കയ്ക്കൊള്ളുവാൻ എനിയ്ക്കു മനസ്സുണ്ടാകുമെന്നു വിചാരിയ്ക്കുന്നുണ്ടോ?

ഞാൻ—അല്ലാ! ഈ വിധമോ?

വിദ്യാവിനോദിനി കെ. രാമകൃഷ്ണപിള്ള.

---

## IV

## മററമ്മയുടെ ഉപദേശം.

---

പാമ്പുവിരൽ അകത്തേയ്ക്കു വളച്ചു മോതിരവിരലിന്റെ പുറത്തു കയററി മണലിലിട്ടുരച്ചാലുണ്ടാകുന്ന ഫലം ഞാൻ കാലേതന്നെ കണ്ടുവെച്ചിരുന്നു എങ്കിലും, നിലത്തുവരയും വിരലിന്റെ തുമ്പത്തു തഴമ്പും മാത്രമാണെന്നു് അമ്മയെ മനസ്സിലാക്കാനായി ആറുമാസം ബുദ്ധിമുട്ടേണ്ടിവന്നു. പിന്നീട്ടു് അച്ഛന്റെ സുഖക്കേടും അമ്മയുടെ കഷ്ടപ്പാടും എന്റെ മടിയും ക്രമത്തിൽ വൎദ്ധിച്ചുവന്നതുകൊണ്ടു കുറെകാലം എഴുത്തും വായ്പാഠവും കൂടാതെതന്നെ കഴിഞ്ഞു. അച്ഛൻ മരിച്ച വ്യസനം ആറിത്തുടങ്ങിയകാലത്തു് ഒരു ആശാൻ അയൽവക്കത്തു കുട്ടികളെ എഴുതിച്ചു തുടങ്ങീട്ടുണ്ടെന്നും മുൻകൂട്ടി ഗുരുദക്ഷിണ കരാറുചെയ്താൽ അവസ്ഥപോലെ ശിഷ്യൎക്കു വിദ്യയും ഗുരുത്വവും ദാനം ചെയ്യുന്നതിന്നു് ആശാൻ അതിസമൎത്ഥനാണെന്നും ഏതോ ഒരു സ്ത്രീ അമ്മയെ ധരിപ്പിച്ചു. അസ്ത്രീ ഒഴിച്ചാലൊഴിയാത്ത ബാധയായി കൂടിയപ്പോൾ അമ്മ അവരെ വിശ്വസിച്ചു നല്ല ദിവസം നോക്കി എഴുത്തു പഠിയ്ക്കുവാനെന്നെ അയയ്ക്കണമെന്നു തീർച്ചപ്പെടുത്തി. വേഷംമാറി നടക്കുന്ന രാക്ഷസികൾ കുട്ടികളെ പിടിച്ചുകൊണ്ടുപോയി കൊന്നുതിന്നുന്നതു് അഞ്ചേലെ രാമനും മററും കണ്ടിട്ടുണ്ടെന്നു് അമ്മയോടു ഞാൻ കരഞ്ഞുപറഞ്ഞുനോക്കി. പ

ക്ഷെ നല്ലദിവസം നോക്കി ആ സ്ത്രീ വന്നപ്പോൾ, അമ്മ, ഞാൻ പറഞ്ഞതുകൂടി അവരോടു പറഞ്ഞു് എന്നെക്കൂട്ടി അയച്ചു. ആശാനെ കണ്ടപ്പോൾ ആൾ രാക്ഷസനായാൽ പോരാ എന്നും അന്തകന്റെ അച്ഛനോ' കൊച്ചച്ഛനോ' ആയിരിയ്ക്കണമെന്നും എനിയ്ക്കു തോന്നി. പരിചയമുള്ള കുട്ടികളുണ്ടായിരുന്നതുകൊണ്ടു പേടിയ്ക്കു ഭേദം തോന്നിയെങ്കിലും ആശാന്റെ സമ്പ്രദായം കണ്ടു് ഉള്ളു കിടുകിടുത്തുകൊണ്ടു ഞാനൊരു മൂക്കിൽ ചെന്നു് അടങ്ങി ഒതുങ്ങിയിരുന്നു. ആശാൻ കുട്ടികളുടെ കൂനും കോട്ടവും തീൎത്തിരുത്തി എന്തോ ശബ്ദിച്ചപ്പോൾ ചിലർ ചിലതെല്ലാം ചൊല്ലിത്തുടങ്ങി. വഴിനടന്ന ക്ഷീണവും കഞ്ഞി കാലേ കഴിഞ്ഞതുകൊണ്ടു വിശപ്പും ആശാനെക്കണ്ട പേടിയുംകൂടി ഞാനിരുന്നൊന്നു കണ്ണടച്ചു. കുട്ടികളുടെ കരച്ചിൽ കേട്ടു കണ്മിഴിച്ചതാശാന്റെ മുഖത്താണു്. പക്ഷെ നോട്ടം എന്റെ നേൎക്കായിരുന്നില്ല. ഈ ലാക്കിൽ ആ സ്വരൂപത്തെ ഞാനൊന്നു സൂക്ഷിച്ചു നോക്കി. തലയിൽ പാറിച്ചെമ്പിച്ച അഞ്ചാറു കുറ്റിരോമം, കുഴനെറ്റി, വട്ടക്കണ്ണു്, വെള്ളദംഷ്ട്രി, ചെറിയമൂണ്ടു, നടുക്കൊരിടുക്ക, വലുപ്പം ധാരാളമുള്ള വായിൽ പല്ലുകളുടെ തിക്കും തിരക്കും കലശലായി ചിലതു പുറത്തേയ്ക്കു പുറപ്പെട്ട കൂട്ടത്തിൽ ഒന്നരണ്ടെണ്ണം സ്ഥലം കണ്ടതു മൂക്കിന്റെ തുരവിലാണു്. ഇത്രയൊക്കെ നോക്കിക്കഴിഞ്ഞിട്ടും ആ നോട്ടം ആശാൻ മാറ്റാതെയിരിയ്ക്കുന്നതു കണ്ടു ഞാൻ പല്ലുകളുടെ നിറഭേദവുംകൂടി മനസ്സിലാക്കാൻ തുടങ്ങി. ഉറക്കംതൂങ്ങിയാൽപോര, ഒപ്പത്തിനൊപ്പം തുറിച്ചു മിഴിയ്ക്കണോ, ടേ, ഠേ! എന്നൊരു വെടി പൊട്ടിയ്ക്കലും എന്റെ ചെവി പിടിച്ചു വട്ടം ചുറ്റിയ്ക്കലും ആശാനൊപ്പം കഴിച്ചു. കരഞ്ഞാൽ ശിക്ഷ ആവൎത്തിയ്ക്കുമെന്നുകണ്ടേടംകൊണ്ടു കരുതി കരച്ചിലും കണ്ണീരും ഞാൻ അമുക്കിപ്പിടിച്ചതു് ഒന്നായി കീഴ്പ്പോട്ടു ഇരുന്ന കഥ ഞാനാസ്സമയത്തു അറിഞ്ഞില്ല. 'ആശാനു് ഒന്നിന്മേൽ നോക്കി മറ്റൊന്നു മനസ്സിലാക്കുവാനുള്ള വിദ്യയുണ്ടെന്നു ഞാനറിഞ്ഞോ' എന്നു ഞാൻ കിനുങ്ങിക്കൊണ്ടു പറഞ്ഞപ്പോൾ ആശാന്റെ ഭാൎയ്യ (വീട്ടിൽ വന്നിരുന്ന സ്ത്രീ) പൊട്ടിച്ചിരിച്ചു. ആശാനും ചില ഗോഷ്ടികൾ കാട്ടി; ഇതിനിടയ്ക്കു് എന്റെ ഇരിപ്പിടം നനഞ്ഞു തുടങ്ങിയപ്പോൾ തുടകളെ ഒന്നുകൂടി അമൎത്തിപ്പിടിച്ചു നോക്കി. പക്ഷേ, അടുത്തിരുന്നിരുന്ന മീനാക്ഷി എന്ന പെൺകുട്ടി 'മൂത്രം' എന്നു പറഞ്ഞെണീറ്റു. അപ്പോളാണു് ആശാനും ഭാൎയ്യയ്ക്കും കാൎയ്യം മനസ്സിലായതു. ഭാൎയ്യ ആശാന്റെ മുഖത്തേയ്ക്കു തുറിച്ചു നോക്കിക്കൊണ്ടു് എന്നെ വിളിച്ചു് അകത്തേയ്ക്കു കൊണ്ടുപോയി, മേൽ കഴുകിച്ചു മുണ്ടു മാറി ഉടുപ്പിച്ചതിന്റെ ശേഷം അവർ എന്നോടു പലതും ഉപദേശിച്ചു. അദ്ദേഹം കുട്ടികളെക്കണ്ടാലുടനെ പ്രകൃതം മനസ്സിലാക്കി മിടുക്കന്മാരായ കുട്ടികളുടെ ശരീരപ്രകൃതിയും ബുദ്ധിയുടെ പോക്കും അനുഭവപ്പെടുത്തുവാനായി ഈമാതിരി അപൂ

വം ചില കൈകൾ പ്രയോഗിയ്ക്കാറുണ്ടെന്നും ഗുരു അനുഭവപ്പെടുത്തിത്തന്നിട്ടുള്ള വിദ്യകളെ പെററമ്മയോടുംകൂടി പറയുകയോ മുട്ടിയ നിവൃത്യ്ക്കല്ലാതെ പ്രയോഗിയ്ക്കുയോ ചെയ്തുപോകരുതെന്നും പറഞ്ഞു് അവരെന്നെക്കൊണ്ടു അപ്രകാരം സത്യം ചെയ്യിപ്പിച്ചു. എന്റെ ദേഹത്തിൽ ഇനിയൊരു പൂഴി നുള്ളിയിടുവാൻ ഇടയാക്കാതെ അറുമാസംകൊണ്ടു ഞാനൊരു വലിയ വിദ്വാനും വൈദ്യനുമായിത്തീരുവാൻ തക്ക ബുദ്ധിയും ഫലിതവും പാരമ്പര്യവഴിയ്ക്കെന്റെ വാക്കിലും പ്രവൃത്തിയിലും പ്രകാശിയ്ക്കുന്നുണ്ടെന്നു് അവക്കും ആശാനും പൂർണ്ണബോദ്ധ്യം വന്നുവെന്നും എന്നെപ്പറഞ്ഞു വിശ്വസിപ്പിച്ചു. ആശാനെന്നെ മാത്രമല്ലാതെ കുട്ടികളെ കൈകൊണ്ടു തൊട്ടിട്ടില്ലെന്നുള്ളതിലേയ്ക്കു മിററത്തു നില്ക്കുന്ന പുളിമരത്ത്യു കുററിച്ചൂലുപോലെയായതും വള്ളിച്ചൂരൽ ചുററിപ്പടന്നു് ഇരുട്ടടച്ചു കിടന്നിരുന്ന വിഷക്കാട്ട വെളുത്തുപോയതും എന്നെ ചൂണ്ടിക്കാണിച്ചു ബോദ്ധ്യപ്പെടുത്തി. അവരെന്നെ പിടിച്ചുടുക്കലേയ്ക്കണച്ചു നിറുത്തി പുറത്തു തലോടിക്കൊണ്ടു് 'ഇനി ഭയപ്പെടാതെ ചെന്നു് അൻപത്തൊന്നു പദേശം വാങ്ങിക്കോളൂ! എഴുതുവാനൊരു സ്ലേററു തരാ'മെന്നുപറഞ്ഞു സ്ലെയിറേറാടുകൂടി ആശാന്റെ മുമ്പിൽ കൊണ്ടുപോയിരുത്തി. ആശാനെ അകത്തേയ്ക്കു വിളിച്ചു് 'അക്ഷരത്തിനാദ്യുപദേശമാണു് കരാറു, മേലുകീഴു നോക്കാതെ വല്ലതും കാട്ടി കുട്ടിയെ മുഷിപ്പിച്ചയച്ചാൽ പിന്നെത്തെ എനിയ്ക്കപ്പോൾ തോന്നും' എന്നു് ആശാനെ ശാസിയ്ക്കുന്നതും ഞാൻ കേട്ടു. എന്നോടു സ്നേഹം കാണിച്ച ആ സ്ത്രീയെ ഞാൻ പിന്നീടു മററമ്മ എന്നാണു് വിളിച്ചുവന്നതു. ആശാൻ ഉപദേശിയ്ക്കുവാൻ വന്നിരുന്നു. ആദ്യം എഴുതിച്ച അക്ഷരം എനിയ്ക്കു പരിചയമുള്ള പഴേ 'ഹരി' തന്നെയാണു്. പക്ഷെ ശബ്ദിച്ചതങ്ങിനെയൊന്നുമല്ല; ഒച്ച പുറപ്പെട്ടതു തന്നെ വായിൽക്കൂടിയല്ല, ഒരു ഭാരം മേല്പോട്ടു കേറീട്ടാണു്. രണ്ടക്ഷരവും കൂട്ടിക്കലർത്തി ഒററ ശബ്ദമായിപ്പുറത്തേയ്ക്കു തള്ളിവിട്ടപ്പോൾ 'ഒച്ചക്കട്ടയും പൊടിയും' എന്റെ സ്ലെയിററു നിറഞ്ഞു. സ്ലെയിററിലിത്രയൊക്കെ കോലാഹലം കണ്ടപ്പോൾ ഞാനൊന്നുകോച്ചി, മുഖം ചുളിച്ചതു മററമ്മയ്ക്കു മനസ്സിലായി. 'ഗ്രന്ഥത്തിൽ തുപ്പലിനു് അശുദ്ധിയില്ലെങ്കിലും അധികമായാലാക്കും അറപ്പുണ്ടാകുന്നതു കുററമല്ല' എന്നു മററമ്മ പറഞ്ഞതു് ആശാൻ വകവെയ്ക്കാതെ 'ചൊല്ലിയതുപോലെ ചൊല്ലണം' ശബ്ദം ഉറച്ചു പുറപ്പെടട്ടെ, അതാണു് മിടുക്കു' എന്നായി. എനിയ്ക്കു നീരെളക്കത്തിന്റെ ഉപദ്രവം കൊണ്ടു മൂക്കിൽ കൂടി ശ്വാസം തന്നെ പോകുന്നില്ല. ഞെരുങ്ങിപ്പിടിച്ചു തൊല്ലിച്ചാലും ഇനിയത്തെ ശബ്ദത്തിന്റെ പുറപ്പാടു കണ്ണിൽകൂടി വേണ്ടതായിട്ടു വന്നാൽ അതുതന്നെക്കൊണ്ടു സാധിക്കയില്ലെന്നു ഞാനുറച്ചു 'ഹരി' എന്നു സാധാരണ മട്ടിൽ ചൊല്ലി നോക്കി. പക്ഷെ,

'ഉറച്ചു, കേറി പുറപ്പെടട്ടെ' എന്നാശാൻ പിന്നെയും നിർബ്ബന്ധിച്ചപ്പോൾ വന്നതു വരട്ടെയെന്നു ഞാനുറച്ചു മുക്കാൽ ചീററു കാൽ തുമ്പലും കൂടി ഞാൻ ഒന്നുറച്ചു ശബ്ദിച്ചു. എൻെറ മൂക്കു നല്ലവണ്ണം തുറന്നു. ആശാൻെറ മുഖവും തെളിഞ്ഞു പിന്നീടു ശബ്ദം കേററിപ്പുറപ്പെടുവിക്കേണമെന്ന് ആശാൻ നിഷ്കർഷിച്ചതേയില്ല. ഉപദേശം കഴിഞ്ഞതിൽ പിന്നെ എന്നെ അഭ്യസിപ്പിക്കുന്നതിന് ആശാൻെറ അമ്മയും മററമ്മയും മകൾ മീനാക്ഷിയും കൂടീട്ടുണ്ട്. ആശാനും മററമ്മയും തമ്മിൽ ശണ്ഠകൂടുക പതിവാണ്. ആ തരത്തിൽ ഞാൻ മീനാക്ഷിയുടെ അടുക്കൽ ചെന്നുകൂടും. പക്ഷെ ആശാൻെറ ഒച്ച മുഴുത്തുതുടങ്ങിയാൽ 'തല്ലുകൊണ്ടു കഷ്ടം' എന്നുപറഞ്ഞു മീനാക്ഷി അകത്തേയ്ക്കോടിപ്പോകും. ആർക്കാണടികൊണ്ടതെന്നു ചോദിച്ചാൽ ആ കുട്ടി പറയാറില്ല. ആരാരാണ് അടിച്ചതെന്നു എനിക്കറിഞ്ഞുകൂട. വടു ആശാൻെറ പുറത്തു മാത്രമേ കാണാറുള്ളു. അടികഴിഞ്ഞാശാൻ പുറത്തു വന്നാലന്നു കുട്ടികൾക്കു പെരുമ്പൂജയാണ്. ഇതു മീനാക്ഷി എനിക്കു പറഞ്ഞു തന്നിരുന്നതുകൊണ്ട് എത്തൂത്തു പൂജകഴിഞ്ഞ വിശേഷദിവസങ്ങളിൽ ഞാൻ ആശാൻെറ നേരേ ചെല്ലുകയില്ല. ആക്ഷേപം വരുമ്പോൾ മാറുകാട്ടാൻ മററമ്മയും ആശാനെ ശട്ടടപ്പിക്കുവാൻ മീനാക്ഷിയും തയ്യാറായിരിക്കും. ഇങ്ങിനെ ആശാൻെറ ഉപദേശവും മററമ്മയുടെ നിഷ്കർഷയും മീനാക്ഷിയുടെ എന്തെന്നില്ലാത്ത ശുഷ്കാന്തിയും എന്നെ കഷ്ടിച്ച് എഴുതുവാനും വായിക്കുവാനും വശമാക്കി.

ആശാൻ ഒരു ദിവസം അദ്ദേഹത്തിൻെറ ജന്മിയെകാണ്മാൻപോയിരുന്നസമയം മററമ്മ എന്നെ വിളിച്ച് 'കണക്ക് ഈവട്ടം കൂട്ടിയിട്ടുന്നതാക്കും നല്ലതല്ല, ഇതുവരെ പഠിപ്പിച്ചതൊക്കെ അമ്മയെ ബോദ്ധ്യപ്പെടുത്തി കണക്കു തീർത്തുവരണം' എന്നുപറഞ്ഞ് എന്നേയുംകൂട്ടിക്കൊണ്ടു വീട്ടിലേയ്ക്കു പുറപ്പെട്ടു. മീനാക്ഷി കൂടെയുണ്ടാകയാണധികം നല്ലതെന്നു ഞാൻ പതുക്കെ പറഞ്ഞതു മററമ്മ സമ്മതിച്ചു. ഞങ്ങൾ മൂന്നുപേരുംകൂടി എൻെറ വീട്ടിൽ ചെന്നുകേറി. 'ഹരി' തൊട്ടു 'മ' വരെ ഞാൻ കണ്ണടച്ചെഴുതി അമ്മയെ ബോദ്ധ്യപ്പെടുത്തി. ആ അക്ഷരങ്ങളുടെ ഗുരുദക്ഷിണക്കണക്കു പറഞ്ഞു അപ്പോൾതന്നെ മററമ്മ കയ്യിൽവാങ്ങിച്ചു. പിന്നീടുള്ള അക്ഷരങ്ങളിൽ ചിലതിൻെറ സംശയം തീർക്കുന്നതിനു മീനാക്ഷി അടുത്തിരുന്നു 'കെട്ടിക്കുനിച്ചു, തൊട്ടുനീട്ടി, പിറക്കാല്' എന്നും മററും പറഞ്ഞു തുടങ്ങിയപ്പോൾ 'അക്ഷരം ചൊല്ലുന്നതിൻെറ ശബ്ദം ഞങ്ങൾക്കു അകത്തു കേൾക്കണംകേട്ടോ' എന്നുപറഞ്ഞിട്ടു അമ്മയും മററമ്മയുംകൂടി അകത്തേയ്ക്കു പോയി. മീനാക്ഷിയുടെയുക്തിയും എൻെറബുദ്ധിശക്തിയും സ്വകാര്യം കേൾപ്പാൻ ഞങ്ങൾക്കു രണ്ടുപേർക്കും ഉണ്ടായിരുന്ന ആസക്തിയും കൂടിയപ്പോൾ എനിക്കെഴുതുവാനൊരു പ്രയാസവും ഉണ്ടാ

യില്ല. അറിയാവുന്ന അക്ഷരങ്ങൾ വരുമ്പോൾ മീനാക്ഷി ചെന്നു പതുങ്ങിനിന്നു അവർ പറയുന്നതു് മനസ്സിലാക്കി വരും; തോന്നാത്ത അക്ഷരങ്ങൾ ചോദിച്ചു എഴുതിതീക്കും. അതു കൂടാതെ ഒരക്ഷവും വിട്ടുകളവാൻ ആ കുട്ടി എന്നെ സമ്മതിച്ചില്ല. ഞാനെഴുതുന്നതിന്നിടയ്ക്കുവത്തമാനം കേട്ടുനിന്നിരുന്ന മീനാക്ഷി പുഞ്ചിരിയോടുകൂടി വരുന്നതുകണ്ടു് 'എന്താ വത്തമാനം?' എന്നു ചോദിച്ചപ്പോൾ ഘനഭാവത്തോടുകൂടി 'എഴുത്തു കഴിഞ്ഞിട്ടാട്ടെ' എന്നു മറുവടി പറഞ്ഞതു എനിയ്ക്കൊട്ടും സുഖമായില്ല. 'എനിയ്ക്കും വരം' എന്നു പറഞ്ഞു ഞാനും ചെന്നു് ചെവിയോത്തു നിന്നു. അപ്പോൾ കേട്ടതാണു് എനിയ്ക്കതിലധികം സുഖമാവാഞ്ഞതു്. 'മീനാക്ഷിയെ ചില തമ്പുരാക്കന്മാരോ, നമ്പൂരിപ്പാടന്മാരോ, അച്ഛന്മാരോ, ഉദ്യോഗസ്ഥന്മാരോ, അരെല്ലാമോ ആവശ്യപ്പെട്ടുന്നുണ്ടു്. നിങ്ങളുടെ വാക്കും എനിയ്ക്കുതള്ളാൻ പാടില്ല. അതുകൊണ്ടു ഞാനിപ്പോളൊന്നും പറയുന്നില്ല.' ഇത്രയും മററമ്മ പറഞ്ഞപ്പോഴേയ്ക്കും, എഴുത്തു മുഴുവനാക്കനുണ്ടോ? ഇല്ലെങ്കിൽ ഞാനിതാ പോണു എന്നു മീനാക്ഷിപറയുന്നതുകേട്ടു വിഷണ്ണനായി വന്നിരുന്നു എഴുതിത്തുടങ്ങി. 'ക്ഷ' എന്നു ഉറച്ചു ചൊല്ലിയതു അമ്മ കേട്ടു ഉടനെ അമ്മ മീനാക്ഷിയെ അകത്തേയ്ക്കു വിളിച്ചു. കേട്ട വത്തമാനം പറഞ്ഞിട്ടു്, എന്നു വീണ്ടും താല്പയ്യപ്പെട്ടപ്പോഴും അതു ചിരിച്ചുംകൊണ്ടു പോയതേഉള്ളു. എനിയ്ക്കു ശുണ്ഠിവന്നു; ഞാൻ പിന്നാലെ ചെന്നു 'നിങ്ങൾ സ്വകായ്യം പറഞ്ഞതൊക്കെ ഈ മീനാക്ഷി പതുങ്ങി നിന്നു കേട്ടിട്ടുണ്ടു്' എന്നു പൊതിപൊളിച്ചു. 'അവൾ കേട്ടതു നിന്നോടു പറഞ്ഞില്ല, അല്ലേ?' എന്നായിഅമ്മ. 'നിന്നോടു പറയാൻ പാടില്ലാത്തതായിരിയ്ക്കും അവൾ കേട്ടതു; എന്തിനവളോടു ചോദിച്ചു. ഞാൻ പറയാം; നിങ്ങക്കു വായിച്ചു...ചൊല്ലു, വായ്പാഠം കഴിയട്ടെ എന്നിട്ടാവാം' എന്നു മററമ്മയും ഉത്തു. രണ്ടമ്മമാരും ചിരിച്ചുതുടങ്ങി. മീനാക്ഷിതല കുനിഞ്ഞു നില്പായി. ഞാൻ മിഴിച്ചുകൊണ്ടു കുറച്ചുനിന്നു. പിന്നെവന്നിരുന്നു ചൊല്ലിത്തുടങ്ങി. വായ്പാഠം കഴിഞ്ഞു ചെന്നപ്പോൾ അമ്മ മീനാക്ഷിയെ മടിയിലിരുത്തിക്കൊണ്ടു 'മകളെ! എനിയ്ക്കു സന്തോഷമായി. നാരായണൻകുട്ടിയ്ക്കു ഈജന്മം അക്ഷരം അറിയാറാവുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഇത്ര വേഗത്തിലവനെ ഈ നിലയിലാക്കിയതു മകളുടെ സാമത്ഥ്യംതന്നെയാണു്' എന്നു മീനാക്ഷിയോടും 'പൊന്നൻ, പത്തുപതിനേഴു വയസ്സായിട്ടു ഇപ്പഴാണു് നിലത്തെഴുത്തു പഠിയ്ക്കുന്നതു്' എന്നു എന്നോടും പറഞ്ഞു മീനാക്ഷിയെ തലോടിക്കൊണ്ടിരുന്നു.

മററമ്മ—പെണ്ണു മടിക്കേറി ഞെളികയാണു്; നേരംപോയി; വത്തമാനം പറഞ്ഞു കായ്യം മറന്നു. പണത്തിനു മുട്ടു വളരെയുണ്ടു്; വല്ലതും സഹായിച്ചാൽ കൊള്ളാം.

അമ്മ—അതിനെന്റെ കുട്ടി (മീനാക്ഷി) എന്തു പിഴച്ചു? മുട്ടുണ്ടെങ്കിൽ വല്ലതുമാക്കേണ്ട. കണക്കു തീൎത്തുതന്നെ വാങ്ങിയ്ക്കരുതേ?

മററമ്മ—അത്ര വലിയ കണക്കൊക്കെ പറവാനുണ്ടോ. 'അ' തൊട്ടു അയ്മ്പത്തൊന്നിനു ഞാനൊന്നും വാങ്ങീട്ടില്ല.

അയ്മ്പത്തൊന്നക്ഷരത്തിന്റെ ഗുരുദക്ഷിണയും അമ്മ എണ്ണിവച്ചതു മുഴുവനും മററമ്മ വാരി മുണ്ടിൽ കെട്ടിയതു കണ്ടു, മീനാക്ഷി 'ഇത്ര സംഖ്യയാണോ നമുക്കു വരുവാനുള്ളതു? അമ്മ ആദ്യം ഒൻപതക്ഷരത്തിന്റെ പണമല്ലേ വാങ്ങിയതു്?' എന്നു ചോദിച്ചു.

മററമ്മ—'പെണ്ണു കണക്കിൽ ഒരു ഇമ്മിയ്ക്കു വിടുന്നവളല്ല. 'ഹരി' രണ്ടക്ഷരമായി കണക്കാക്കേണമെന്നും, എന്നാൽ 'മ' വരെ പത്തു അക്ഷരമുണ്ടെന്നുമാണു് അവളുടെ പക്ഷം; കാൎയ്യവും ശരിയാണു്' എന്നു ചിരിച്ചുകൊണ്ടു പറഞ്ഞു.

മീനാക്ഷി—എന്നല്ല ഞാൻ പറഞ്ഞതിന്റെ താല്പൎയ്യം, 'ഹരി' തൊട്ടു 'മ'വരെയുള്ള അക്ഷരം അൻപത്തൊന്നിൽ പെട്ടു. അതിന്നാദ്യം വാങ്ങീട്ടുള്ള തുക എരട്ടിപ്പായി പററുകയാണെന്നും അതു അനീതിയാണെന്നുമാണു് എന്റെ പക്ഷം.

മററമ്മ—(കണ്ണുരുട്ടി മിഴിച്ചുകൊണ്ടു) അധികപ്രസംഗി! നിന്നോടു ആരെങ്കിലും കണക്കു ചോദിച്ചുവോ? നിന്റെ കൎയ്യം കണക്കും! അങ്ങിനെ വാങ്ങീട്ടുണ്ടെങ്കിലതിനു വേറെ കാരണവുമുണ്ടു്.

മീനാക്ഷി പറഞ്ഞതു ന്യായവും, വേറെ കാരണമുള്ളതു ദുരമാത്രവുമാണെന്നു ഞാൻ മനസ്സിൽ കരുതി. എന്നാൽ അമ്മയുടെ മറുവടി മറെറാരു വിധത്തിലായിരുന്നു. 'കാരണമുണ്ടായാലും ഇല്ലെങ്കിലും ശരി, ഗുരുദക്ഷിണ ചെയ്തതു തിരിച്ചു വാങ്ങാൻ വിചാരിച്ചിട്ടില്ല. മീനാക്ഷിയെ വെറുതെ കുണ്ഠിതപ്പെടുത്തേണ്ട' എന്നു പറഞ്ഞു ആ വഴക്കൊതുവിധം കലാശിപ്പിച്ചു. അമ്മ മടിയിലിരിയ്ക്കുന്ന മീനാക്ഷിയെ മുറുകെത്തഴുകി മുഖം പിടിച്ചു മലൎത്തി ചുംബിച്ചുകൊണ്ടു ഓരോന്നൊക്കെ പറഞ്ഞു തുടങ്ങിയപ്പോൾ 'നേരം വൈകി അവിടെ ചെല്ലുമ്പോൾ അദ്ദേഹത്തിന്റെ അമ്മ ചീത്ത പറയും' എന്നമ്മയോടും, 'എണീയ്ക്കു; മതി, കിടന്നു കൊഴഞ്ഞതു്', എന്നു മീനാക്ഷിയോടും, അദ്ദേഹം വന്നാലാളെ അയയ്ക്കും; പഠിച്ചതു മറക്കരുതു്' എന്നെന്നോടും പറഞ്ഞു മററമ്മ യാത്ര പു

റപ്പെട്ടു. 'എന്റെ മകൾ രണ്ടുദിവസം ഇവിടെ താമസിയ്ക്കട്ടെ, തരക്കേടൊന്നും വരില്ല; അവൾവരുമ്പോൾ രണ്ടുപേരെയും ഒന്നിച്ചയയ്ക്കാം' എന്നു അമ്മ താല്പര്യപ്പെട്ടു പറഞ്ഞപ്പോൾ 'തരക്കേടോ ശിവ ശിവ! മീനാക്ഷിയെ മകളാക്കി കഴിഞ്ഞുവോ? ഓ, അത്ര വേണ്ടു' എന്നു പറഞ്ഞു മററമ്മ ചിരിച്ചുകൊണ്ടുപോയി.

അമ്മ മീനാക്ഷിയെ എന്നെക്കാളും വാത്സല്യിച്ചു തുടങ്ങി. എന്നാൽ എനിയ്ക്കതുകൊണ്ടു അസൂയ തോന്നിയില്ല. അവരെന്നെ അറുദിവസംകൊണ്ടു ശ്രീരാമോദന്തം ഗ്രന്ഥത്തിലുള്ള എഴുത്തു കൂടി വായിയ്ക്കാറാക്കി. മീനാക്ഷിയ്ക്കതു കാണാപ്പാഠവുമാണ്. ഒരു ദിവസം മററമ്മയ്ക്കു നല്ലസുഖമില്ലെന്നും ഞങ്ങൾ രണ്ടുപേരോടും നാളെ കാലത്ത് അവിടെ ചെല്ലേണമെന്നു പറഞ്ഞയച്ചിട്ടുണ്ടെന്നും ഒരാൾ വന്നു പറഞ്ഞു. മററന്നാൾ എന്റെ പിറന്നാളാണ്, അതു കഴിഞ്ഞല്ലാതെ പോകാൻ തരമില്ല. അതുകൊണ്ടു വിശേഷം ഒന്നുമില്ലെന്ന് അമ്മയോടും മററും പറഞ്ഞാൽ മതിയെന്നും അതുവരെ ആശാന്റെ വീട്ടിൽ പോകേണ്ടെന്നും അയാളോടു പറഞ്ഞു ശട്ടം കെട്ടി. പിറന്നാളുണ്ട് കഴിഞ്ഞ് അമ്മയുടെ അനുവാദത്തോടുകൂടി മീനാക്ഷിയെ അറിയിയ്ക്കാതെഞാൻ പകർച്ചയും എടുപ്പിച്ചുംകൊണ്ട് മററമ്മയുടെ വീട്ടിലേയ്ക്കുപോയി. പടിയ്ക്കൽ ചെന്നപ്പോൾ ആശാന്റെ അമ്മ വടിയും കുത്തിപ്പിടിച്ചു കോലായിൽ ഇരിയ്ക്കുന്നതു കണ്ടു 'വിശേഷമൊന്നുമില്ലല്ലോ' എന്നു ചോദിച്ചു. 'എന്റെ മകനേ! ഒന്നും പറയാനില്ല; നീരുവന്നു വീത്തു മൂത്രം പോകാഞ്ഞിട്ടു മുട്ടി (തടി) വലിയ്ക്കയാണവൾ, എന്നു മുത്തി പറയുന്നതു കേട്ടമാത്രയിൽപകർച്ചക്കാരനെ പടിയ്ക്കൽ നിറുത്തീട്ടു ഞാൻ വളപ്പിലേയ്ക്കോടി. പറമ്പു മുച്ചൂട്ടും നടന്നുനോക്കി. പല തരത്തിലുള്ള കുററൻമുട്ടികളവിടവിടെ വലിച്ചിട്ടിരിക്കുന്നതു കണ്ടപ്പോളെനിയ്ക്കു കഷ്ടം തോന്നി. പുരയ്ക്കകത്തു കടന്നു നോക്കിയപ്പോൾ, മുട്ടി വലിച്ചുക്ഷീണിച്ചിട്ടായിരിക്കാം, മററമ്മ ഒരു മുക്കിലിരുന്നു കിതയ്ക്കുന്നതു കണ്ടു. ഞാൻ അടുത്തുചെന്നു. മററമ്മ 'കുട്ടാ! നീ ഇത്ര താമസിച്ചതെന്തേ! മീനാക്ഷിയെവിടെ? എനിയ്ക്കു ബന്ധം സഹിയ്ക്കവയ്യ; ഒരുതുള്ളി മൂത്രംപോയിട്ടു നേരത്തോടുനേരം കഴിഞ്ഞു. വല്ലതും ഉപശാന്തി നോക്കണേ! കുട്ടനാണെന്റെ മൂത്തമകൻ, എനിയ്ക്കു വേറൊ ആരും സഹായമില്ല'

ഞാൻ.—അമ്മയാണെന്നു തന്നെ ഞാനും വിചാരിച്ചിട്ടുണ്ട്; മററമ്മ എന്നു വിളിയ്ക്കുന്നുവെന്നേയുള്ളൂ. മീനാക്ഷി ഇപ്പോളെത്തും കഷ്ടം! പറമ്പിൽ കിടക്കുന്ന മുട്ടി വലിച്ചാൽ മൂത്രംപോകുമെന്ന് ഏതു വൈദ്യനാണ് പറഞ്ഞതു? അക്രമം തന്നെ!

ഇത്രയും പറഞ്ഞപ്പോൾ പ്രാണവേദനകൊണ്ടോ എന്തോ മററമ്മയുടെ ഉയൎന്നുനില്ക്കുന്ന ഓഷ്ഠപുടം ഒന്നു കൂടി പിന്നോക്കം ചുളിച്ച് 'മിട്ടുക്കന്റെ ഫലിതം കേൾക്കുമ്പോളെനിയ്ക്കു ചിരി വരുന്നു. എന്റെ മകന്റെ അച്ഛൻ നല്ല വൈദ്യനും ഫലിതക്കാരനുമായിരുന്നു. അമ്മയ്ക്കും ചില കൈകളൊക്കെ വശം. നിനക്കു വല്ലതും ഉപദേശിച്ചിട്ടുണ്ടെങ്കിൽ നിന്റെ വാക്കിനുള്ളതുപോലെതന്നെ ഫലിതം പ്രവൃത്തിയ്ക്കും ഉണ്ടാകാതിരിയ്ക്കില്ല' എന്നു പറഞ്ഞു.

ഞാൻ—അമ്മയുടെ അനുഗ്രഹം കൊണ്ടു ഫലിതം കണ്ടതായ ഒരു ഉപദേശം എനിയ്ക്കു സദ്ധിച്ചിട്ടുണ്ട്. അതുഞാൻ മറന്നിട്ടില്ല.

എന്നു പറഞ്ഞു ഞാൻ മററമ്മയുടെ അടുക്കൽ ചെന്നിരുന്നു. അവരെന്നെ തല തൊട്ടനുഗ്രഹിച്ചു. വീണു കിടന്നിരുന്ന തലമുടി എല്ലാം എടുത്തു മാററി. മററമ്മയെ തൊട്ടു നല്ലവണ്ണം ധ്യാനിച്ചു. എന്റെ വലത്തെ കൈപ്പടം മററമ്മയുടെ എടത്തേ ചെവിയ്ക്കടുക്കൽവെച്ചു. എനിയ്ക്കു് അനുഭവം കണ്ട ഉപദേശമാണെ. എന്റെ ഗുരുനാഥാ! എന്നു ഗുരുനാഥനെ ധ്യാനിച്ചുകൊണ്ടു് ഒരു ചെവി പിടിച്ചൊന്നമത്തിത്തിരിച്ചു. മററമ്മ പൊട്ടി മുറയിട്ടുവെങ്കിലും ഞാൻ മൂത്രം പോയി വയർഒതുങ്ങുന്നുണ്ടോ എന്നാണ് നോക്കിയതു്. ഫലിതം കാണാത്തതു ചെവി മാറിപ്പിടിച്ചതുകൊണ്ടാണെന്നു കരുതി എടത്തെ ചെവിയും അതുപോലെ പെട്ടന്നൊന്നു ചുററിച്ചുനോക്കി. മററമ്മയുടെ അലറിച്ച കേട്ടു പാൎച്ചക്കാരനും മുത്തിയും വന്നെത്തി. 'കൈമാറിപ്പിടിച്ചിട്ടായിരിയ്ക്കുമോ എന്റെ പരദേവതേ!' എന്നു പറഞ്ഞു് രണ്ടു കൈകളെക്കൊണ്ടും മററമ്മയുടെരണ്ടു ചെവികളും പിടിച്ചുകഴിയുന്നശക്തിയോടുകൂടിതിരിച്ചുകൊണ്ടു മൂത്രം പോകുന്നുണ്ടോ എന്നു സൂക്ഷിയ്ക്കുന്നതിനിടയ്ക്കു മുത്തിയുടെ പൊന്തൻവടി എടവിടാതെ എന്റെപുറത്തുവീണുതുടങ്ങിയപ്പോൾ, ചെവിക്കുററി പൊട്ടിയതും പിടിച്ചാൽ നില്ക്കാത്ത വിധം മൂത്രം പോയതും അനുഭവപ്പെട്ടുവെങ്കിലും, പ്രയോഗത്തിനു കരുത്തു പോരാഞ്ഞിട്ടോ ഉപദേശം പിഴച്ചിട്ടോ ചെവിക്കുററി പൊട്ടീട്ടും മററമ്മയ്ക്കൊരു തുള്ളിമൂത്രം എ-ഹേ-മീനാക്ഷിയ്ക്കു എന്റെനേര മുഷിച്ചൽ ഓ-ഹോ-

രസികരഞ്ജിനി. ഞാനേയൻ.

---

# V

## സ്ത്രീസ്വഭാവമാണിതു്.

---

'ഇതെന്തൊരു നൂലാമാലയാണു്. എത്ര കാലമാണു് ഈ യന്ത്രത്തിരിപ്പു സഹിച്ചുകൊണ്ടിരിയ്ക്കു. രണ്ടാലൊന്നു തീൎച്ചയാക്കുവാൻ ഇനി താമസിയ്ക്കയില്ല. ഒരു പെണ്ണിനെ ഇത്ര പേടിയ്ക്കേ? അവൾ പിടിച്ചു തിന്നോമറ്റോ ചെയ്യോ?' എന്നും മററും ആത്മഗതമായി പറഞ്ഞുംകൊണ്ടു് കുട്ടികൃഷ്ണമേനോൻ തന്റെ അമ്മാവന്റെ ഭാൎയ്യയായ കുഞ്ഞിക്കാളിയമ്മയുടെ വീട്ടിന്റെ മിററത്തുലാത്തുകയായിരുന്നു. അദ്ദേഹത്തിനു ആ സംഗതിയെപ്പററി ആലോചിയ്ക്കുംതോറും കോപവും വ്യസനവും വൎദ്ധിച്ചുവന്നു. സൂക്ഷ്മം വിചാരിച്ചാൽ അതു് അദ്ദേഹത്തിന്റെ കുററമല്ല. ഇങ്ങിനെയിട്ടു ചക്കിട്ടം തിരിച്ചാൽ ആൎക്കാണു് കോപവും വ്യസനവും ഉണ്ടാകാതിരിയ്ക്കു?

കുട്ടികൃഷ്ണമേനു് ൩൫ വയസ്സേ ആയുള്ളു. അദ്ദേഹം സമൎത്ഥനാണെന്നു പേരു സമ്പാദിച്ച ഒരു വക്കീലായിരുന്നു. കോടതി പൂട്ടുമ്പോളെല്ലാം, ഭൎത്താവും സോദരന്മാരും മരിച്ചു് ഒരു മകൾ മാത്രം ശേഷിച്ചു, പക്ഷവാതമായി കിടന്നിരുന്ന അമ്മായിയെ കാണ്മാൻപോയി മൂന്നു നാലു ദിവസം താമസിയ്ക്കു പതിവുണ്ടായിരുന്നു. എന്നാൽ ഇക്കുറി ഒരുമാസമായിട്ടു് അവിടെ തന്നെ താമസം. കുട്ടികൃഷ്ണമേന്റെ മൎയ്യാദയേയും അമ്മായിയെക്കുറിച്ചുള്ള ഭക്തിയേയും പററി ആളുകൾ വളരെ പ്രശംസിച്ചുതുടങ്ങി. ഇത്ര കേമനായ വക്കീൽ ഒരു വയോധികയായ സ്ത്രീയുടെ ശുശ്രൂഷയ്ക്കും വിനോദത്തിന്നുമായി ബുദ്ധിമുട്ടുന്നതു് അത്ഭുതമല്ലേ! പക്ഷേ, കുട്ടികൃഷ്ണമേനോനെ അവിടെ ആകൎഷിച്ചു കൊണ്ടുവന്നു നിൎത്തുന്നതിനു വേറെ ഒരു അയസ്കാന്തം അവിടെയുള്ള കഥ ആരുമത്ര ആലോചിച്ചില്ല. ആ കാലത്തു കുഞ്ഞിക്കാളിയമ്മയുടെകൂടെ തന്റെ ഏകപുത്രിയായ ലക്ഷ്മിക്കുട്ടിയും മരിച്ചുപോയ സോദരന്റെ മകളായ അമ്മുക്കുട്ടിയും മാത്രമേ ഉണ്ടായിരുന്നുള്ളു. ലക്ഷ്മിക്കുട്ടിയ്ക്കു് ൩൦ വയസ്സായി. അയൽപക്കക്കാരിൽ ഒരാളാണു് അവൾക്കു് സംബന്ധം. അമ്മുക്കുട്ടിയ്ക്കു ൰ വയസ്സേ ആയുള്ളു എങ്കിലും ഒരുകൊല്ലമായി താൻ ഒരു വിധവയായിരുന്നു. അമ്മയുടെ ശുശ്രൂഷയ്ക്കു ലക്ഷ്മിക്കുട്ടിയെ സഹായിപ്പാൻ അഞ്ചാറു മാസമായിട്ടു് അവിടെ തന്നെയാണു് അമ്മുക്കുട്ടി താമസം. രണ്ടുപേരും വളരെ രൂപവതികളായിരുന്നു. അവർ തമ്മിൽ പ്രാണസ്നേഹവുമായിരുന്നു. കുട്ടികൃഷ്ണമേനോനു് അമ്മുക്കുട്ടിയെ നല്ല പരിചയമായിരു

ന്നെങ്കിലും അവൾക്കു യൌവനമായതിന്റെ ശേഷം സംഗതിവശാൽ ഇപ്പോൾ ആദ്യമാണു് കാണുന്നതു്. കണ്ട നിമിഷം മുതൽക്കു് അവളുടെ പേരിൽ വളരെ അനുരാഗവും തുടങ്ങി. ദിവസംതോറും അതു വൎദ്ധിച്ചുവന്നു് അമ്മുക്കുട്ടി തന്റെ ഭാൎയ്യയാകാത്തപക്ഷം ജന്മം കേവലം നിഷ്ഫലമാണെന്നു് അയാൾ തീൎച്ചയാക്കി. അമ്മുക്കുട്ടി കുട്ടികളെ കളിപ്പിക്കുന്നതുപോലെ അയാളെ കളിപ്പിക്കുവാനും തുടങ്ങി. തനിക്കു് അങ്ങോട്ടും അനുരാഗമുണ്ടെന്നു ചില അവസരങ്ങളിൽ അവൾ സൂചിപ്പിക്കും. എന്നാൽ കുട്ടികൃഷ്ണമേനോന്റെ സൂചകങ്ങളെല്ലാം കല്പിച്ചുകൂട്ടി തനിക്കു മനസ്സിലായില്ലെന്നും നടിക്കും. ഓരോ ചേഷ്ടകളെക്കൊണ്ടു് ഈ സംഗതിയെക്കുറിച്ചു പറവാൻ അയാളെ ധൈൎയ്യപ്പെടുത്തും. പറവാൻ ഭാവിക്കുമ്പോഴെയ്ക്കും പ്രകൃതം മാററി വേറെ വല്ലതും പറഞ്ഞുതുടങ്ങുകയുംചെയ്യും.

ഇങ്ങിനെ കുറച്ചുദിവസം കഴിഞ്ഞപ്പോളാണു് ഒരുദിവസം അഞ്ചുമണിക്കു മേൽപ്പറഞ്ഞ പ്രകാരം മനോരാജ്യം വിചാരിച്ചു ദ്വേഷ്യപ്പെട്ടു മിററത്തു് ഉലാത്തിക്കൊണ്ടിരുന്നതു്. ഈ ഗുലാമാല ഇനിമേൽ ഗുല്ക്കുവാൻ പ്രയാസമാണെന്നു തീൎച്ചയാക്കിക്കഴിഞ്ഞപ്പോൾ—'കുട്ടികൃഷ്ണമേനോ!' എന്നു മൃദുവായും മനോഹരമായും ഉള്ള സ്വരത്തിൽ ഒരു വിളികേട്ടു. മേല്പോട്ടു നോക്കിയപ്പോൾ നീണ്ടു ചുരുണ്ടു കെട്ടഴിഞ്ഞു കിടക്കുന്ന കുറെ തലമുടിയും അതിന്റെ ഇടയിൽക്കൂടി അതികോമളമായ ഒരു മുഖവും മുഖത്തിന്റെ ചുവട്ടിൽ വേറെ ചിലതും കണ്ടു. അതെല്ലാം കണ്ടപ്പോൾ താൻ ഇത്രനേരം ആ തലമുടിയുടേയും മുഖത്തിന്റേയും ഉടമസ്ഥയുടെ നേരെ ദ്വേഷ്യപ്പെട്ടിരുന്നു എന്ന കഥ തീരെ മറന്നുപോയി. കാതെച്ചിലാക്കി മേല്പോട്ടു നോക്കിക്കൊണ്ടു് അവിടെത്തന്നെ നിലയായി.

അമ്മുക്കുട്ടി—ഇന്നു പ്രദോഷമല്ലേ? ഞങ്ങൾ കുളിച്ചു തൊഴാൻ പോകുന്നുണ്ടു്.

കുട്ടികൃഷ്ണമേനോൻ—ഞാനും പോരാം പ്രദോഷദിവസം ഞാൻ തൊഴൽ മുടക്കാറില്ല.

അമ്മു—(ചിരിച്ചുംകൊണ്ടു്) ഇന്നു തുടങ്ങിയ നിയമമാണെന്നു തോന്നുന്നു. ആട്ടെ, അതിനല്ല നിങ്ങളെ വിളിച്ചതു്. ഞങ്ങൾ രണ്ടുപേരും കൂടി പോകുമ്പോൾ അമ്മയുടെ അടുക്കൽ ആരും വേണ്ടേ; ഞങ്ങൾ അത്താഴപ്പൂജ കഴിഞ്ഞു വരുന്നതുവരെ നിങ്ങൾ അമ്മയുടെ അടുക്കൽ ഇ

കുട്ടികൃ—(കുണ്ഠിതത്തോടുകൂടി) എന്നാൽ ഞാൻ അത്താഴപ്പൂജയ്ക്കു കാലമാവുമ്പോഴേയ്ക്ക് അങ്ങോട്ടു വരാം. രാത്രി തിരിച്ചുവരുമ്പോൾ നിങ്ങൾക്കു സഹായത്തിന് ഒരാൾ വേണ്ടേ?

അമ്മു—അതിന്നു ഞങ്ങൾ വേറെ ആൾ ഉണ്ടാക്കിക്കൊള്ളാം.

കുട്ടികൃഷ്ണ—വല്ലവരുടേയും കൂടെ രാത്രി സ്ത്രീകൾ നടക്കുന്നതു ശരിയല്ല!

അമ്മു—വല്ലവരുടേയും കൂടെയാണെങ്കിലല്ലേ തരക്കേടുള്ളൂ? കണ്ടുണ്ണിനായരു കൂടെ വരാമെന്നു പറഞ്ഞിട്ടുണ്ട്.

ഈ വാക്കു കുട്ടികൃഷ്ണമേനന്നു വ്രണത്തിൽ ഒരു കുരു പുറപ്പെട്ടതു പോലെയായി. കണ്ടുണ്ണിനായരു കുറെ സമ്പന്നനായ അയൽവക്കക്കാരനാണ്. തനിയ്ക്കു വയസ്സ് ഏകദേശം ൪൦ ആയി എങ്കിലും ഈ പക്ഷിക്ക് അയാളും കണ്ണി വെച്ചിട്ടുണ്ടെന്നു കുട്ടികൃഷ്ണമേനന്നു ശങ്കയുണ്ടായിരുന്നതിനാൽ കണ്ടുണ്ണിനായരുടെ പേരു കേൾക്കുകൂടി വയ്യായിരുന്നു. തനിയ്ക്കു തല്ക്കാലം വന്ന കോപത്തെ അടക്കുന്നതിന്നു ശക്തിയും പുറത്തു കാണിയ്ക്കുന്നതിന്നു ധൈര്യവും ഇല്ലാതെ വശായി. 'ആ വങ്കശിരോമണിയോ' എന്ന് ഓർക്കാതെ പറഞ്ഞുപോയി. ആ ക്ഷണത്തിൽ ലക്ഷ്മിക്കുട്ടി പ്രാന്തയിൽ വന്നില്ലെങ്കിൽ ഒരു കലഹത്തിന്നു കാരണമുണ്ടായിരുന്നു.

ലക്ഷ്മിക്കുട്ടി—കുട്ടികളുടെ ഒരു ചൊല്ലുവിളിയില്ലായ്മ. അമ്മയുടെ അടുക്കൽ ഇരിയ്ക്കണമെന്നു ഞങ്ങൾ കല്പിച്ചാൽ തക്ക ഉത്തരം പറകയാണ് വേണ്ടതു്? പോവൂ; അകത്തേയ്ക്കു പോവൂ. വരൂ അമ്മുക്കുട്ടി! നമുക്കു കുളിയ്ക്കാൻ പോകാം:

ലക്ഷ്മിക്കുട്ടി ഇക്കാര്യത്തിൽ തനിയ്ക്കു സഹായക്കാരിയാണെന്ന് അയാൾക്കു നല്ല അറിവുണ്ടായിരുന്നതിനാൽ അവളുടെ ഫലിതം കേട്ടു കുട്ടികൃഷ്ണമേനോൻ അധികമൊന്നും കോപിച്ചില്ല. ഒരു പച്ചച്ചിരി ചിരിച്ചു 'എന്നാൽ കല്പനപോലെ ആകട്ടെ' എന്നു പറഞ്ഞു അകത്തേയ്ക്കുപോയി. മററവർ രണ്ടുപേരും കുളിപ്പാനും പുറപ്പെട്ടു. പോകുന്ന വഴിയ്ക്ക്—

ലക്ഷ്മിക്കുട്ടി—കുട്ടികൃഷ്ണമേനന്നു കുറെ മുഷിഞ്ഞിരിയ്ക്കും എന്നാണ് തോന്നുന്നതു്. അദ്ദേഹത്തിനെ വെറുതെ എന്തിനാണിങ്ങിനെ കളിപ്പിയ്ക്കുന്നതു്?

അമ്മു—അഹമ്മതി കുറെ കലശലാണ്. അതു കുറെ കുറയട്ടെ; 'സുന്ദരനാകിയ നമ്മെക്കണ്ടാൽ സുന്ദരി വന്നുടൻ മടിയിൽ കേറും' എന്നാണ് ഭാവം.

ലക്ഷ്മി—ഛീ, അദ്ദേഹത്തിന്ന് അഹമ്മതിയോ; ഇത്ര നല്ല ശിക്ഷയായി ട്ടും മിടുക്കനായിട്ടും ഒരാളെ കണ്ടിട്ടുണ്ടോ?

അമ്മു—ചേച്ചിയ്ക്കു കുറെ രാഗമുണ്ടെന്നു തോന്നുന്നു.

ലക്ഷ്മി—നിനക്ക് അദ്ദേഹം സംബന്ധമാവേണമെന്നുള്ള ഒരു മോഹം മാത്രമേ എനിയ്ക്കുള്ളു.

അമ്മു—അതാട്ടെ, അതു ഞാൻ തീച്ചയാക്കിക്കൊള്ളാം.

ലക്ഷ്മി—നിന്റെ തീച്ചയാക്കല് ക്ഷേമാവും. പുരുഷന്മാരെ അധികമായി മുഷിപ്പിച്ചാൽ വിഡ്ഢിയാവും.

അമ്മു......അദ്ദേഹത്തിനെ ഞാൻ മുഷിപ്പിയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ തന്നെയും അദ്ദേഹത്തിന്നു മുഷിഞ്ഞാൽ ഞാനെന്തിനാ വിഡ്ഢിയാവുന്നത്?

ലക്ഷ്മി—പോടി! നിന്റെ ഉള്ളിലുള്ളത് എനിയ്ക്കു മനസ്സിലായിട്ടില്ലെന്നാണ് വിചാരിയ്ക്കുന്നത്. നിനക്ക് അദ്ദേഹത്തിനെ നന്നേ രാഗമുണ്ട്. ഇല്ലെന്നു ഭാവിയ്ക്കുന്നതു കുറെ ഊററമാണെന്നു തെററിദ്ധരിച്ചിട്ടുമുണ്ട്.

അമ്മു—അതു നിങ്ങളുടെ ഉള്ളിൽതന്നെ ഉള്ളതാണ്.

ലക്ഷ്മി—നിന്റെ ഉള്ളിലുള്ളതാണെന്നു മുഖം പറയുന്നുണ്ടല്ലൊ. ഇതാ, ഇതാ, നിന്റെ മുഖം ചെമ്പരത്തിപ്പൂപോലെ ആയിരിക്കുന്നു. കഴിയുന്നതും മറച്ചിട്ടും തന്റെ അനുരാഗം വെളിപ്പെട്ടു എന്നു കണ്ടപ്പോൾ അമ്മുക്കുട്ടിയ്ക്കു ദ്വേഷ്യംകൊണ്ടലായി. 'ഞാൻ നിങ്ങളോട്ടു സംസാരിപ്പാൻ വരുന്നില്ലേ' എന്നു പറഞ്ഞു മുഖവും വീപ്പിച്ചു ലക്ഷ്മിക്കുട്ടിയോടങ്ങു മുഷിഞ്ഞു. എന്നാൽ ആ മുഷിച്ചൽ അന്യോന്യാസക്തമാരായ യുവതികൾതമ്മിലായിരുന്നതിനാൽ അല്പായുസ്സായിരുന്നു. കുളിച്ചു അമ്പലത്തിലെത്തിയപ്പോഴേക്കും അതിന്റെ കഥകഴിഞ്ഞു.

അവർ അമ്പലത്തിൽ പ്രദക്ഷിണം വയ്ക്കട്ടെ. നമുക്ക് കുട്ടികൃഷ്ണമേനോൻ എന്തുചെയ്യുന്നു എന്നു നോക്കാം. യൌവനയുക്തമാരായ രണ്ടു സുന്ദരിമാക്ക് അകമ്പടിയായിപ്പോകാമെന്നു ആഗ്രഹിച്ചിരുന്നിട്ടു അദ്ദേഹത്തിന്നു ഒരു വൃദ്ധയായി രോഗിണിയായ സ്ത്രീയുടെ ശുശ്രൂഷയായിക്കലാശിച്ചു. എന്നാൽ ഭാഗ്യംകൊണ്ടു കുട്ടികൃഷ്ണമേനോന്ന് ഒരു മെച്ചംകിട്ടി. കഞ്ഞിക്കാളിയമ്മ എന്തോ മനോരാജ്യം വിചാരിച്ചു കിടക്കുകയായിരുന്നതിനാൽ തനിക്കും മനോരാജ്യത്തിന്നു

ധാരാളമായി അവസരംകിട്ടി. ആ മനോരാജ്യപ്രബന്ധത്തിലെ നായകൻ കണ്ടുണ്ണിനായരായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. അയാളുടെ കഴുത്തങ്ങു പിരിച്ചുകൊന്നാലോ-കാണാൻ വക നന്നേകുറയും; കണ്ണൊന്നു തുറന്നിട്ടു നാവുനീട്ടി അങ്ങോട്ടു ചാവും. അതുപോരാ. ഈ കുളത്തിൽ കെട്ടിത്താഴ്ത്തിയാലോ; അതു മറേറതിലും മോശമാണ്. ഏതുവിധത്തിൽ കൊന്നാലാണ് പ്രാണവേദന അധികമെന്നു ദീർഘമായി ആലോചിച്ചു. ഒടുക്കം കണങ്കാലിന്മേൽ കുടുക്കിട്ടു ഒരു മരത്തിന്റെ കൊമ്പത്തു തല കീഴായി തൂക്കി പ്രഹരംകൂട്ടുകതന്നെ എന്നു നിശ്ചയിച്ചു അതിന്നു വട്ടംകൂട്ടി. കണ്ടുണ്ണിനായരു തടിച്ചു ഒരാളായിരുന്നതിനാൽ കെട്ടിത്തൂക്കുന്നതിന്നു സാമാന്യത്തിലധികം ബുദ്ധിമുട്ടുവേണ്ടിവന്നു. ഉടനെ ഒരു ചമ്മട്ടികൊണ്ടു നഖശിഖാന്തം പ്രഹരംതുടങ്ങി. അയാൾ കലശലായി നിലവിളിക്കാനും തെളിവാനും പിരിവാനും തുടങ്ങി. ഇതെല്ലാം മനസ്സുകൊണ്ടുകണ്ടു ആനന്ദിച്ചിരിക്കുമ്പോൾ പുറത്തുനിന്നു 'ഞാൻ ഇപ്പോൾ കുഞ്ഞിക്കാളിയമ്മയേ കാണുന്നില്ല. നാളെ ഉച്ചയ്ക്കു വന്നുകൊള്ളാം' എന്നു കണ്ടുണ്ണിനായരും, വരാൻ അമാന്തിക്കില്ലല്ലോ എന്നു അമ്മുക്കുട്ടിയും പറയുന്നതുകേട്ടു അസാമാന്യമായിക്കോപിച്ചു കുട്ടികൃഷ്ണമേനോൻ അവരാരും കാണാതെ തെക്കുപുറത്തു മിററത്തു ഒരു ചാരുകസാല കൊണ്ടുവന്നിട്ടു അവിടെ നിലാവത്തു കിടപ്പായി.

ആ യുവതികൾ രണ്ടുപേരും മുണ്ടുമാറുന്നതിന്നോ മറേറാ മാളികയുടെ മുകളിലേക്കു പോയി. ലക്ഷ്മിക്കുട്ടി ജനേലിൽകൂടി പുറത്തു നോക്കിയപ്പോൾ കുട്ടികൃഷ്ണമേനോൻ വളരെ പരവശനായി കിടക്കുന്നതുകൊണ്ടു തന്റെ മനസ്സു വല്ലാതെ ചലിച്ചു; വേഗം അമ്മുക്കുട്ടിയെ വിളിച്ചു കാണിച്ചുകൊടുത്തു ഇങ്ങനെ പറഞ്ഞു. ഇതാ ഓപ്പ കിടക്കുന്നതു കണ്ടുവോ? പാവം. അമ്മുക്കുട്ടിയുടെ ഈ തിരസ്കാരം അദ്ദേഹത്തിന്നു നന്നേ ഉള്ളിൽ തട്ടീട്ടുണ്ടു്.

അമ്മു—തട്ടിക്കോട്ടെ.

ലക്ഷ്മി—ഛീ-എന്തൊരു കഥയില്ലായ്മയാണിതു്. നിന്റെ ചാപല്യം കുറെ അധികമായിപ്പോയി. വല്ല ദുസ്തർക്കങ്ങളും പറയാതെ വേഗം ചെന്നു അദ്ദേഹത്തോടു നല്ലവാക്കുപറഞ്ഞു ഉണ്ണാൻ കൂട്ടിക്കൊണ്ടുവരു-

ഈ സംവാദസമയം മുഴുവൻ അമ്മുക്കുട്ടിയുടെകണ്ണുകുട്ടികൃഷ്ണമേനോന്റെ മേൽത്തന്നെയായിരുന്നു. ലക്ഷ്മിക്കുട്ടിയുടെ വാക്കുകേട്ടു ഒന്നുംമിണ്ടാതെ താഴത്തുപോയി കുട്ടികൃഷ്ണമേനോൻ കിടക്കുന്നിടത്തു ചെന്നു 'ഉണ്ണാറായി, എന്താണിങ്ങനെ കുട്ടികഴിഞ്ഞ തള്ളയെപ്പോലെ കിടക്കുന്നതു്' എന്നു ചോദിച്ചു.

കുട്ടികൃ—എനിയ്ക്കു ഊണില്ല.
അമ്മു—പ്രദോഷം നോൽമ്പാണെന്നുണ്ടോ?
കുട്ടികൃ—അതെ.
അമ്മു—പ്രദോഷംനോൽമ്പിനു രാവിലെ ഊണും, അത്താഴം പട്ടിണിയു മാണെന്നുണ്ടോ പുതിയ സമ്പ്രദായം?
കുട്ടികൃ—സ്ത്രീകൾ പുരുഷന്മാരെ ശിംകു കളിപ്പിക്കയാണു പുതിയസമ്പ്രദായം.
അമ്മു—അസംബന്ധം പറയാതെ ഉണ്ണാൻ വേഗം അകത്തേക്കു ചെല്ലാൻ പറഞ്ഞയച്ചു.
കുട്ടികൃ—ആര്?
അമ്മു—ചേച്ചി—
കുട്ടികൃ—അമ്മുക്കുട്ടിക്കു ഞാൻ ഉണ്ണണം അകത്തുവരണം എന്നൊന്നുമില്ല.
അമ്മു—ചേച്ചിപറഞ്ഞു എന്നു പറഞ്ഞില്ലേ.
കുട്ടികൃ—(കസാലയിൽനിന്നെഴുനേററ്) അമ്മുക്കുട്ടിയ്ക്കു അവശ്യമുണ്ടെന്നു പറഞ്ഞല്ലാതെ ഞാൻ ഇവിടുന്ന് അനങ്ങില്ല. പട്ടിണികിടന്നു ചത്തുപ്പോയ്യാലേ വരൂ.
അമ്മു—എന്നാൽ പട്ടിണികിടന്നു ചത്തോളൂ. ആൎക്കാണു ചേതം?

അനുരാഗം ലേശംപോലുമില്ലെന്നു സൂചിപ്പിക്കുന്ന ഈ വാക്കുകേട്ടപ്പോൾ കുട്ടികൃഷ്ണമേനോൻ ഇടിവെട്ടുകൊണ്ടതുപോലെ ആ കസാലയിൽ തന്നെ വീണു. മുഖം കൈകൊണ്ടുപൊത്തി നിശ്ചേഷ്ടനായി അവിടെ കിടന്നു. ജീവിച്ചിരുന്നിട്ടുള്ള ഫലം അവസാനിച്ചുഎന്നു തീൎച്ചയാക്കി. ഇതുകേട്ടപ്പോൾ അമ്മുക്കുട്ടിയുടെ കഥയും കുറെ പരുങ്ങലായി; വളരെ ഘനപുരുഷനാണെന്നു എല്ലാവൎക്കും സമ്മതമുള്ള കുട്ടികൃഷ്ണമേനോൻ, തന്റെ പേരിലുള്ള അനുരാഗംനിമിത്തം ഇത്ര ഇളകിപ്പോയതുകണ്ടു അവളുടെ മനസ്സു സാമാന്യത്തിലധികം ക്ഷോഭിച്ചു. പശ്ചാത്താപത്തോടുകൂടി അടുക്കൽചെന്നു കൈപിടിച്ചു 'എന്റെ ഈ അപരാധം ക്ഷമിക്കണേ' എന്നു തൊണ്ടയിടറി കണ്ണീരൊലിപ്പിച്ചുകൊണ്ടു പറഞ്ഞു. ചത്തപോലെ കിടന്നിരുന്ന കുട്ടികൃഷ്ണമേനോൻ മൃതസഞ്ജീവനി സേവിച്ചിട്ടോഎന്നു തോന്നുമാറു പൊടുന്നനേ എഴുനേററു.

രണ്ടുപേരുടെയും വരവുംകാത്തു ലക്ഷ്മിക്കുട്ടി ശ്വാസംവിടാതെ ഇരിക്കുകയായിരുന്നു. അവരുടെ മുഖഭാവം കണ്ടപ്പോൾ കാൎയ്യം മനസ്സിലായി. ആ സുശീലയുടെ സന്തോഷവും കൃതാൎത്ഥതയും ഇത്രയെന്നുപറവാൻ എന്നാൽ അസാദ്ധ്യമാണ്. വേഗത്തിൽ അമ്മ കിടക്കുന്നിടത്തു

പോയി അവൾ ഈ സന്തോഷവൎത്തമാനം അവരെ അറിയിച്ചു. സന്തോഷാധിക്യംകൊണ്ടു പക്ഷവാതം മാറുമെങ്കിൽ അവരുടെ ദീനം താമസിയാതെ മാറുവാൻ ഇടയുണ്ടു എന്നാണുതോന്നുന്നതു്. പിറേറന്നാൾ രാവിലെ കുഞ്ഞികാളിയമ്മ അമ്മുക്കുട്ടിയെ സ്വകാൎയ്യമായി വിളിച്ചു് 'അമ്മു നിനക്കു കൃഷ്ണനെ നല്ല ബോദ്ധ്യംതന്നെയല്ലേ' എന്നു ചോദിച്ചു. അമ്മേ! ഞാൻ കഴിഞ്ഞമാസം ൧൮-ാംനു-യാണു് അദ്ദേഹത്തിനെ ഇവിടെവെച്ചുകണ്ടതു്. ആ കണ്ട ക്ഷണംമുതൽക്കു എന്റെ ഹൃദയം അദ്ദേഹത്തിന്റെ അധീനമായി.

......വിദ്യാവിനോദിനി

---

## VI
## ഇങ്ങനെ വരുമെന്നു വിചാരിച്ചില്ല.

---

നീലഗിരിയിലെ ഇഞ്ചിനീയർ സായ്പു് വില്യംചാൎളി എന്ന ഒരു ചെറുപ്പക്കാരനാണു്; ഇരുപത്തെട്ടു വയസ്സു പ്രായംകാണും. ഇന്ത്യയിലേക്കു വന്നിട്ടു് അഞ്ചാറുമാസമേ ആയിട്ടുള്ളു. കണ്ടാൽ ഒരുമാതിരി യോഗ്യനാണെന്നുതന്നെ പറയണം. ചെറുപ്പമാണെങ്കിലും തന്റെ പ്രായത്തിൽ മററുള്ളവൎക്കു സാധാരണയായുള്ള 'പിള്ളൎകളി' എന്നുപറയുന്നതു തനിക്കു ലവലേശം ഇല്ല. തന്റെ മുഖത്തു് എല്ലായ്പോഴും ഗാംഭീൎയ്യമേയുള്ളൂ. ആരോടുംതന്നെ കുറെ അധികം സംസാരിക്കുന്നതു ഗൌരവക്കുറച്ചിലാണെന്നാണു്. മൂപ്പർ ഒന്നുചിരിച്ചു കണ്ടാൽ മതിയെന്നു വിചാരിച്ചുകൊതിച്ചുംകൊണ്ടു കീഴുദ്ദ്യോഗസ്ഥന്മാർ വളരെ പേർ തപസ്സു ചെയ്യുന്നുണ്ടു്. സായ്പു് അവൎകൾ ഒരു ഗാംഭീൎയ്യസമുദ്രമാണെന്നു ജനങ്ങൾ സംസാരിക്കുന്നതും ഉണ്ടു്. എന്നാൽ മനുഷ്യവൎഗ്ഗത്തിൽ പുരുഷന്മാരല്ലാത്ത ചില കൂട്ടരെകാണുമ്പോൾ ധീരയുടെ കാൎയ്യം അസാരം പരുങ്ങലാണു്. കോണിപ്പടിയുടെ ചുവട്ടിൽനിന്നു മനസ്സിൽഗാംഭീൎയ്യത്തെ നല്ലവണ്ണം ഉറപ്പിച്ചിട്ടു മുകളിൽകേറി ഇന്ദുലേഖയുടെ മുഖംകണ്ടപ്പോൾ സൂരിനമ്പൂരിപ്പാട്ടിലെ ഗാംഭീൎയ്യം എവിടെപ്പോയി? എന്തിനു വളരെപറയുന്നു? പുരുഷന്മാരുടെ മുമ്പിൽ വളരെ ഗംഭീരനായ ഒരു സിംഹമാകുന്ന ചാൎളി, സ്ത്രീകളുടെ മുമ്പിൽ ഒരു ശുദ്ധഇളിച്ചവായക്കഴുതയാണു്.

ആരോടും അധികം സംസാരിക്കാത്ത ചാൎളിക്കു സമീപത്തു ഒരു കാപ്പികൃഷിക്കാരനായ ജാക്സൻ സായ്പായിട്ടു വലിയഇഷ്ടമാണു്. ജാക്സ

ൻ ഏകദേശം അമ്പതു വയസ്സിലധികം പ്രായമുള്ളവനും പരമശുദ്ധനുമാണ്. താനും തന്റെ 'എമിലി' എന്നുപേരായ ഭാൎയ്യയുംകൂടി കാപ്പിത്തോട്ടത്തിന്റെ മദ്ധ്യത്തിലുള്ള ഒരുചെറിയ ബംഗ്ലാവിലാണു താമസം. എമിലിയ്ക്കു ഏകദേശം ഇരുപത്തെട്ടുവയസ്സുപ്രായവും കണ്ടാൽ ഒരുമാതിരി സൌഭാഗ്യവും ഉണ്ട്. ഇഞ്ചിനീയർസായ്പിന്നുദിവസത്തിൽ ഒരുപ്രാവശ്യമെങ്കിലും ജാക്സൻസായ്പിനെ കാണ്മാൻ പോയില്ലെങ്കിൽ സുഖമില്ല. ഇഞ്ചിനീയരുടെ സ്വഭാവം അറിഞ്ഞവൎക്കു കാരണം ഊഹിക്കാവുന്നതാണു. എമിലിയുടെ സൌന്ദൎയ്യത്തെ കണ്ണുകൊണ്ടു അനുഭവിച്ചാൽമതി, വിശപ്പുശമിപ്പാൻ. എമിലിതന്നോടു എന്തെങ്കിലും സംസാരിച്ചാൽ സുകൃതമായി. എമിലിയുടെ കയ്യിൽനിന്നും എന്തെങ്കിലുംവാങ്ങിയാൽ ജന്മം സഫലമായി. എമിലിയുടെ കൊച്ചുകുട്ടിയെ എത്രതന്നെ എടുത്താലും കളിപ്പിച്ചാലും ചുംബിച്ചാലും ചാർളിയ്ക്കു തൃപ്തിയാകയില്ല. ഒരുദിവസം എമിലി ഒരു പാത്രം ചൂണ്ടിക്കാണിച്ചു. അതിലെ വെള്ളം മുഴുവൻ കുടിപ്പാൻകഴിയുമെങ്കിൽ നിങ്ങൾ വളരെ സമൎത്ഥനാണെന്നു ഞാൻ വിചാരിയ്ക്കുംഎന്നു നേരംപോക്കായി ചാർളിയോടു പറഞ്ഞു. മൂപ്പർ ഒട്ടും മടിക്കാതെ അതിലുണ്ടായിരുന്ന ഏകദേശം നാലിടങ്ങഴിവെള്ളവും ഒരു ശ്വാസത്തിൽ മടമടന്ന് കുടിച്ചുതീൎത്തു. വയറുവീൎത്തുരണ്ടു കണ്ണിൽനിന്നും വെള്ളംവന്നുതുടങ്ങി. ശ്വാസം നേരെകഴിപ്പാൻ പിന്നെ കുറെവെള്ളം ഛൎദ്ദിച്ചുകളയേണ്ടിവന്നു. ഇങ്ങിനെയൊക്കെയാണ്, നമ്മുടെ ഇഞ്ചിനീയർ സായ്പിന്റെവൎത്തമാനം.

ഇദ്ദേഹം ഒരുദിവസം ജാക്സന്റെ ബംഗ്ലാവിൽ ഇരിയ്ക്കുന്നസമയം മേശപ്പുറത്തു കിടന്നിരുന്ന ഒരുപുസ്തകം യദൃച്ഛയായി എടുത്തു തുറന്നുനോക്കി. ആ പുസ്തകം പലേആളുകളുടേയും ഛായയെടുത്തുവെച്ചിട്ടുള്ള ഒന്നായിരുന്നു. ഓരോന്നോരോന്നായി ഏടുകൾ മറിച്ചുനോക്കിയപ്പോൾ അതിന്റെ ഇടയിൽ ല്യൂസി എന്നു താഴെപേരെഴുതിയഒരുഛായ സായ്പിന്റെ ദൃഷ്ടിയെ വളരെനേരം അതിൽതന്നെ പിടിച്ചു കെട്ടിക്കളഞ്ഞു. ചാർളി എന്തോ സ്വപ്നം കാണുന്ന വിധത്തിൽ ഒരു മറവി ബാധിച്ചപോലെ അതിൽതന്നെ നോക്കിക്കൊണ്ടു കുറച്ചുനേരം സ്തംഭപ്രായമായിരുന്നു. പിന്നെ മറവിയിൽ നിന്നും ഉണൎന്നശേഷം "ഈ ല്യൂസിഏതാണ്?" എന്നുചോദിച്ചു; "അതു് എന്റെ സോദരിയാണ്" എന്നുജാക്സൻ മറുവടിയും പറഞ്ഞു.

ല്യൂസി അപ്പോൾ യൌവനത്തിൽ കടപ്പാൻ ഒരുകാൽ ഉള്ളിൽവെച്ചു മറേറകാൽ പകുതിപൊന്തിച്ചിരിയ്ക്കുന്ന സമയമാണ്. രക്തപ്രസാദത്തിന്റെ തള്ളൽനിമിത്തംഇളംചുവപ്പുള്ള ഗണ്ഡതല്പങ്ങളോടുകൂടിയ

മുഖത്തുനിന്നു് ഉത്ഭവിക്കുന്ന കാന്തി എത്ര ധൈൎയ്യശാലിയുടെകണ്ണിനേയും ഒന്നു പരിഭ്രമിപ്പിയ്ക്കാതെയിരിയ്ക്കയില്ല. നനഞ്ഞ പവിഴംപോലെയിരിക്കുന്ന അധരങ്ങളിൽനിന്നു ജനിക്കുന്ന പുഞ്ചിരി ആരുടെ മനസ്സിനെ അലിയ്ക്കുകയില്ല? ഉത്താനദീൎഘങ്ങളായിരിക്കുന്ന കണ്ണുകളിൽ അന്തൎഭവിച്ച പ്രകാശിയ്ക്കുന്ന ശൃംഗാരം ആൎക്കാണു കൌതുകത്തെകൊടുക്കാത്തതു്? ല്യൂസി അപ്പോൾ നീണ്ടു നിബിഡമായി വളൎന്നിരിക്കുന്ന തലമുടി ഉലൎത്തി പിന്നിലിട്ടിരുന്നു. ദേഹം സാമാന്യം കറുത്ത വില്ലൂസുകൊണ്ടുണ്ടാക്കിയ ഒരുമാതിരി ഭംഗിയുള്ള ഉടുപ്പുകൊണ്ടു മറച്ചിരുന്നു എങ്കിലും, വെണ്ണക്കല്ലുകൊണ്ടു കടഞ്ഞുണ്ടാക്കിയ പോലിരിയ്ക്കുന്ന രണ്ടുകൈകളുടേയും മുട്ടിനു കീഴുള്ളഭാഗങ്ങൾ കണ്ടാൽ ശരീരത്തിന്റെ ഭംഗിയും ഒഴുക്കും ദൃഢതയും നല്ലവണ്ണം ഗ്രഹിക്കാമായിരുന്നു. വളൎച്ച നിന്നിട്ടില്ലാത്ത കുചകലശങ്ങൾ ഉടുപ്പിന്റെഅടിയിൽ മറഞ്ഞുകിടന്നിരുന്നുഎങ്കിലും സങ്കല്പയോനിഭഗവാൻ അവയെ ഇഞ്ചിനീയർസായ്പിനു നല്ലവണ്ണം കാണിച്ചുകൊടുത്തു. ധാരയുടെ തല ഒന്നുതിരിഞ്ഞു.

മൂപ്പർ പിന്നെയും കുറച്ചുനേരം നോക്കിയതിന്റെശേഷം 'ഭൎത്താവുണ്ടോ' എന്നു പതുക്കെചോദിച്ചു. ജാക്ക്സൻ 'ഇല്ല, മരിച്ചുപോയി' എന്നു പറഞ്ഞു. ചാൎളി തന്നെത്തന്നെവളരെ പ്രാവശ്യം അഭിനന്ദിച്ചു, 'ഭൎത്താവില്ലേ'? എന്നു പിന്നെയും ഒന്നു് എടുത്തുചോദിച്ചു.

ജാക്ക്സൻ—ഇല്ല.

ചാൎളി—ഞാൻ നിങ്ങളെ എന്റെ അച്ഛനെപ്പോലെയാണു് സ്നേഹിക്കുന്നതു്. നിങ്ങൾ എന്നെ പുത്രനെപ്പോലെ സ്നേഹിക്കുമെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുകയും ചെയ്യുന്നു. അതുകൊണ്ടു ഞാൻ എന്റെ ഉള്ളുതുറന്നു വെളിവായി പറഞ്ഞുകളയാം. ല്യൂസി എന്റെ ഭാൎയ്യയായിരിക്കണം. നിങ്ങൾ വിരോധം പറയരുതു്. വിരോധംപറയുന്നപക്ഷം നിങ്ങൾക്കഎന്റെപേരിൽസ്നേഹമില്ലെന്നു തീൎച്ചപ്പെടും.

ജാക്ക്സൻ—(കുറെ ആലോചിച്ചു) അവൾ വല്ലാത്ത ഒരു മാതിരിക്കാരിയാണു്. പിന്നെ വിശേഷിച്ചു നിങ്ങൾക്കു ഒട്ടും യോജിക്കയും ഇല്ല—

ചാൎളി—അതുകൊണ്ടു ദോഷം ഒന്നുമില്ല. നിങ്ങൾ വിരോധം പറയരുതു്. കഴിയുന്ന വേഗത്തിൽ ഈ കാൎയ്യംനടത്തിത്തരണം. ഇപ്പോൾതന്നെ ഒരുകമ്പിഅയയ്ക്കണം, ആരു അവിടെ.

ജാക്ൿസൻ—വരട്ടെ, നിങ്ങൾ ബദ്ധപ്പെടേണ്ട. ഇപ്പോൾ ല്യൂസി ഇങ്ങോട്ടുവരുന്നതായാൽ ഒരു എണ്ണൂറു ഉറുപ്പിക ചിലവുണ്ടാകും അതു ഞാൻതന്നെ അയയ്ക്കേണ്ടേ? ഇപ്പോൾ വളരെ വിഷമമായിരിയ്ക്കും. അതുകൊണ്ടു സാവധാനത്തിൽ മതി. പിന്നെ വിശേഷിച്ച് അമ്മയ്ക്കു സഹായമായിട്ടു അവിടെ ആരുമില്ല.

ചാർളി—എയ്! ഉറുപ്പികയുടെ കാര്യത്തെപ്പററി നിങ്ങൾ വിചാരപ്പെടേണ്ട. എണ്ണൂറു ഉറുപ്പികയോ, അതു ഞാൻ അയയ്ക്കാം. അട്ടെ, മേൽവിലാസം എന്താണ്?

തന്റെ പെണ്ണുങ്ങൾക്കു മേലാൽ ചിലവിന്നു അയയ്ക്കാതെ കഴിയുമല്ലൊ; അതും ലാഭമായി എന്നു വിചാരിച്ചു സന്തോഷിച്ചു മേൽവിലാസം പറഞ്ഞുകൊടുക്കുകയും ചെയ്തു. ഉടനെ തന്നെ ചാർളി 'ഞാൻ തന്നെ കമ്പി ആപ്പീസിലേയ്ക്കു പോകുന്നുണ്ട്' എന്നു പറഞ്ഞു ബദ്ധപ്പെട്ടു പുറപ്പെട്ടപ്പോൾ ല്യൂസിയുടെ ആ ഛായയും എടുത്തു കുപ്പായക്കീശയിലിട്ടുംകൊണ്ടു പോയി. ബംഗ്ലാവിൽ എത്തി ഉറുപ്പികയും ഒരു വേലക്കാരനെക്കൊണ്ടു എടുപ്പിച്ചു ആഫീസിൽ ചെന്നു. അതും വർത്തമാനവും കമ്പിവഴിയായി തന്നെ അയച്ചു. ആ കമ്പി എത്തിയ ഉടനെ മറുകമ്പി അയയ്ക്കുകയും അന്നുതന്നെ ഇങ്ങോട്ടു പുറപ്പെടുകയും ചെയ്യണമെന്നു പ്രത്യേകം എഴുതീട്ടും ഉണ്ടായിരുന്നു. ജാക്ൿസൻധാരയ്ക്കു കമ്പി വന്നാൽ അതു വേഗത്തിൽ വാങ്ങിക്കൊണ്ടു വരേണമെന്നു കല്പനയും കൊടുത്തു വേലക്കാരനെ അവിടെതന്നെയിരുത്തി ഗൃഹത്തിലേയ്ക്കു മടങ്ങിവന്നു. അപ്പോൾ മണി പത്തുണ്ടു കഴിഞ്ഞിരിയ്ക്കുന്നു. ചാർളിയ്ക്കു ഇപ്പോൾ എമിലിയുടെ വിചാരമേ ഇല്ല. തന്റെ സർവ്വസ്വവും ല്യൂസിയായി തീർന്നിരിയ്ക്കുന്നു. നാലു മിനുട്ടുകൊണ്ടു സാപ്പാടു കഴിച്ചു. സാവധാനത്തിലിരുന്നു നല്ലവണ്ണം കടിച്ചു ചവച്ചല്ലാതെ യാതൊന്നും ഇറക്കാത്ത നമ്മുടെ സായ്‌വ് അന്നത്തെ സാപ്പാടിൽ പല്ലുകളെ ഉപയോഗിച്ചതേ ഇല്ല. ഭക്ഷണത്തിന്നു ലവലേശം രുചിയും ഉണ്ടായിരുന്നില്ല. പിന്നെ കസാല കൊണ്ടു വരുവിച്ചു കമ്പി ആപ്പീസിൽനിന്നും വരുന്ന വഴിയിലേയ്ക്കു അഭിമുഖമായി നോക്കിക്കൊണ്ടിരുന്നു. മിനിട്ടിന്നു ഒരു പ്രാവശ്യം വാല്യക്കാരൻ കമ്പിയുംകൊണ്ടു ഓടിവരുന്നതു കാണും; കമ്പി പൊട്ടിച്ചു വായിപ്പാൻ തന്റെ വിറത്തിരിയ്ക്കുന്ന കൈകൾ ട്ടേബ്ബൾ എടുത്തു വെടിപ്പായി തുടയ്ക്കും. രണ്ടാമതു നോക്കുമ്പോൾ അതു വേറെ വല്ല പേരുമായിരിയ്ക്കും; അല്ലെങ്കിൽ ദൂരത്തു നില്ക്കുന്ന ഒരു വൃക്ഷത്തിന്റെ കൊമ്പു കാററുകൊണ്ടു ഇളകിയതായിരിയ്ക്കും. ഇങ്ങിനെ കുറച്ചു കഴിഞ്ഞപ്പോൾ ക്ഷമയില്ലായ്മ വർദ്ധിയ്ക്കു നിമിത്തം താൻതന്നെ ബദ്ധ

പ്പെട്ടു ആ വെയിലത്തു് കമ്പി അഫീസിലേയ്ക്കു നാലുനാഴിക വഴി ദൂരം ഓടിപ്പോയി. അവിടെ എത്തിയപ്പോൾ താൻ നിറുത്തിയ വേലക്കാരനെ കാണ്മാനില്ല. കമ്പിമാസ്റ്ററോടു ചോദിച്ചപ്പോൾ ജാക്ക്സൻധാരയ്ക്കു അപ്പോൾ തന്നെ ഒരു കമ്പി വന്നിട്ടുണ്ടെന്നും അതുംകൊണ്ടു ശിപായിഅങ്ങോട്ടു പോയിരിക്കുന്നുവെന്നും അറിഞ്ഞു. ഇഞ്ചിനീയരുടെബംഗ്ലാവിന്നു അല്പം മുമ്പിൽ വെച്ചു ഒരു ഇടവഴി ജാക്ക്സൻ്റെ ബംഗ്ലാവിലേയ്ക്കു തിരിയുന്നതുകൊണ്ടു ആ വഴിയിൽ കൂടിയാണു് ശിപായിയും തൻ്റെ വാലിയക്കാരനും പോയതു്. അതുകൊണ്ടു തനിയ്ക്കു അവരെ വഴിയിൽ കാണുന്നതിന്നു തരമായില്ല. ഉടനെ തന്നെ പിന്നാക്കം തിരിച്ചു ആ വെയിലത്തു ജാക്ക്സൻ്റെ ബംഗ്ലാവുവരെയ്ക്കും ഓടി. ജാക്ക്സൻ്റെ പടി കേറുന്നതിന്നുമുമ്പുതന്നെ 'കമ്പിവന്നുവോ?' എന്നു ഉറക്കെ രണ്ടു മൂന്നു പ്രാവശ്യം ചോദിച്ചു. അപ്പോൾ ശിപായിയുടെ കയ്യിൽനിന്നും വാങ്ങിയ കമ്പി ജാക്ക്സൻ പൊട്ടിച്ചിട്ടില്ല. ഇഞ്ചിനിയർ വന്നയുടനെ അതിനെ അദ്ദേഹത്തിൻ്റെ കയ്യിൽ കൊടുത്തു. കമ്പി പൊട്ടിയ്ക്കുന്നതിന്നു മുമ്പേ തന്നെ കുപ്പായക്കീശയിൽനിന്നു അഞ്ചുറുപ്പിക എടുത്തു വലിച്ചെറിഞ്ഞു കൊടുത്തു. ശിപായി ഉടൻതന്നെ സലാം പറഞ്ഞു പോകയും ചെയ്തു. ചാർളികമ്പി പൊട്ടിച്ചു നോക്കിയതിൻ്റെ ശേഷം വളരെ കുണ്ഠിതനായി ഒരു പച്ചച്ചിരിയോടുകൂടി 'ഇതല്ലാ,' എന്നു പറഞ്ഞു കമ്പി മടക്കിക്കൊടുത്തു. അതു ആ കൊല്ലത്തെ കാപ്പികൃഷിയുടെ സ്ഥിതിയറിയുവാൻ വേണ്ടി ബോംബെയിൽനിന്നു ഒരു ഇഷ്ടനായ കച്ചവടക്കാരൻ ജാക്ക്സനു അയച്ച കമ്പിയായിരുന്നു. ചാർളിയുടെ വിയർത്തു ചുവന്ന മുഖത്തു വെയിലത്തു ഓടിയ ക്ഷീണവും വിഡ്ഢിയായ ഭാവവും ലജ്ജയും എല്ലാംകൂടി കണ്ടിട്ടു, 'മറ്റെ കമ്പി വരാറായി' എന്നു പറഞ്ഞു അയാളെ സമാധാനപ്പെടുത്തി. പിന്നെവിഷണ്ണനായപോലെ ഒന്നും, സംസാരിയ്ക്കാതെ ഒരുകസാലയിൽചാരി കിടന്നു

പിന്നെ കുറെ കഴിഞ്ഞശേഷം അടച്ചിരുന്ന വാതുക്കൽ ആരോ മുട്ടുന്നതും 'സാർ,സാർ' എന്നു വിളിയ്ക്കുന്നതും കേട്ടു. മുമ്പെ കമ്പി കൊണ്ടുവന്ന ശിപായി ആണെന്നു ചാർളിയ്ക്കു ക്ഷണം മനസ്സിലായി. ബദ്ധപ്പെട്ടു ചെന്നു വാതിൽ തുറന്നു് അവൻ്റെ കയ്യിലുണ്ടായിരുന്ന കമ്പിമേടിച്ചു വേഗം പൊട്ടിച്ചു. ഈ കമ്പിയെപ്പററി ഒട്ടും സംശയിച്ചില്ല. അതു തൻ്റെ പ്രാണേശ്വരിയുടേതു തന്നെ. വേഗം ഉറക്കെ വായിച്ചു.

'കമ്പിയും ഉറുപ്പികയും കിട്ടി; വളരെ വളരെ സന്തോഷിയ്ക്കുന്നു. നാളെതന്നെ വിക്ടോറിയാ എന്ന തീക്കപ്പലിൽകേറി പുറപ്പെടും. ഒരു സമയം അമ്മയും കൂടെ ഉണ്ടാകും. ഈ കപ്പൽ വരുന്നമാസം ൫-ാനു-

മദ്രാസ് തുറമുഖത്തു എത്തുന്നതാണ്. ഒടുവിലെ വാചകം വായിച്ചപ്പോൾ ചാർളിയുടെകണ്ണു ചുമരിൽതൂക്കിയിരുന്ന ഒരുവലിയ പഞ്ചാംഗത്തിലാണ് പതിഞ്ഞത്. ഇരുപത്താറു ദിവസമുണ്ടെന്നു കണക്കാക്കി. പിന്നെ ല്യൂസി വരുന്ന അന്നു മദ്രാസ് തുറമുഖത്തു ചെന്ന് എതിരേറ്റു കൂട്ടിക്കൊണ്ടു വരേണമെന്നു തീർച്ചയാക്കി. ഈ കമ്പി ചാർളിയ്ക്ക് എത്ര സന്തോഷകരമായിരിയ്ക്കുമെന്നു വായനക്കാർ തീർച്ചയാക്കുവിൻ! ഒരു മഹാദരിദ്രനു വലിയ നിധി കിട്ടിയാൽ ഇത്ര സന്തോഷമുണ്ടാകുകയില്ല. തന്നോളം ഭാഗ്യവാനായിട്ടു ലോകത്തിലാരുമില്ലെന്നു പൂർണ്ണമായും വിശ്വസിച്ചു സന്തോഷാകുലനായി ഗൃഹത്തിലേയ്ക്കു മടങ്ങി പോകയും ചെയ്തു. അവിടെ ചെന്നതിന്റെ ശേഷമുള്ള അവസ്ഥയല്ലേ കേൾക്കേണ്ടതു? ല്യൂസിയേയും വിചാരിച്ച് അന്ധനായി ഒരു ദിക്കിൽ കുറച്ചുനേരം ഇരിയ്ക്കും; ഉടനെ കമ്പി എടുത്തു ഒന്നു വായിച്ചുനോക്കും; ല്യൂസിയുടെ ഛായയെടുത്ത് ഒന്നു ചുംബിയ്ക്കും; കട്ടിലിൽ ചെന്നു കുറേനേരം കിടന്നു കുറേനേരം ആലോചിച്ചു ദീർഘശ്വാസം വിടും; ഛായയെടുത്തു മാറത്തു വച്ച് അമത്ത് ആലിംഗനം ചെയ്യും. ഇങ്ങിനെ കഴിച്ചു. അന്നു രാത്രി ഉറക്കം കുറെ അമാന്തം തന്നെയായിരുന്നു എങ്കിലും പകലുണ്ടായിരുന്ന അത്യന്തശ്രമവും നട്ടുച്ചക്കു വെയിലത്തുണ്ടായ ഓട്ടവും നല്ലവണ്ണം ഭക്ഷണം കഴിയ്ക്കായ്കയും നിമിത്തം ബാധിച്ചിട്ടുള്ള ക്ഷീണം കുറെ ശക്തിയുള്ളതായിരുന്നതുകൊണ്ടു അതു അല്പനേരം ഉറങ്ങാതെ സമ്മതിച്ചില്ല. പിന്നത്തെ ദിവസങ്ങളെല്ലാം ചാർളി എങ്ങിനെ കഴിച്ചുകൂട്ടി എന്നു പറവാൻ പ്രയാസം. കഴിഞ്ഞ ദിവസങ്ങൾ എണ്ണുകതന്നെയായിരുന്നു ജോലി. സൂര്യൻ അസ്തമിയ്ക്കുന്നതിന്ന് അസാധാരണയായി താമസിയ്ക്കുന്നതുകൊണ്ടു സൂര്യന്റെ നേരെ ചിലപ്പോൾ കല്ലു വലിച്ച് എറിയാറുണ്ടോ എന്നു സംശയമാണ്.

ല്യൂസി എത്തുവാൻ നിശ്ചയിച്ചിരുന്ന പന്ത്രണ്ടാം തീയതി ചാർളിയും ജേളിയനും അളിയന്റെ ഭാര്യ്യയും എല്ലാപേരും അരുണോദയം കണ്ടതു മദ്രാസ് കടൽ കരയിൽ വെച്ചാണ്. പത്തുമണിക്കു സാപ്പാട്ടു കഴിഞ്ഞു മൂന്നുപേരും സമുദ്രവക്കത്തു ഹാജർ കൊടുത്തു. സമുദ്രത്തിലേക്കു വളരെ ദൂരം ഇറക്കി വളച്ചു കെട്ടിയിട്ടുള്ള വലിയ കുളത്തിനകത്തു നില്ക്കുന്ന സകല കപ്പലുകളേയും വളരെ നേരം തന്റെ ഫീൽഡ്ഗ്ലാസ് എന്നു പറയുന്ന ഒരു മാതിരി ദൂരദർശിനിയിൽ കൂടി നോക്കിക്കൊണ്ടു തന്നെയിരുന്നു. അങ്ങിനെ നില്ക്കുമ്പോൾ ഏകദേശം നാലുമണി സമയത്തു ഒരു കപ്പൽ കുളത്തിനകത്തു കടന്നുവന്നു. അതിന്റെ പുറത്തു 'വിക്ടോറിയാ' എന്നു വലിയ അക്ഷരത്തിൽ എഴുതിയിരുന്നതു ചാർളിയുടെ കണ്ണിൽ പെട്ടെന്നു പതിഞ്ഞു. ഇതാ വന്നു എന്നു പറഞ്ഞു

മൂപ്പർ നിന്ന ദിക്കിൽ നിന്ന് ഒരു ചാട്ടം ചാടി. വേഗത്തിൽ ഒരു ബോട്ടു ചട്ടംകെട്ടി. അല്ഫ്രഡിനേയും എമിലിയേയും കൂടി കപ്പലിലേക്കു അയച്ചു. ചാർളി കണ്ണാടിയിൽ കൂടി നോക്കിക്കൊണ്ടു കരയിൽ നില്ക്കുകയും ചെയ്തു. ബോട്ടു കപ്പലിൻെറ സമീപം എത്തിയ ഉടനെ കപ്പലിൻെറ പുറത്തു തൂക്കി വിട്ടിരുന്ന ഒരു കോണിയിൽകൂടി കേറി ജാക്സനും ഭാൎയ്യയും അതിൻെറ ഉള്ളിലേക്കു ഇറങ്ങിപ്പോയി. ഇപ്പോൾ തൻെറ ഭാൎയ്യയെ കാണാം. കണ്ണിന്നു പരമാനന്ദവും ലഭിയ്ക്കും, എന്നൊക്കെ ഓരോ മനോരാജ്യഭരണം ചെയ്തുംകൊണ്ടു കണ്ണാടിയിൽ കൂടി ദൃഷ്ടി എടുക്കാതെ തന്നെ ചാർളിയും കരയിൽ നിന്നു. അല്പസമയം കഴിയുമ്പോഴെയ്ക്കു ജാക്സൻ ബോട്ടിലേക്കു ഇറങ്ങുന്നതും കപ്പലിൽ നിന്നു ചില സാമാനങ്ങളെല്ലാം വാങ്ങി വെയ്ക്കുന്നതും കണ്ടു. പെട്ടന്നു, തലയിൽ ഒരു വയ്ക്കോൽ തൊപ്പിയും മൂക്കിൽ ഒരു കണ്ണാടിയും ഒരുമാതിരി ചീട്ടിശ്ശീല കൊണ്ടുള്ള ഉടുപ്പും പാവാടയും കുടയും കോപ്പുമായി, കടച്ചു നീണ്ടു ചുക്കിച്ചുളുങ്ങിയ മുഖത്തോടുകൂടിയ ഒരു വേഷവും എമിലിയും കൂടി കപ്പലിൻെറ വക്കത്തു വന്നു നിന്നു. ഈ വേഷത്തിന്നു അറുപതിനപ്പുറം പ്രായം കാണും. ഉടൻ തന്നെ കരയിൽ നില്ക്കുന്ന ചാർളിയെ ആ വേഷത്തിന്ന് എമിലി കാണിച്ചുകൊടുത്തു. പെട്ടന്ന് സഹിപ്പാൻ പാടില്ലാതെ ഉണ്ടായ സന്തോഷംകൊണ്ടു ചുണ്ടുകൾ പിളൎത്തി ചിരിച്ചപ്പോൾ രണ്ടു വരിയിലും ഉമ്മറത്തു ഈരണ്ടു പല്ലുകൾ പോയിട്ടുള്ളതു ചാർളിക്കു നല്ലവണ്ണം കാണാറായി. ഈ വേഷം തൻെറ അമ്മായിയമ്മയാണെന്ന് തീൎച്ചപ്പെടുത്തുന്നതിന്നു ചാർളിയ്ക്കൊട്ടും പ്രയാസമുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ശരീരത്തിൻെറ ആസകലാൽ കൂടിയുള്ള ആകൃതിയും മുഖത്തിൻെറ പ്രകൃതിയും എല്ലാംതൻെറ ല്യൂസിയുടെ ഛായയെ നല്ലവണ്ണം അനുസരിച്ചിരുന്നു. വിശേഷിച്ചു അമ്മയും ഒരു സമയം ഉണ്ടാകുമെന്നു ല്യൂസിയുടെകമ്പിയിൽ പറഞ്ഞിട്ടുണ്ടായിരുന്നല്ലോ. ഇനി ഉടൻ തന്നെ തൻെറ പ്രാണപ്രിയയുടെ മുഖവും കാണാറായി എന്നു വിചാരിച്ചു കണ്ണാടിയിൽകൂടി തന്നെ ദൃഷ്ടി എടുക്കാതെ നോക്കിക്കൊണ്ടിരിക്കുന്ന മദ്ധ്യേ ചാർളിയുടെ അമ്മായിയമ്മയെ ജാക്സനും എമിലിയും കൂടി ഓരോകയ്യിൽ പിടിച്ചു പതുക്കെ കോണിയിൽകൂടി ഇറക്കി ബോട്ടു നീക്കുകയും ചെയ്തു. ബോട്ടു നീക്കിയതു കണ്ടപ്പോൾ നമ്മുടെ എഞ്ചിനീയർ സായ്പിൻെറ മനസ്സിൽ ഇരുട്ടു ബാധിച്ചതുപോലെ എന്തോ വികാരം തോന്നി. താൻ ഇതുവരെ ഈ കാൎയ്യത്തിൽ പ്രവൎത്തിച്ചേടത്തോളം സംഗതികളെല്ലാം ആലോചനയില്ലായ്മയും വിഡ്ഢിത്തവും ആണെന്നു ബോദ്ധ്യപ്പെട്ടു. തന്നെ താനെ വളരെനേരം നിന്ദിച്ചു. മൂപ്പക്കു കാൎയ്യമൊക്കെ മനസ്സിലായി എന്നാണു് തോന്നുന്നതു്. ഭ്രാന്തു പിടിച്ചിട്ടെന്നപോലെ അവിടെ നിന്നു ഒരു ഓട്ടം; ഓടിയ ദിക്കിൽ പുല്ലു മു

ളയ്ക്കുകയില്ല. ബദ്ധപ്പെട്ടു മൂന്നു നാലു നാഴിക വഴി ഓടി തീവണ്ടി അപ്ഫീസിലെത്തി ഒരു ശീട്ടു വാങ്ങി വണ്ടിയിൽ കയറേണ്ട താമസമേ ഉണ്ടായിരുന്നുള്ളു, വണ്ടി നീങ്ങുകയും ചെയ്തു. എന്റെ പ്രിയവായനക്കാരെ! നിങ്ങളാരും പരിഭ്രമിക്കേണ്ട.

ഫോട്ടോഗ്രാഫിലെ ല്യൂസി തന്നെയാണ് ബ്ളാത്തിയിൽ നിന്നു വന്ന ആ മുത്തശ്ശി. എന്നാൽ ഫോട്ടോഗ്രാഫ് നാല്പത്തഞ്ചു കൊല്ലം മുമ്പെ എടുത്തതാണ്.

വിദ്യാവിനോദിനി) സി. എസ്. ഗോപാലപ്പണിക്കർ ബി. ഏ.

................

## VII

## കയ്മളശ്ശന്റെ കല്യാണം

ചരൽ വന്നു വീഴുന്ന ശക്തിയോടുകൂടി തുലാവൎഷം തകൎത്തു പെയ്തുകൊണ്ടിരുന്ന ഒരു രാത്രിയിൽ പുഷ്പഗിരിഗ്രാമത്തിന്നു പടിഞ്ഞാറുവശത്തുള്ള വിശാലപ്പയലിന്റെ നടുവിൽ കിഴ്മേലായി നെടുനീളത്തിൽ കിടക്കുന്ന നാട്ടുപാതയിൽകൂടി കാക്കപ്പൊന്നുത്ത 'ചപ്രപ്ലാണ്ടൻ' എന്നു സ്ഥാനപ്പേരുള്ള 'ഇട്ടിരിക്കുമ്മൻ' കയ്മളശ്ശൻ സവാരി നീങ്ങുകയായിരുന്നു. 'തൊക്കും തൊണ്ടും' എക്കി വലിഞ്ഞു, അടികൊണ്ടു തുടതടിച്ചു, എല്ലു പൊന്തി, കാൽ മുടന്തി പട്ടിണി പരിചയിച്ചിട്ടുള്ള എജമാനന്റെ ശ്രുതിപ്പെട്ട 'പോണി' നനഞ്ഞൊലിച്ചു അതിലെ ഭേസിപ്പോകുന്നതു കണ്ടാൽ, ഓജസ്സും പ്രതാപവും ക്ഷയിച്ചു പ്രഭുത്വം നടിച്ചുനില്ക്കുന്ന എടപ്രഭുക്കന്മാരിൽ ചിലരുടെ പോക്കുവരവിന്നുള്ള 'നീങ്ങുക' എന്ന ആചാരവാക്കിനെ അൎത്ഥവത്താക്കിത്തീൎക്കുകയാണെന്നു തോന്നും. കിഴക്കൻ കാററിന്റെ ശക്തികൊണ്ടു പടിഞ്ഞാട്ടു നീങ്ങിനീങ്ങിപ്പോരുന്ന ആ ജന്തു അരരാത്രി പുഴപ്പാലത്തിന്നടുത്തെത്തിയപ്പോൾ പാതയിൽ വിലങ്ങടിച്ചു നില്പായി. കയ്മളുടെ മഴക്കോട്ടിന്റെ കാററു പിടിച്ചു തുടങ്ങിയപ്പോൾ പോണി കയ്യും കാലും ഇടയ്ക്കിടെ പൊക്കി പടിഞ്ഞാട്ടു ചായുന്നുണ്ട്. വാറുവലിച്ചും കാലിട്ടടിച്ചും കയ്മൾ കുതിരയെ പടിഞ്ഞാട്ടു തിരിക്കുവാൻ പാടുപെടുന്നതിനിടയ്ക്കു അതിന്റെ പള്ളയ്ക്കലാരോ വന്നുമുട്ടി. ഹൈ! ഹൈ! ഹൈയ്യ്! എന്നുള്ള സവാരി

ക്കാരുടെ വായ്ത്താരി കയ്മൾ അടിക്കടി പുറപ്പെടുവിച്ചു. കൊടയും ചെരിച്ചു പിടിച്ചു കുമ്പിട്ടു ബദ്ധപ്പെട്ടുവന്നു മുട്ടിയ പാന്ഥൻ പരിഭ്രമിച്ചു പിന്നാക്കം മാറി.

കയ്മൾ—ആരാതു്? തിന്നുപുളച്ചു ലക്കാനൊതുങ്ങാതെ വില്ലങ്കിച്ചു നില്ക്കുന്ന പോണിയുടെ മെക്കട്ടുവന്നു കേറി ചാകാഞ്ഞതു ഭാഗ്യം.

പാന്ഥൻ—അല്ലാ എജമാനനോ? എന്നെ അന്വേഷിച്ചു നീങ്ങുകയാണെന്നുണ്ടോ? തിടുക്കം നേരിട്ടതുകൊണ്ടു വന്ന താമസം ക്ഷമിയ്ക്കണം.

കയ്മൾ—ആരു്, ശിവരാമനോ? നന്നായി! തന്റെ വരവു കാണാഞ്ഞിട്ടു് അന്വേഷിച്ചു പുറപ്പെട്ടതാണു.

ശിവരാമൻ—വലിയ മഴ, എന്റെ വീടു സമീപമാണു്.

കയ്മൾ—രാത്രിയല്ലേ, നമ്മെ ആരും കാണില്ല, ശിവരാമന്റെ വീട്ടിലേയ്ക്കു തന്നെ പോകാം. പോണിയെ ഒന്നു തള്ളിത്തിരിയ്ക്കു.

ശിവരാമമേനോൻ കുതിരയെ തള്ളിത്തിരിക്കുവാൻ ഭാവിച്ചപ്പോൾ അതു് അവിടെ കിടന്നു. പലതും പയററിനോക്കി. അതു് ഏശിററില്ല. അവസാനം ജീനി ശിവരാമമേനോൻ ചുമക്കേണ്ടതായി വന്നു.

കഴുകൾ തീൻപണ്ടം വീണിട്ടുണ്ടെന്നറിയുന്നതു മൂക്കു വിടർത്തിട്ടാണെന്നു ചിലർ പറയാറുണ്ടു്. ഉള്ളുകൊണ്ടു സ്പർദ്ധച്ചേർച്ചയില്ലാതാകുമ്പോഴെയ്ക്കും അവിടെ നാട്ടുകാര്യസ്ഥന്മാരെത്തുന്നതെങ്ങിനെയാണെന്നാരും പറയുന്നില്ല. തമ്മിൽ രാജിയാക്കുകയാണെന്നു പുറമെ ഭാവിച്ചു കടിപിടി കൂട്ടി വൈരം വൾപ്പിച്ചു എടുത്തടുകൊണ്ടു കാലക്ഷേപം ചെയ്യുന്ന നാട്ടുകാര്യസ്ഥന്മാരിൽ ഒട്ടും സപ്രധാനിയല്ലാത്ത ഒരാളാണു് വ്യവഹാരി ശിവരാമമേനോൻ. ആളും തരവും അറിഞ്ഞു പ്രയോഗിച്ചു സ്ഥാത്ഥം നേടാനതിസമത്ഥനായ ആ വിദ്വാൻ വീട്ടിൽ ചെന്നു കയ്മൾക്കു കുത്തുകട്ടിലും തിണ്ടുതലയിണയും കൊടുത്തു സൽക്കരിച്ചു അനുവാദപ്പെടി താനും ഇരുന്നു. മേശപ്പുറത്തു കിടന്നിരുന്ന 'രസവിലാസിനി' എന്ന മാസികയുടെ കടലാസ്സുകൾ അശ്രദ്ധയായി മറിച്ചിട്ടുകൊണ്ടു് 'നീങ്ങിയതു് എന്തിനാണെന്നു മനസ്സിലായില്ല' എന്നു പറഞ്ഞു.

കയ്മൾ—സവാരിചെയ്തു ക്ഷീണം മാറിട്ടാവാമെന്നു വിചാരിച്ചു. വേണ്ടാ, നമ്മേക്കാളധികം ശുഷ്കാന്തി ശിവരാമനുണ്ടെന്നു നമുക്കു ബോദ്ധ്യമായി; അതുകൊണ്ടു നാം ക്ഷീണം വകവെയ്ക്കുന്നില്ല.

ശിവ—ക്ഷീണം മാറീട്ടു മതി, ഇനിയ്ക്കു വെളപ്പാടില്ല.
കയ്മൾ—പോര പോര! ആ ചേട്ടകളെ നിമിഷത്തിന്നു മുമ്പിൽ കുടുക്കണം. കുളൻ, നമ്മെ അവമാനിപ്പാൻ പുറപ്പെട്ട പെരുങ്കുളൻ; പെരുങ്കൊതിയൻ, അവനോ-അവനെ നാം-ശിവരാമൻ ആ പുസ്തകം വായിച്ചില്ലേ?

ശിവ—ഉവ്വ്. 'കയ്മളശ്ശന്റെ ശൃംഗാരക്കത്ത്' നല്ല നേരംപോക്കുതന്നെ
കയ്മൾ—നേരംപോക്കല്ല കാൎയ്യമാണത്.

ശിവ—എന്നാൽ അയാൾ വലിയ ഏഭ്യൻ തന്നെ, ഇത്ര ചാപല്യം മനുഷ്യൎക്ക വരാമോ?

ശിവരാമമേനോന്റെ അഭിപ്രായം കേട്ടപ്പോൾ കയ്മളുടെ മുഖംവാടി. 'സ്വകാൎയ്യമായിട്ട് ഇന്നതേ എഴുതാവു എന്നുണ്ടോ? അതു പരസ്യമാക്കിയതുകൊണ്ടു വല്ല കേസ്സിന്നും വഴിയുണ്ടോ എന്നാണ് ആലോചിയ്ക്കേണ്ടത്' എന്നു കയ്മൾ പറഞ്ഞു.

ശിവ—'രസവിലാസിനി'യുടെ മേൽ കേസ്സോ? ഒരിയ്ക്കലും ഉണ്ടാവില്ല. കത്തു സ്വകാൎയ്യമാണോ എന്ന് അതു കിട്ടിയ ആളല്ലേ വിചാരിയ്ക്കേണ്ടത്? എജമാനൻ ഇതിനെപ്പററി ആലോചിയ്ക്കുന്നതെന്തിനാണ്?

കയ്മൾ—നമ്മുടെ പുതിയ ഏൎപ്പാടു ശിവരാമൻ കേട്ടിട്ടില്ലെന്നുണ്ടോ?
ശിവ—താട്ടിക്കുട്ടിയായിട്ടുള്ള കൂട്ടുകെട്ടു വിട്ടുവെന്നും അവളെ കിഴക്കൻ ഒരു നായർ കൊണ്ടുപോയിയെന്നും കേട്ടു.

കയ്മൾ—കൂട്ടുകെട്ടിന്ന് ഇപ്പോഴും കുറവില്ല. അവളായിട്ടുള്ള പരസ്യമായ വേഴ്ച ഇനി നമ്മുടെ സ്വത്രപത്തിങ്കലേയ്ക്ക് അപമാനമാണെന്നു നാം അവളെപ്പറഞ്ഞു വിശ്വസിപ്പിച്ച് ഉപേക്ഷിയ്ക്കുകയാണ് ചെയ്തത്. കാരണം അവൾക്കും നമുക്കും മാത്രമേ അറിഞ്ഞുകൂടു.
ശിവ—സ്വകാൎയ്യം പുറത്താക്കരുതല്ലോ. താട്ടിയ്ക്ക്......യതുകൊണ്ട് എജമാനൻ ഉപേക്ഷിച്ചതാണെന്നുള്ള ആക്ഷേപവും പോയല്ലോ.

കയ്മൾ—താട്ടിയുടെ നായർ നമുക്കു തിരുമുൽക്കാഴ്ച കഴിപ്പാന് വരവുണ്ടെന്നും, അയാളോട് അവൾക്കു.........സംഗതി മാത്രം പറയ

രുതെന്നും താട്ടി നമ്മുടെ കാലുപിടിച്ചപേക്ഷിച്ചു. നാം അതിനെ സമ്മതിച്ചു പൊളിപറയാനൊരുങ്ങി ഇരിപ്പായിരുന്നു; പക്ഷെ പൊടമുറി നായരുടെ വീട്ടിൽ വെച്ചായിരുന്നതുകൊണ്ടു നമുക്കതുകൂടാതെ കഴിഞ്ഞു.

ശിവ—ആ മാറാപ്പ് ഒഴിഞ്ഞതു നന്നായി. അവസ്ഥയ്ക്ക് പോരാത്തവളെ വെച്ചുകൊണ്ടിരിയ്ക്കുന്നതു് എജമാനനെപ്പോലെയുള്ളവൎക്ക് ഒരിക്കലും ഭംഗിയല്ല.

കയ്മൾ—അതവൾക്കും ബോദ്ധ്യമാണു്. താട്ടി വളരെ നന്ദിയുള്ള കൂട്ടത്തിലാണു്. അവൾ കിഴക്കോട്ടു പോകുന്ന ദിവസം ഒരു കന്യകയുടെ പടം നമുക്കു കാഴ്ചവെച്ചു. അതു് അവളുടെ ഭൎത്താവിൻെറ മരുമകളുടെ ഛായയാണു്. വളരെ ഭേഷ് എന്നല്ലേ പറയേണ്ടു!

ശിവ—സൌന്ദൎയ്യം, കുലമാഹിമ, സൌശീല്യം മുതലായ ഗുണങ്ങളെല്ലാം തികഞ്ഞിട്ടു ഇഷ്ണിയ്ക്കു എന്നൊരു പെങ്കുട്ടിയുണ്ടു്. ആ കുട്ടിയുടെ പടമായിരിയ്ക്കുമൊ?

കയ്മൾ—അതുതന്നെ. ശിവരാമൻ ഇഷ്ണിയ്ക്കുയേ കേട്ടിട്ടുണ്ടു്; അല്ലേ? താട്ടിയും അവളും തമ്മിൽ പ്രാണസ്നേഹമാണു്. ഇഷ്ണിയ്ക്കു കുട്ടിയാണെങ്കിലും ഓജസ്സു കലശലാണു്. അവളുടെ അമ്മാമനെക്കൊണ്ടു താട്ടിയ്ക്കു പൊടമുറി കൊട്ടപ്പിച്ചു. ഇഷ്ണിയ്ക്കുയെ നമുക്കു ബോദ്ധ്യമാകയാൽ നാം താട്ടിയ്ക്കു് ഒരു വലിയ പ്രത്യുപകാരം ചെയ്തകൂട്ടത്തിലായി എന്നു് അവൾ നമുക്കു് എഴുതീട്ടുണ്ടു്. നാം സമ്മതിച്ചു മറുപടി കൊടുത്തു.

ശിവ—ഇഷ്ണിയ്ക്കു ഇവിടുത്തെ ധൎമ്മദാരങ്ങളായിരിപ്പാനെല്ലാംകൊണ്ടു യോഗ്യതയുള്ള സ്ത്രീ തന്നെ.

കയ്മൾ—അതേ. പിന്നീടു ഞങ്ങൾ തമ്മിൽ നടത്തിയ എഴുത്തുകളെക്കൊണ്ടു നമുക്കതു ബോദ്ധ്യമായി. പക്ഷേ കുറച്ചൊരു ദുൎഘടം ഇഷ്ണിയ്ക്കുയുടെ തള്ള—അസത്തു-പേരുകേട്ടാൽ കുളിയ്ക്കണം, മൊളപൊളിയ്ക്കുന്ന ശബ്ദമാണെന്നു തോന്നും, ഇട്ടിണ എന്നാണു് പേരു ഈ ഏൎപ്പാടിന്നു വിപരീതമായിട്ടു് എടങ്കോലിടുന്നുണ്ടു്. കാരണം, ഒരു കുളൻ ഭകോമൻ, കുളനെന്നു പറഞ്ഞാൽ പോരാ ചെററക്കുളൻ—ഇഷ്ണിയ്ക്കുയെ ഭ്രമിച്ചു കൂടീട്ടുണ്ടു്. നമ്മുടെ പ്രവേ

രം തീർച്ചപ്പെട്ടപ്പോൾ ഇണ്ണിയ്യ അവനെ പുല്ലുപോലെ ഉപേക്ഷിച്ചു. ഇപ്പോൾ അവൻ തള്ളയെ പാട്ടിൽപിടിച്ചു് അവളുടെശാസ്യം വഴിയ്ക്കു് ഇണ്ണിയ്യയെ സ്വാധീനമാക്കാൻ നോക്കുകയാണു്. ഈ വൎത്തമാനം നാം ധരിച്ചപ്പോൾ ഇണ്ണിയ്യയുടെ മനസ്സുപതറാതിരിയ്ക്കാനായി അവൾക്കയച്ച നമ്മുടെ സ്വകാൎയ്യക്കത്താണു് ആ പുസ്തകത്തിൽ കാണുന്നതു്.

ശിവ—എന്നാൽ ഇണ്ണിയ്യ എഴുത്തുപരസ്യമാക്കിയതുനന്നായില്ല

കയ്മൾ—ശിവശിവ! അവൾ ഇതു ചെയ്യുമെന്നു ശിവരാമൻ സ്വപ്നത്തിൽകൂടി വിചാരിയ്ക്കേണ്ട. എന്റെ സ്വകാൎയ്യക്കത്തു് അവൾ ദിവസംപ്രതി പാരായണം ചെയ്യുന്നുണ്ടെന്നു താട്ടി നമുക്കു് എഴുതീട്ടുണ്ടു്. ആ കള്ളനോ ഇട്ടുണ്ണിയോ എഴുത്തു കട്ടെടുത്തു് ഈ വഷളത്തം കാട്ടിയതായിരിയ്ക്കണം. ഈ ദുഷ്ടക്കൂട്ടത്തെ ഒന്നമൎത്താനായി വല്ല കേസ്സിനും വഴിയുണ്ടോയെന്നാണു് ആലോചിക്കേണ്ടതു്.

കയ്മളുടെ വാക്കു കേട്ടപ്പോൾ ശിവരാമമേനോൻകത്തു് ഒരു പരിവൃത്തികൂടി വായിച്ചു. ആലോചിച്ചുകൊണ്ടു പിന്നാക്കം ചാഞ്ഞിരിപ്പായി. കയ്മളുടെ സ്വകാൎയ്യക്കത്തു 'രസവിലാസി'നിയിൽ പരസ്യം ചെയ്തതുകൊണ്ടു് ഇവിടെ ചേൎക്കാതിരുന്നിട്ടുള്ളതല്ല. ആശൃംഗാരക്കത്തു വായിയ്ക്കുമ്പോൾ കിളപ്പും പുളപ്പും, അവസാനംകയ്പും ചവൎപ്പും കൂടികലൎന്നിട്ടുള്ള ഒരു രസമാണുണ്ടാകുന്നതു് എന്നു ഞാനനുഭവിച്ചറിഞ്ഞിട്ടുള്ളതുകൊണ്ടു കത്തു കാണാത്തവൎക്കെങ്കിലും ഈ സ്വാദു് അനുഭവിക്കാതെ കഴിയുമല്ലോ എന്നു വിചാരിച്ചു കയ്മളശ്ശന്റെ ശൃംഗാരക്കത്തു് ഇവിടെ ചേൎക്കാതിരിയ്ക്കുന്നതാകുന്നു.

കയ്മൾ—ശിവരാമൻ നന്നെ മനസ്സിരുത്തീട്ടു തന്നെയാണു് ഭാവം. അതുവേണംതാനും.

ശിവ—വഴി ഒരു കേസ്സിന്നോ, പോര പോര. കല്പിച്ചുകൂട്ടി അവമാനിപ്പാൻ നോക്കിയതിന്നു മാനനഷ്ടക്കേസ്സു് ഒന്നു്. സ്വകാൎയ്യം പരസ്യമാക്കിയകുററം ഒരു പെരുങ്കുററമാണു്; കേസ്സു രണ്ടു്. കത്തു കട്ടകുററം ചില്ലറയല്ല; കേസ്സു് മൂന്നു്. അവിഹിതമായ മുതലുടക്കക്കേസ്സു് മുളച്ചു് പൊന്തിനില്ക്കുന്നു; നാലായില്ലേ? അന്യന്റെ മുതൽ സ്വന്തമാക്കിപ്പെരുമാറാൻ ശ്രമിച്ചതിന്നു വേറെകേസ്സുണ്ടു്; അഞ്ചു. (ശിവരാമമേനോൻ കേസ്സുകളെ ഓരോന്നായി പേരിട്ടു

പുറത്തേയ്ക്കു തള്ളിവിട്ടു തുടങ്ങിയപ്പോൾ കയ്മൾ തല ഒരു പുറത്തേയ്ക്കു ചെരിച്ചുപിടിച്ച് ഒററപ്പുരികം മേല്പോട്ടു കയററി വായുംപൊളിച്ചു ശിവരാമമേനോന്റെ മുഖത്തു നോക്കി തുറിച്ചു മിഴിച്ചിരിയ്ക്കുന്നതു കണ്ടാൽ, വ്യവഹാരിയുടെ ഉള്ളിൽനിന്നു പുറത്തു ചാടുന്ന കേസ്സുകളെ കയ്മൾ വായിൽക്കൂടി അകത്തു കടത്തി മനസ്സിൽ കേററുവാൻ ശ്രമിയ്ക്കയാണെന്നു തോന്നും) ഉള്ളതില്ലായ്മചെയ്യാൻ ശ്രമിച്ചതു വഞ്ചന; ആറാമത്തെ കേസ്സ് ഇല്ലാത്തതുണ്ടാക്കിപ്പറഞ്ഞതു് അപകീർത്തി; കേസ്സേഴായി. (കാര്യസ്ഥൻ കേസ്സുകളെ കൂട്ടിപ്പിടുത്തം തുടങ്ങിയപ്പോൾ 'അങ്ങനെ പുറപ്പെടട്ടെ, ശിവരാമൻ മനസ്സുവെച്ചാൽ കേസ്സുണ്ടാകാതിരിയ്ക്കയില്ല' എന്നു കയ്മൾ ഇടയിൽകടന്നുപറഞ്ഞു) കളവു പറഞ്ഞുമനസ്സിന്നുസുഖക്കേടുണ്ടാക്കിത്തീർത്തുമനസ്സമാധാനലംഘനക്കുററം. ഇവ എട്ടും പ്രഥമദൃഷ്ടിയിൽപ്പെട്ട കേസ്സുകളാണ്.

കയ്മൾ—സന്തോഷമായി! ഒരു കാര്യംകൂടി വേണം; അക്കോമന്റെയോ മററോ കൈവശം വേറെയും കത്തുകളുണ്ടെങ്കിൽ അവയെ പുറത്തു വരുത്താതെകഴിപ്പാനുള്ള കൌശലംകൂടി നോക്കണം.

ശിവ—അതിന്നു ഞെരുക്കമില്ല. ഒരു ഇഞ്ചക്ഷൻ ക്ഷണം അയച്ചാൽ തീന്നു.

കയ്മൾ......ഇതു നമുക്കത്ര ബോധിച്ചില്ല; തറികുത്തി പാട്ടത്തിനേല്പിയ്ക്കലും പാറ കൊട്ടുത്തു തീറു വിക്കലും പണ്ടത്തെ നടപടിയാണ്. ആധാരം എഴുതി റജിസ്ത്രാക്കിയാൽ കൂടി വഴക്കിന്നു വഴിയുണ്ടാക്കിക്കൊണ്ടുവരുന്ന ഈ കാലത്തു ഒരു 'ഇഞ്ചെക്കഷണം' അയച്ചാൽ അവർ ഭയപ്പെട്ടുമെന്നു ശിവരാമൻ വിചാരിച്ചതു പമ്പരവിഡ്ഢിത്തമായിപ്പോയി.

ശിവ—(ചിരിച്ചുംകൊണ്ടു) എന്നാൽ അതുവേണ്ട. ഒരു റജിസ്ത്രുകത്തയച്ചു അവരെ വരച്ചവരയിൽ നിത്തി കാര്യം പറയിപ്പിയ്ക്കാം.

റജിസ്ത്രുകത്തിന്നു മാത്രമല്ല നാട്ടുകാര്യസ്ഥന്മാരുടെ എല്ലാ എഴുത്തുകുത്തുകൾക്കും ഓരോ മാതൃക അവർ പഠിച്ചു ഉരുക്കഴിച്ചുറപ്പിച്ചുവെച്ചിട്ടുണ്ടായിരിയ്ക്കും. പ്രകൃതത്തോടു യോജിപ്പിയ്ക്കുവാൻ അവയിൽ ഒന്നു രണ്ടു വാക്കുകളോ ചില അക്ഷരങ്ങളോ മാത്രമേ ഭേദപ്പെടുത്തേണ്ടതായിരിയ്ക്കയുള്ളു. ശിവരാമമേനോൻതയ്യാറാക്കിയ റജിസ്ത്രുകത്താണ് താഴെ കാണുന്നതു്.

'നിങ്ങൾ കല്പിച്ചുകൂട്ടി എന്റെ സ്വകാര്യക്കത്തു കട്ടു നിങ്ങൾ കൈവശപ്പെടുത്തി അതു പരസ്യപ്പെടുത്തേണമെന്നു നിങ്ങൾ വിചാരി

ച്ച 'രസവിലാസിനി' മാസികയ്ക്കു നിങ്ങൾ അയച്ചുകൊടുത്തു അച്ചടിപ്പിച്ചതുകൊണ്ടു മാനഹാനി മുതൽ മനസ്സമാധാനലംഘനംവരെ എട്ടു കേസ്സുകൾ നിങ്ങളുടെ മേൽ കൊടുക്കുവാനായി ഞാൻ തയ്യാറാക്കികഴിഞ്ഞിട്ടുണ്ടു്. നിങ്ങളുടെ ദുഷ്പ്രവൃത്തിയുടെ ഫലത്തിൽ നിന്നുത്ഭവിച്ച മേൽപറഞ്ഞ എട്ടു കേസ്സുകളുടെ വിത്തുകളും അദാലം പൊല്ലീസു കോടതികളിൽ കുത്തി നിങ്ങളുടെ മേൽ പടർത്തി വിസ്തരിച്ചു വളം ചേർത്തു രോപാമൂലം വികസിപ്പിച്ചു വിധിച്ച ഫലം രണ്ടുപേക്കും അനുഭവിക്കുന്നതിനു വേണ്ടിവരുന്ന കാലം ഇപ്പോൾതന്നെ നീണ്ടുകിടക്കുന്നു. കളവു മുതലായ സൽകാൎയ്യങ്ങൾ ഇനിയും നിങ്ങൾ കൈവശം വെച്ചുകൊണ്ടിരിയ്ക്കുന്നുണ്ടെങ്കിൽ അതു വീണ്ടും പ്രസിദ്ധപ്പെടുത്തി വീണ്ടുവിചാരം കൂടാതെ കേസ്സുകളുടെ സംഖ്യ ഇനിയും മേൽക്കുമേൽ വൎദ്ധിപ്പിയ്ക്കുവാനിടയാകാതിരിയ്ക്കുവാൻ നോക്കുന്നതായിരിയ്ക്കും ഇനിയ്ക്കു പ്രത്യേകം നിങ്ങൾക്കു ഗുണകരമായി പരിണമിയ്ക്കുന്നതിന്നൊരുപ്പമായ മാൎഗ്ഗമെന്നാണ് വലിയ വലിയ ഭേദപ്പെട്ട യോഗ്യന്മാരായ വക്കീലന്മാർ ഒത്തൊരുമിച്ചാലോചിച്ചു ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു തീൎച്ചപ്പെടുത്തിപറഞ്ഞിട്ടുള്ളതു്. നിങ്ങൾ കട്ടെടുത്ത കത്തിൻെറ പ്രകൃതംകൊണ്ടും ചുററുമുള്ള മററു സംഗതികളെക്കൊണ്ടും കാലതാമസംകൂടാതെ ഇന്ദിരയ്ക്കു എൻെറ പ്രിയപ്രേയസിയായിത്തീരുമെന്നു നിങ്ങൾ അറിവാനിടയുണ്ടായിരിയ്ക്കെ ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധക്കെട്ടു നിങ്ങളുടെ ചിത്തകുടിലതകൊണ്ടുകല്പിച്ചുകൂട്ടി പൊട്ടിച്ചുകളവാൻ നിങ്ങൾ ശ്രമിച്ച അനിതരസാധാരണമായ ബുദ്ധിശക്തിയുള്ള ഇന്ദിരയ്ക്കു എൻെറമേൽ അനുരാഗമില്ലെന്നു സൂചിപ്പിയ്ക്കുവാനായി പ്രയോഗിച്ച നിങ്ങളുടെ കൃത്രിമസൂത്രം കൊണ്ടുതന്നെ നിങ്ങളുടെ ദുഷ്ടവിചാരത്തെ സൎവ്വദാവെളിപ്പെടുത്തുന്നുണ്ടു്. എന്നാൽ ഇന്ദിരയ്ക്കു എന്നോടു വൈമനസ്യം ജനിച്ചിട്ടുണ്ടെന്നുള്ള പ്രത്യേക സംഗതി അനൃതവും പൊളിയും അസത്യവും നേരുകേടുമാണെന്നു മാത്രമല്ല വാസ്തവത്തിന്നു പ്രതിഷേധവും വിരുദ്ധവും ശുദ്ധമേ ഇല്ലാത്തതുമാക കൊണ്ടുഎനിയ്ക്കു നേരിട്ടിട്ടുള്ള മനസ്സമാധാനലംഘനം നിങ്ങളുടെ മേൽ ഒന്നാമത്തെ കേസ്സായി ആരോപിച്ചു അതിനെ ഞാൻ ബലവത്താക്കിപ്പിടിച്ചു ആദ്യത്തെ കേസ്സായി ഇതാ ഞാൻ കൊടുക്കുവാൻപോകുന്നു. ഈ കേസ്സും ഇനി ഞാൻ കൊടുക്കുവാൻ വിചാരിയ്ക്കുന്ന മററു കേസ്സുകളും സംബന്ധിച്ചു എനിയ്ക്കു നേരിടാവുന്ന സകലവിധനഷ്ടകഷ്ടാരിഷ്ടങ്ങൾക്കും മററും നിങ്ങളും നിങ്ങളുടെദേഹവും നിങ്ങളുടെസ്ഥാവരജംഗമസ്വത്തുക്കളും എളകുന്നതും എളകാത്തതുമായ വസ്തുക്കളും ഇപ്പോഴുള്ളതും മേലാലുണ്ടാകുന്നതുമായ സകലവിധമുതലുകളും അതിന്മേൽ നിങ്ങൾക്കുള്ള എല്ലാമാതിരി അവകാശങ്ങളും ഒററയായും കൂട്ടായും രണ്ടും കൂട്ടിയും ഉത്തരവാദപ്പെടുന്നതിന്നു ബാദ്ധ്യതപ്പെട്ടിരിയ്ക്കുമെന്നു, കേസ്സുകളെ സംബന്ധി

ച്ചിടത്തോളം അന്ന്യായക്കാരരും വിരോധഹരജിയിലെ ഹരജിക്കാരനുമാ യ കാക്കപ്പൊന്നത്തു 'ചപ്രപ്പാണ്ടൻ' എന്ന സ്ഥാനപ്പേരുള്ള ഇട്ടിറിക്കു മ്മൻ കയ്മൾ നിങ്ങളെ രേഖാമൂലം എഴുതി അറിയിച്ചിരിയ്ക്കുന്നു.

കയ്മൾ—ശിവരാമൻ പഴുതടച്ചു പ്രയോഗിച്ചതു നമുക്ക ബോധിച്ചു. പക്ഷെ ഈ കടലാസ്സു നാം സമ്മതിച്ചയയ്ക്കുന്നതാകകൊണ്ടു 'ഞാൻ' എന്നതു 'നാം' എന്നാക്കണം നമുക്കമൂന്നുരാജ്യത്തു മൂന്നു സ്ഥാന പ്പേരുള്ളകഥ ശിവരാമൻ അറിഞ്ഞിട്ടില്ലായിരിക്കും. കൊച്ചിശ്ശീ മയിൽ 'കാക്കപ്പൊന്നത്തു ചപ്രപ്പാണ്ടൻ' എന്നും തിരുവിതാംകൂറിൽ 'നിഷ്ടക്കുന്നത്തു കിന്നററിൽകണ്ണൻ' എന്നും ബ്രിട്ടീഷിൽ ചെററ മാടത്തിൽ തലയാടി' എന്നുമാണ്. അതുകൂടി തിരുത്തിച്ചേർത്താൽ വളരെ വകതിരിവും ഭംഗിയുമായി.

ശിവരാമമേനോൻ കത്തു അസൽപ്പെടുത്തി കയ്മൾക്ക കൊടുത്തു. എട്ടുകൂട്ടഅക്ഷരങ്ങളിൽ വള്ളിപുള്ളികളെകൊണ്ടലങ്കരിച്ചു തറുവാട്ടി ട്ടാപ്പ് എജമാനൻ കടലാസ്സിൽ പെടുത്തിത്തുടങ്ങിയപ്പോൾ ശിവരാമ മേനോൻപോയി ഒരു മഞ്ചക്കാരെ കൊണ്ടുവന്നു. ശിവരാമമേനു പീസു വകയ്ക്കു കയ്മൾ തൽക്കാലം കൊടുത്തതു ഒരു കടലാസ്സുണ്ടാണ്. അതു എത്രത്തോളം വിലപിടിച്ചതാണെന്നു കോടതിയിൽനിന്നു സംഖ്യ വാ ങ്ങുമ്പോഴേ അറിവാൻ തരമുള്ളു. കയ്മൾ മഞ്ചലിൽ കയറിയപ്പോൾ 'നീങ്ങുന്നതു കേളുപ്പണിക്കരുടെ പടിയ്ക്കൽകൂടി വേണ്ട. മഞ്ചൽ ഇവി വിടെ യ്ക്കാണെന്നറിഞ്ഞാൽ അയാൾക്ക എന്റെ നേരെ മുഷിച്ചിലാകും അതുമാത്രമല്ല, പണിയ്ക്കരുടെ വീട്ടിൽ ഇന്നു ആളുകൾ അധികമുണ്ടു്. വ്യ വഹാരവസ്തു കൊള്ളുവാൻ ചിലർ വന്നിട്ടുണ്ടു്. ആ സമയത്തു ശത്രു വിന്റെ നേക്ക ചെല്ലേണമെന്നില്ലല്ലോ' എന്നു ശിവരാമമേനോൻ പറ ഞ്ഞു.

കയ്മൾ......അതുച്ചോ? ശിവരാമൻ വർത്തമാനമെല്ലാം മനസ്സിലാക്കി നാ ളെ നമ്മെവന്നു കാണണം. നാം ഒരതിലേപോകുന്നില്ല.

കയ്മളുടെ കാര്യത്തിൽ ഇടപ്പണ ചെയ്തുവരുന്ന ഏപ്പാടു വഴിക്കാകു ന്നുണ്ടെന്നു കണ്ടപ്പോൾ കേളുപ്പണിയ്ക്കരുടെ മേൽ കയ്മൾകൊടുത്തിട്ടുള്ള കേസ്സും ഇതോടുകൂടി ഒതുക്കേണമെന്നു നിശ്ചയിച്ചു ശിവരാമമേനോൻ പിറേറദിവസം ഇടപ്പണയുടെ വീട്ടിലേയ്ക്കുപോയി. അവിടെ ചെന്നു ര ണ്ടു ദിവസത്തെ ആലോചന കഴിഞ്ഞു വരുംവഴി ശിവരാമമേനോൻ ക യ്മളെ ചെന്നുകണ്ടു. കയ്മൾ മുഖംവീർപ്പിച്ചുകൊണ്ടു ശിവരാമൻ രണ്ടു വഞ്ചിയിലും കാൽവയ്ക്കുന്ന കൂട്ടത്തിലാണെന്നു നാം ധരിച്ചില്ല. കേ

ല്യപ്പണിക്കരുടെ കളം ഇട്ട്ണയ്യ്ക്ക് കൊടുപ്പിക്കാൻ താൻ ശ്രമിക്കുന്നതും റജിസ്ത്രുകത്തിൻെറ കാൎയ്യത്തിൽ അവളെ സഹായിക്കാമെന്നു താൻ വാക്കുകൊടുത്തതും നാം അറിഞ്ഞു’ എന്നു പറഞ്ഞു. ‘എജമാനനെ വിട്ടു നടക്കേണമെന്ന് അന്നും ഇന്നും ഞാൻ വിചാരിച്ചിട്ടില്ല. ഈ ദുഃഖമുണ്ടാവാനുള്ള സംഗതി പറഞ്ഞാൽ കൊള്ളാം’ എന്നു ശിവരാമമേനോൻ പറയുന്നതു കേട്ടപ്പോൾ കയ്യൾ താട്ടിക്കുട്ടി അയച്ചതായ താഴെ കാണുന്ന എഴുത്തു ശിവരാമമേനോനു കൊടുത്തു.

സ്വകാൎയ്യം സൂക്ഷിക്കുവാൻ വശതയില്ലാത്തവളാണെന്നു വന്നതുകൊണ്ടു ഇഷ്ണിയ്യ്ക്കു കുണ്ഠിതമില്ല. വിശ്വാസവഞ്ചന ചെയ്യുന്നവളാണെന്നു വിചാരിച്ചെങ്കിലോ എന്നുള്ള വ്യസനംകൊണ്ടു അവളുടെ ദേഹം പാതിയായി. കത്തു കളവുപോയ വിവരം ലജ്ജകൊണ്ടുപറവാൻ മടിച്ചിരിക്കുമ്പോഴാണു എജമാനൻെറ റജിസ്ത്രു കത്തുവന്നതു വായിച്ചസമയം ഇട്ട്ണ കിടുകിട വിറച്ചു. ആലോചനക്കാരൻ അടുത്തുണ്ടായിരുന്നില്ല. ഇഷ്ണിയ്യയുടെ ഹിതംപോലെ ചെയ്യാമെന്നു സമ്മതിച്ചു പൊടമുറിയ്യ്ക്കു ദിവസവും നിശ്ചയിച്ചു. പിറേറന്നാൾ കോമൻനായരെത്തി. ഇട്ട്ണയുടെ പ്രകൃതംമാറി. ശിവരാമമേനോൻ സഹായമുണ്ടെന്നു പറഞ്ഞു കോമൻ കത്തുവാങ്ങി വലിച്ചെറിഞ്ഞു. ഇഷ്ണിയ്യയുടെ അമ്മാമൻ ഇട്ട്ണയോടു മുഷിഞ്ഞു കോമനെ ആട്ടിപ്പുറത്താക്കി. അതു് ഇട്ട്ണയ്യ്ക്കു സഹിച്ചില്ല. നിശ്ചയിച്ച മുഹൂൎത്തത്തിൽ എജമാനൻെറ മണ്ണിൽ വെച്ചു കോമനെക്കൊണ്ടു ഇഷ്ണിയ്യ്ക്കു മുറി കൊടുപ്പിച്ചില്ലെങ്കിൽ, ഇട്ട്ണ പെണ്ണല്ലെന്നു പറഞ്ഞു കോമനൊന്നിച്ചിറങ്ങിപ്പോയി. അവിടുത്തെ കുടിയാൻ കാളിപ്പാട്ടു കോലപ്പണിക്കരുടെ കളവും നിലവും ഇട്ട്ണയുടെ പേൎക്കു തീറുവാങ്ങിയ്യ്ക്കുന്നതിനും ഇട്ട്ണ മകളോടുകൂടി ഗുരുവായൂൎക്കു തിങ്ങൾഭജനത്തിന്നു വരാമെന്നും മററന്നാൾ കളത്തിൽവന്നു കാൎയ്യം നടത്തിയ്യ്ക്കാമെന്നുമാണു ഇട്ട്ണ നിശ്ചയിച്ചിട്ടുള്ളതു്. അവർ ഗുരുവായൂൎക്കുപോയതിന്നു ശേഷമാണ് ഈ ആലോചന നടന്ന വിവരം എനിയ്യ്ക്കറിവായതു്. അതുകൊണ്ടു എജമാനൻെറ ദയയുണ്ടായി ഇഷ്ണിയ്യ്ക്കയെ മറെറാരാൾക്കു കൊടുക്കാതെ എൻെറ മാനം കാത്തു രക്ഷിക്കുവാനപേക്ഷിക്കുന്നു.

എന്നു പൂൎവ്വസ്മരണയുള്ള താട്ടിക്കുട്ടി.

കത്തു വായിച്ചു കഴിഞ്ഞതിന്നുശേഷം ശിവരാമമേനോൻ ‘ഇയ്യമനനറിയാത്ത മരണമാണിതു്. കോമൻനായർ പണിക്കരുടെ വസ്തു കച്ചവടം ചെയ്തു നാനൂറു് ഉറുപ്പിക അഡ്വാൻസ്സ് വെച്ചിട്ടുള്ളതു വാസ്തവമാണു. തീരു ആരുടെ പേൎക്കാണെന്നു പറഞ്ഞിട്ടില്ല. പൊടമുറിയെപ്പററി ഇനിക്കു് ഒരറിവുമില്ല. വസ്തു വില കുറച്ചു തരാമെന്നു പറഞ്ഞിട്ടു സമ്മ

തിക്കാതെ എജമാനൻ പണിക്കരുടെ മേൽ കേസ്സു കൊടുക്കുകയല്ലേ ചെയ്തിട്ടുള്ളതു്. കളം അന്യാധീനത്തിലായാൽ പിന്നെ അവിടെവെച്ചു പൊടമുറി നടത്തരുതെന്നു പറഞ്ഞാലാരുകൂട്ടാക്കും? പണംവാങ്ങീട്ടുണ്ടെങ്കിലും വസ്തു കൈവിട്ടു കഴിഞ്ഞിട്ടില്ല. ഇനി കല്പിക്കുന്നതു പോലെ കേൾക്കാം' എന്നു പറഞ്ഞു. 'രാമന്മേൻെറ പണം ഗോപിതൊടീയ്ക്കണം കേസ്സായാൽ തരാനുള്ള സംഖ്യയ്ക്കു വസ്തുനാം സ്വീകരിച്ചു ആധാരം നാളെത്തന്നെ കഴിഞ്ഞോട്ടെ. രാജി ഹരജി ഇപ്പോൾ തന്നെ ഒപ്പിട്ടു തന്നേയ്ക്കാം. ഇട്ടണ നിശ്ചയിച്ച മുഹൂർത്തത്തിൽ നമ്മെക്കൊണ്ടു് ആ പെണ്ണിനു പൊടകൊടുപ്പിച്ചാൽ ഞോതിപ്പാടം നിലത്തിൻെറ മേച്ചാർത്തു ശിവരാമമേനോൻെറ കയ്യിൽ അവിടെവെച്ചുതന്നെ തന്നേയ്ക്കാം' എന്നു കയ്മൾ പറഞ്ഞു 'പണം വാങ്ങീട്ടുണ്ടെങ്കിലും കോമൻെറ കയ്യിൽ ചതിയുള്ളതുകൊണ്ടു് ഈ ഏർപ്പാടിൽ നിന്നു പണിയ്ക്കരെ പിൻവലിപ്പിക്കാം.

'തീറാധാരം രജിസ്ത്രാക്കി പൊടമുറിയ്ക്കു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു നാളെ ഉച്ചയ്ക്കു് എജമാനൻെറ മുമ്പിൽ ശിവരാമനുണ്ടു്. പണിയ്ക്കർ കാലത്തുതന്നെ വരും' എന്നു പറഞ്ഞു രാജിഹരജിയും വാങ്ങി ശിവരാമമേനോൻ പോയി.

* * * * * * * *

തട്ടിക്കുട്ടിയുടെ എഴുത്തിൽ പറഞ്ഞിട്ടുള്ള പൊടമുറിദിവസം പകൽ മൂന്നുമണിയ്ക്കു കാളിപ്പാട്ടു കേലുപ്പണിയ്ക്കരുടെ കളത്തിൽ പത്തുപതിനഞ്ചു ജോനകപ്പിള്ളർ നില്ക്കുന്നുണ്ടു്. ലക്ഷം കൊളത്തൂരിപ്പട്ടർ കൊണ്ടുവന്നിട്ടുള്ള ചരക്കുകളുടെ പിനസും മിനുസവും നോക്കിക്കൊണ്ടു കയ്മൾ മാളികയുടെ മോളിലിരിയ്ക്കുന്നുണ്ടു്. എടക്കര ശുടക്കര തുടങ്ങി പല കരകളുടേയും പേരു പറഞ്ഞു പട്ടർ ആവശ്യത്തിലധികം ചരക്കുകയ്മളെക്കൊണ്ടെടുപ്പിച്ചതിന്നു ശേഷം 'ഒരു പുതിയ ദിനസു വേണമാനാൽ പാരുങ്കൊ, സഹസ്രനാമക്കരെപ്പാവു്' എന്നു പറഞ്ഞു ആതരത്തിൽ രണ്ടു കുത്തുകൂടി കയ്മളുടെ തലയ്ക്കു വെച്ചുകെട്ടി. കണക്കു തീർത്തു കയ്മൾ പട്ടൎക്കു ശീട്ടു എഴുതിക്കൊടുത്തു കഴിഞ്ഞപ്പോഴെയ്ക്കും തീറാധാരം രജിസ്ത്രാക്കി വാങ്ങിക്കൊണ്ടു പണിയ്ക്കരും ശിവരാമമേനും എത്തി.

പണിയ്ക്കർ—ഇനി വേഗം ജോനകപ്പിള്ളരെ ഏർപ്പാടു ചെയ്യയ്ക്ക, കോമനെ പത്തു ദിവസത്തേയ്ക്കു പുറത്തുകാണിയ്ക്കരുതു്.

ശിവ—ഏർപ്പാടെല്ലാം ഇന്നലെ കഴിഞ്ഞിട്ടുണ്ടല്ലോ? കോയക്കുട്ടി പോയില്ലെടാ!

കോയക്കുട്ടി—ക്ഷേഥ കഴിച്ചാലെന്താ എന്നു കൂടി ചോദിച്ചിട്ടാകാമെന്നുവെച്ചു താമസിച്ചതാണു്.

ശിവ—തരംപോലെ ഒക്ക നോക്കിയ്ക്കോ. ഇതു ചെവി അറിയരുത്. സന്ധ്യ കഴിഞ്ഞാൽ ഞങ്ങളും വരാം.

ജോനകക്ക കയ്മളെക്കൊണ്ടു സമ്മാനം കൊടുപ്പിച്ചയച്ചതിന്നു ശേഷം മേൽ നടക്കേണ്ടും കാൎയ്യങ്ങളെപ്പററി അവർ മൂന്നുപേരും കൂടിപലതും ആലോചിച്ച കൂട്ടത്തിൽ രാത്രി കയ്മളെ ശിവരാമമേനോൻ വിളിയ്ക്കുമ്പോഴല്ലാതെ പുറത്തു കാണരുതെന്നും പറഞ്ഞേല്പിച്ചു അത്താഴം കഴിഞ്ഞതിന്നു ശേഷം കയ്മൾ അകത്തു കടന്നു വാതലടച്ചിരിപ്പായി. പണിയ്ക്കരും ശിവരാമമേനോനും പുറത്തേയ്ക്കു പോയി.

നേരം രാത്രി പത്തുമണി കഴിഞ്ഞു. ഒച്ചയും അനക്കവും ഇല്ലാതായപ്പോൾ കയ്മൾ പുറത്തേയ്ക്കുവന്നു കൂട്ടിലിട്ട മെരുവിനെപ്പോലെ പ്രാന്തൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി. വനിതാരത്നങ്ങളുടെ വരവിന്നു വെള്ളയും കരിമ്പടവും വിരിപ്പാൻ കരാറുകാരനെപ്പോലെ അമൃതകരൻ തൻെറ ധവളകിരണങ്ങളെക്കൊണ്ടും വൃക്ഷച്ഛായകൾകൊണ്ടും ദിക്കെല്ലാം ശോഭായമാനമാക്കിത്തുടങ്ങി. വണ്ടിയുടേയോ മഞ്ചലിൻേറയോ ശബ്ദം കേൾക്കുന്നുണ്ടെന്നു തോന്നിയാൽ കയ്മൾ മച്ചിലേയ്ക്കോടിപ്പോയി വാതലടയ്ക്കും. വാഹനങ്ങളുടെ വരവു കളത്തിലേയ്ക്കല്ലെന്നു മനസ്സിലായാൽ പുറത്തേയ്ക്കു പുറപ്പെടും. ശിഷ്യരെ നടക്കാവിലേയ്ക്കോടിയ്ക്കും. അവർ തിരിയെ വരുന്നതു കണ്ടാൽ അകത്തേയ്ക്കോടും. ഇങ്ങിനെ കുറേ നേരം പിന്നേയും കഴിഞ്ഞു. താട്ടിക്കുട്ടിയുടെ കാൎയ്യസ്ഥയായ ഇട്ടിണ്ണിയ്ക്കുയുടെ ചരായയിൽ കയ്മൾ മനസ്സുറപ്പിച്ചുകൊണ്ടു നിൽക്കുമ്പോൾ മഞ്ചക്കാരുടെ മൂളക്കം പടിയ്ക്കൽ കേട്ടു. കയ്മൾ മുറിയിൽ കടന്നു വാതലും അടച്ചു.

ശിവരാമമേനോൻ മുമ്പിട്ടുവന്നു മാളികയിൽ കയറിനോക്കി. കയ്മൾ പുറത്തില്ലെന്നറിഞ്ഞപ്പോൾ ധൃതിപ്പെട്ടു താഴത്തേയ്ക്കിറങ്ങിച്ചെന്നു. രണ്ടു സ്ത്രീകൾ മഞ്ചലിൽ നിന്നിറങ്ങി. പണിയ്ക്കരും ശിവരാമമേനോനും ഒന്നിച്ചു മാളികയിൽ വന്നുകേറി. സ്ത്രീകളിൽ എളയവൾ അടുത്തുള്ള മുറിയിൽ കടന്നു വാതൽ ചാരി.

ഇട്ട്ണ—പണിയ്ക്കരേ! കോമൻനായർ വന്നില്ലേ?

പണിയ്ക്കർ—നിങ്ങൾ ഒന്നിച്ചുവരാമെന്നാണു് അന്നു പറഞ്ഞു പിരിഞ്ഞതു്.

ശിവ—നിങ്ങൾ വല്ലാതെ ഭയപ്പെട്ടതുപോലെ തോന്നുന്നു. എന്താ സംഗതി.

ഇട്ടൂണ—ആ കഥ പറവാൻ വയ്യ! ഞങ്ങളെ കച്ചേരിയിൽ വെച്ചു എതിരേൽക്കാമെന്നാണ് കോമന്റെ നിശ്ചയം. അങ്ങാടിയിൽ വന്നിട്ടും ആരേയും കണ്ടില്ല. അവിടെ കുറേനേരം നിന്നു അടുത്ത പാടത്തു ചില ചൂട്ടും പന്തവും കണ്ടുതുടങ്ങി. ഒരു മഞ്ചലിന്റെ മൂളക്കം കേട്ടു. ആ വെളിച്ചവും ആൾക്കാരും മൂളക്കം കേട്ട മഞ്ചലിന്റെ നേക്കു പാഞ്ഞു എത്തുന്നതു കണ്ടു. കൊള്ളക്കാരാണെന്നു പറഞ്ഞു ആളുകൾ ഓടിത്തുടങ്ങി. ഉടനെ ഞങ്ങൾ പ്രാണനും കൊണ്ടുപോന്നു. വെലങ്ങന്റെ പോട്ടിൽവെച്ചു നിങ്ങളെ കണ്ടപ്പോഴാണ് ഇനിയ്ക്കു തന്റേടമുണ്ടായതു്. ഇപ്പോഴെ ഒച്ച പൊന്തിത്തുടങ്ങിയുള്ളു.

ശിവ—കൊള്ളക്കാരു എതൃത്ത മഞ്ചൽ കോമൻനായരുടെയാണെന്നുണ്ടോ?

ഇട്ടൂണ—താട്ടിക്കുട്ടിയുടെ ഏറാത്തംകൊണ്ട് അങ്ങിനെ വരാൻ വയ്യാത്തതല്ല. കയ്മളെക്കൊണ്ടു മുറി കൊടുപ്പിക്കാമെന്നു താട്ടി ഇച്ഛിക്കയോടു് ഏററു പറഞ്ഞിട്ടുണ്ടു്. കോമനുവേണ്ടി ഞാൻ കളവു പറഞ്ഞു് അവളെ കൊണ്ടുപോന്നിട്ടുള്ളതാണ്.

ശിവ—കോമനെ വിചാരിച്ചു് ഇനി നിങ്ങൾ വാശിപിടിയ്ക്കരുതു്. മറെറല്ലാവക്കും ഹിതമായ കാൎയ്യത്തിൽ നിങ്ങളും അനുകൂലിക്കണം. മകളുടെ ഇഷ്ടം കുറച്ചെങ്കിലും നോക്കാത്ത അമ്മയുണ്ടോ?

ഇട്ടൂണ—എന്നാൽ ആ ബാധ തീരട്ടെ. കോമൻ വരും മുമ്പിൽ കാൎയ്യം നടത്താൻ നിങ്ങൾക്കു സാമൎത്ഥ്യമുണ്ടെങ്കിൽ ഇനിയ്ക്കു സമ്മതം തന്നെ.

വൎത്തമാനം ചെവിയോൎത്തു കേട്ടുകൊണ്ടിരുന്ന കയ്മൾ ഈ വാക്കു കേട്ടപ്പോൾ ശിവരാമമേനോന്റെ അനുവാദംകൂടാതെതന്നെ വാതൽ തുറന്നു പുറത്തുചാടി നോക്കിയതു് ഇട്ടൂണയുടെ മുഖത്തു് ഇട്ടൂണ പെട്ടെന്നെണീററു, 'മതിമതി! അരുതരുതു്!' എന്നു കയ്മൾ ഒന്നിച്ചു നൂറുവട്ടം ഓൎമ്മിച്ചുച്ചരിച്ചു.

ഇട്ടൂണ—ഇതു ഞാൻ വിചാരിക്കാത്തതാണ്.

ശിവ—യജമാനൻ നിങ്ങിട്ടുള്ളതു് ഇച്ഛിക്കയെ ഒരു കണ്ണു കാണുകഎങ്കിലും ചെയ്യാനുള്ള മോഹംകൊണ്ടാണെന്നു ഇനി ഞാൻ പച്ചയായി പറഞ്ഞേയ്ക്കാം.

കയ്മൾ—ശിവരാമ! കോമന്റെ വരവു്—

പങ്ങനിയ്ക്ക—ഇനി അവൻ വന്നാലെന്താ, വന്നില്ലെങ്കിലെന്താ?

ശിവ—അത്ര വളരെ താമസിയ്ക്കേണ്ട. അതല്ലേ ഭംഗി.

'അതൊക്കെ നിങ്ങളുടെ ഇഷ്ടംപോലെ' എന്ന് ഇട്ടേണ പറഞ്ഞുകഴിയും മുമ്പു കയ്മൾ ചരക്കുകൾ വാരികയ്യിലെടുത്തു കഴിഞ്ഞു. ഇതു കണ്ടപ്പോൾ ഇട്ടേണ മററെ സ്ത്രീ ഇരിക്കുന്ന മച്ചിൻെറ ഉമ്മറത്തുചെന്നുനിന്നു. 'ഇനിയ്ക്ക് ഒന്നുകൂടി പറവാനുണ്ട്.' ഞങ്ങളുടെ സമ്പ്രദായപ്രകാരം മുഹൂർത്തദിവസം പൊട കൊട്ടുന്നതല്ലാതെ പുരുഷൻ സ്ത്രീയെ കാണരുത്. ഇരുവക്കും ബോദ്ധ്യമുള്ള നാലുപേർ, സ്ത്രീ തെററുകാരത്തിയാണെന്നു പറഞ്ഞാലല്ലാതെ അവളെ ഉപേക്ഷിയ്ക്കുന്നതല്ലെന്നു രേഖപ്പെടുത്തി സാക്ഷിവെച്ച് അതോടുകൂടി വേണം മുറി കൊടുക്കാൻ. ഇതുപോലെ ഒരു രേഖ സ്ത്രീ പുരുഷനും കൊടുക്കണം. അതു ഞാൻ കൊണ്ടുവന്നിട്ടുണ്ട്" എന്ന് ഇട്ടേണ പറഞ്ഞു.

കയ്മൾ—ഇട്ടിക്കുയെ ഇനിയ്ക്ക് ഇപ്പോൾ കാണേണമെന്നില്ല. പടം കണ്ടു തൃപ്തിപ്പെട്ടിട്ടുണ്ട്. പോരെങ്കിൽ അമ്മയെ കണ്ടപ്പോൾ മുഴുവനുമായി. ഇങ്ങിനെ അമ്മച്ചുവയ മക്കൾക്കു വരാമോ. ഇട്ടേണ പറഞ്ഞതുപോലെ സത്യംചെയ്താൽ പോരേ? എഴുതി ഉണ്ടാക്കാൻ താമസമാകും.

ഇട്ടേണ—അങ്ങിനെ നടപ്പില്ല. മററാരാളെഴുതിയാൽ ഭർത്താവ് അക്ഷരജ്ഞാനമില്ലാത്തവനാണെന്നു പരിഹസിയ്ക്കാൻ ഇടയാകും.

കയ്മൾ മുണ്ടുകെട്ടുതാഴെ വെച്ചു. കടലാസ്സു കയ്യിലെടുത്തു. പൂച്ച മാന്തുന്നതുപോലെ ചിലതു വരച്ചും കുറിച്ചും ഇടയ്ക്കിടെ കോമൻ വരുന്നുണ്ടോ എന്നു നോക്കിയും ഒരു വിധത്തിലൊപ്പിച്ചൊപ്പിട്ടു. ശിവരാമമേനോനും പങ്ങനിയ്ക്കരും സാക്ഷിവെച്ചു. കയ്മൾ മുറിയും കരാറും എടുത്തുകൊണ്ടു വാതുക്കലേയ്ക്കു രണ്ടാമതും ചെന്നു. മംഗല്യക്രിയ അഗ്നിസാക്ഷിയായിട്ടു ചെയ്യേണ്ടതല്ലേ. എജമാനൻ വിളക്കത്തിരുന്നാൽ മതി എന്ന് ഇട്ടേണ പറയുന്നതുകേട്ടു കയ്മൾ മുണ്ടും മുറിയും താത്തിപ്പിടിച്ചിരിപ്പായി. അടിയമരം മൂടിപ്പൊതച്ചിട്ടുള്ള ഒരു സ്വരൂപം ഇട്ടേണയുടെ കൈ പിടിച്ചു പുറത്തേയ്ക്കു വന്നു കയ്മളുടെ മുമ്പിൽ വന്നുനിന്നു. 'നിൻെറ ഇഷ്ടപ്രകാരം എജമാനനെത്തന്നെ ഭർത്താവാക്കി വരിയ്ക്കാൻ ഈശ്വരൻ സംഗതി വരുത്തി. കൈ നീട്ടി മുറിവാങ്ങിയ്ക്കു' എന്ന് ഇട്ടേണ പറഞ്ഞപ്പോൾ മൂടുപടത്തിൻെറ ഉള്ളിൽക്കൂടി പുറത്തേയ്ക്കു നീണ്ട കൈകളിൽ കയ്മൾ മുണ്ടും മുറിയും സമപ്പിച്ചു ഇട്ടേണയുടെ കൈവശമു

ണ്ടായിരുന്ന ഒരുലെക്കോട്ട അത സ്വരൂപത്തെക്കൊണ്ടു കയ്മളുടെ കയ്യിൽ കൊടുപ്പിച്ചു. അതു ഇട്ട്ണയ്യൂ കയ്മൾ അയച്ച റജിസ്തർകത്തു തന്നെയായിരുന്നു. എന്നാലിനി ഇതുകൂടി തുല്യംചാർത്തിത്തരാമെന്നു പറഞ്ഞു ശിവരാമമേനോൻതോതിപ്പാടം നിലത്തിൻെറ മേച്ചാർത്തു കയ്മളുടെ മുമ്പിൽ വെച്ചു. കയ്മൾ അതൊപ്പിട്ടുകൊടുത്തതിൻെറശേഷം,

പണിയ്ക്കർ—വ്യവഹാരംകൂടാതെ കാര്യം കലാശിച്ചതുകൊണ്ടു ഞാൻ കൃതാൎത്ഥനായി.

ശിവ—ഒരുത്തിയെക്കൊണ്ടു രണ്ടുമൂന്നു കാര്യങ്ങളിൽ വിചാരിച്ചതിലധികം ലാഭമുണ്ടായതുകൊണ്ടു ഞാനും.

ഇട്ട്ണ—'എജമാനനെക്കൊണ്ടു എൻെറ പ്രാണപ്രിയയായ ഇവൾക്കു പരസ്യമായി മുറികൊടുപ്പിക്കാൻ സംഗതിവന്നതുകൊണ്ടു എന്നെപ്പോലെ ചാരിതാൎത്ഥ്യം നിങ്ങൾക്കുണ്ടായിട്ടില്ല' എന്നുപറഞ്ഞു വധുവിൻെറ മൂടുപടം എടുത്തു മാററിയപ്പോൾ ഗർഭിണിയായ താട്ടിക്കുട്ടിയുടെ സ്വരൂപം കയ്മളുടെ സന്നിധാനത്തിൽ പ്രത്യക്ഷമായി.

താട്ടിക്കുട്ടി കയ്മൾക്കു കാഴ്ചവെച്ച പടം ഇട്ട്ണയുടെ യൌവനകാലത്ത് എഴുതിച്ചതാണെങ്കിലും കയ്മളുടെ 'ഇഷ്ണിക്ക'യും 'കുളൻകോമനും' ആരോ എന്തോ?

രസികരഞ്ജിനി) എ. എൻ. പുതുവാൾ.

---

# VIII

## ലക്ഷ്മിക്കുട്ടി

### അല്ലെങ്കിൽ

## ഒരു കഥയുടെ കഥ

---

'എജമാനന് അടിയനെത്തായിട്ടു കാണണമത്രെ, വേഗം ചെല്ലാൻ കല്പനായി' എന്ന് ഞാൻ കാലത്തുണൎന്നു പ്രാന്തയിൽ വന്നു കണ്ണുതുടക്കുമ്പോൾ, ആരോ പറയുന്നതുകേട്ടു തിരിഞ്ഞുനോക്കിയപ്പോൾ, മജിസ്രേട്ടു

കോമുമേനൊൻറ ശിപായിയെ കണ്ടു. ‘എന്താ ഗോവിന്ദാ വിശേഷിച്ച്’ എന്നു ചോദിച്ചതിന്നു ‘വിശേഷിച്ച്, എയമാന്ന് എന്തോ സുഖോല്ലെന്നു തോന്നുന്നു; കൈവഴിയെ കൂട്ടിക്കൊണ്ടു ചെല്ലാൻ കല്പനായി’ എന്നു അവൻ പറഞ്ഞു. വേഗം കുറെ വെള്ളം മേടിച്ചു മുഖം കഴുകി ഒരു തോർത്തുമുണ്ടും എടുത്തു മാന്തോപ്പു മഠത്തിലേക്കായി ഇറങ്ങി നടന്നു.

ഞാൻ മാന്തോപ്പുമഠത്തിൽ ചെല്ലുമ്പോൾ ലക്ഷ്മിക്കുട്ടി നാലുകെട്ടിലെ തളത്തിന് കിഴക്കുഭാഗത്തുള്ള അവളുടെ മുറിയിൽ ഇരുന്നു എന്തോ കൊണ്ടു പിടിച്ചു എഴുതുന്ന തിരക്കായിരുന്നു. എന്നെകണ്ടഉടനെ ‘അപ്പു ഏട്ടാ! ശാരദക്കു ഞാൻ ഒരു കഥ എഴുതുകയാണ്. ഇന്നലെ കിട്ടിയ ചില സംഗതികൾ ഓർമ്മയിൽനിന്നുപോകുന്നതിനുമുമ്പ് എഴുതിവയ്ക്കാമെന്നു വിചാരിച്ചു കുറെ നേരത്തെ എഴുനീററിരുന്നു. അപ്പു ഏട്ടൻെറ കഥയേക്കാൾ എൻെറകഥ നൂറിരട്ടി രസം പിടിക്കും. ഈ കഥയിലെ പാത്രങ്ങളൊക്കെ സ്വാനുഭവത്തിൽ പെട്ടവയാണു. വായിച്ചുനോക്കുമ്പോൾ അറിയാം. അപ്പുഏട്ടൻ ഒരു കഥ എഴുത്തുകാരനാണെന്നു വലിയ നാട്യമുണ്ട്. അതു ഞാൻ ഇതോടുകൂടി മാററിക്കളയാം. കണ്ടോളു’ എന്നൊക്കെ ഒരു ശ്വാസത്തിൽതന്നെ പകുതി കാര്യമായും പകുതി നേരംപോക്കായും സഹജമായ ധാർഷ്ട്യത്തോടും ഒരു കപടമന്ദഹാസത്തോടും വാക്കുകൾ ചേന്ന നാട്യങ്ങളോടുംകൂടി പറഞ്ഞു. പിന്നെയും എഴുത്തുവേലയിൽത്തന്നെ പ്രവേശിച്ചു.

ഞാൻ—(ചിരിച്ചുംകൊണ്ടു) ഓഹോ! ലക്ഷ്മിക്കുട്ടി കഥയെഴുത്തിൽ എന്നെ തോല്പിക്കുന്നപക്ഷം എൻെറ നാട്യത്തിന്നു ഒരുകുറവും വരില്ലാ. എന്തെന്നാൽ, ലക്ഷ്മിക്കുട്ടി എൻെറ ഭാര്യയുടെ അനുജത്തി. എൻെറ അമ്മാമൻെറ മകൻെറ ഭാര്യ. ഈസ്ഥിതിക്കു ലക്ഷ്മിക്കുട്ടി രസകരമായിട്ടു ഒരു കഥയെഴുതിയാൽ അതു എൻെറ നാട്യത്തിന്നു കുറെക്കൂടി ശക്തിയുണ്ടാക്കുകയല്ലേ ചെയ്കയുള്ളു?

ല-കു—മതി മതി-ആരേയും ന്യായംപറഞ്ഞു തോല്പിപ്പാൻ നല്ലവണ്ണം അപ്പുഏട്ടനു അറിയാമെന്ന് എനിക്കു പണ്ടേ ബോദ്ധ്യമുണ്ട്. അട്ടേ, ഞാൻ തോല്പിക്കുമോ എന്നു എന്നെക്കുറിച്ചു ഉള്ളിൽ ഒരു അസൂ-അല്ലെങ്കിൽ- ആ വാക്കു ഞാൻ മുഴവനാക്കുന്നില്ലാ, ഒരുപേടി അപ്പുഏട്ടനു തോന്നുന്നില്ലെന്നു എൻെറ മുഖത്തു നേരേനോക്കിമൂന്നുപ്രാവശ്യം പറയാമോ? സമ്മതിയ്ക്കാം.

‘അതിരിയ്ക്കട്ടെ, എത്രത്തോളം എഴുതിക്കഴിഞ്ഞു, നോക്കട്ടെ,’ എ

ന്നു പറഞ്ഞു കയ്യും നീട്ടി ചിരിച്ചുംകൊണ്ടു ഞാൻ അകത്തുകടന്നപ്പോൾ 'അയ്യയ്യോ! അത്രമാത്രം പാടില്ലാ; മുഴുവൻ കഴിയുന്നതിനുമുമ്പു കണ്ടാൽ അതിന്റെ രസമൊക്കെ പോയി. ഇന്നുരാത്രി കഥയവസാനിക്കും; യോഗമുണ്ടെങ്കിൽ അപ്പോൾ കാണാം' എന്നു ലക്ഷ്മിക്കുട്ടി പറഞ്ഞു മേശപ്പുറത്തുവെച്ച് എഴുതിക്കൊണ്ടിരുന്ന കടലാസ്സിനെ രണ്ടുകൈകൊണ്ടും പൊത്തി മുമ്പോട്ടു ചരിഞ്ഞ് അതിന്റെ മീതെ അടച്ചുകിടന്നു. ഞാൻ ചിരിച്ചുംകൊണ്ടു പുറത്തേക്കുപോകാൻ ഭാവിച്ചപ്പോൾ അപ്പുഏട്ടൻ വേഗം മുകളിലേക്കു ചെല്ല-ഗോവിന്ദനെ വിളിച്ചയക്കുന്നതുകണ്ടു. അവിടെകാണാൻ ബദ്ധപ്പെട്ട് ഇരിക്കുകയായിരിക്കും. എന്റെപേരിൽ ചില പുതിയ ആക്ഷേപങ്ങളൊക്കെ കേൾക്കാം. വേഗം പോകു' എന്നുമാത്രം പറഞ്ഞ് ആ കള്ളച്ചിരിയോടുകൂടി ലക്ഷ്മിക്കുട്ടി പിന്നെയും എഴുതാൻ തുടങ്ങി.

ഞാൻ മുകളിൽ കോമുമേനോന്റെ മുറിക്കകത്തു കടന്നപ്പോൾ മൂപ്പർ ഒരു ചകലാസ്സും പുതച്ച് എന്തോ വിചാരമഗ്നനായി കട്ടിലിൽത്തന്നെ ഇരിക്കയായിരുന്നു. അടുത്തുണ്ടായിരുന്ന ഒരു കസാലയിൽ ഇരുന്നിട്ടു സുഖക്കേടെന്തെന്നു ഞാൻ ചോദിച്ചു.

കോ-മേ——അല്പം ഒരു തലകുത്തുണ്ട്. കാര്യമായിട്ടു ദേഹത്തിനല്ല, മനസ്സിനാണ് സുഖക്കേട്; എന്തെങ്കിലും മനസ്സിൽ ഉള്ളത് പറഞ്ഞു ഭാരം ഒഴിക്കാമല്ലോ. അതിനു നിങ്ങൾ ഒരാൾ ഉള്ളതു വലിയ സമാധാനമാണ് കാര്യം വെളിവായിട്ടുതന്നെ പറയാം. എന്തെന്നാൽ ലക്ഷ്മിക്കുട്ടിയുടെ സ്വഭാവം ദിവസംതോറും പന്തികേടായിട്ടാണു കാണുന്നത്. നിങ്ങളോടു ഞാൻ കൂടെക്കൂടെ ഇതിനെപ്പററി പറയാറുണ്ട്. നിങ്ങൾ അപ്പോഴൊക്കെയും ഓരോ സമാധാനങ്ങൾ പറഞ്ഞ് എന്റെ ആക്ഷേപങ്ങളെ സാരമില്ലാതാക്കും

ഞാൻ——സാധാരണ പെൺകുട്ടികളുടേതിനേക്കാൾ കുറെ അധികം പ്രസരിപ്പും ധാർഷ്ട്യവും ഉല്ലാസവും കൂടുന്നതാണ് അവളുടെ സ്വഭാവം അല്ലാതെ അവൾക്കു യാതൊരു ദൂഷ്യവും ഇല്ല എന്നാണ് എന്റെ അഭിപ്രായം. അവളെ അങ്ങിനെ ഒരു സമ്പ്രദായത്തിലാണ് അവളുടെ അച്ഛൻ വളർത്തിയതു. ആ വക സംഗതിയെപ്പററി നിങ്ങൾ നിങ്ങളുടെ മനസ്സിന് അനാവശ്യമായ അസ്വാസ്ഥ്യം ഉണ്ടാക്കുകയാണ് ചെയ്യുന്നതു. എന്നൊക്കെ ഇതിനുമുമ്പും പല പ്രാവശ്യം ഞാൻ പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും പറവാൻ തന്നെയാണ് ഒരുക്കം.

കോ-മേ——എന്നി! നിങ്ങൾ വിചാരിക്കുന്ന മാതിരിയിൽ നിന്നൊക്കെ കടന്നിട്ടുണ്ട്. തറവാട്ടുമഹത്വം കൊണ്ടു നമ്മോടു സമത്വമി

ല്ലാത്തവരുടെ സ്ത്രീകളായിട്ടു ചങ്ങാതിത്തവും മററും കൊള്ളില്ലെന്നു ഞാൻ നിങ്ങളോടു പലപ്പൊഴും വാദിക്കാറുള്ളതു ഇതെല്ലാം ഓൎത്തിട്ടാണ. കടൽക്കര, കാഴ്ചബങ്കളാവു, മുതലായി പുരുഷന്മാർ കൂടുന്ന പ്രദേശങ്ങളിൽ കാററുകൊള്ളുവാനും കാഴ്ച കാണ്മാനും, ലക്ഷ്മിക്കുട്ടി, അവളുടെ ദാസിയേയും വാലിയക്കാരനേയും കൂടെക്കൊണ്ടുപോകാറുണ്ടെങ്കിലും, നമ്മുടെ സ്ത്രീകൾ പോയി നടക്കുന്നതു ഭംഗിയാണോ? ലക്ഷ്മിക്കുട്ടിയുടെ ഈ വക നടപടികളെക്കുറിച്ചു നിങ്ങളോടു ഞാൻ ആക്ഷേപിക്കാറുണ്ടായിരുന്നപ്പോഴൊക്കയും നിങ്ങൾ സമാധാനം പറയാറുണ്ടായിരുന്നതു 'ലക്ഷ്മിക്കുട്ടിക്കു വേണ്ടപോലെ പഠിപ്പും തൻേറടവും ഉള്ളതുകൊണ്ടു അവളെ കുറിച്ചു യാതൊരു ദുശ്ശങ്കയ്ക്കും അവകാശമില്ല.' എന്നൊക്കയല്ലേ? നിങ്ങളുടെ അഭിപ്രായം മുഴുവൻ തെററാണെന്നു നിങ്ങളെക്കൊണ്ടു തന്നെ സമ്മതിപ്പിക്കാം' എന്നൊക്കെ കോമുമേനോൻ മുള്ളുവാക്കുകളും മററും പറഞ്ഞു തുടങ്ങി. മൂപ്പർ അതികലശലായി ക്ഷോഭിച്ചിട്ടുണ്ടായിരുന്നു.

കോമുമേനോൻ ലക്ഷ്മിക്കുട്ടിയെ കുറിച്ചു എന്തുതന്നെ ചീത്ത അഭിപ്രായങ്ങൾ പറഞ്ഞാലും അതെല്ലാം കോമുമേൻെറ ദുരഭിപ്രായങ്ങളാവാൻ തരമുള്ളതല്ലാതെ എൻെറ അഭിപ്രായങ്ങൾക്കു യാതൊരു മാററവും സംഭവിപ്പിക്കയില്ലെന്നു തന്നെയായിരുന്നു എൻെറ വിശ്വാസം. വിശേഷിച്ചു, ലക്ഷ്മിക്കുട്ടിയുടെ പ്രസരിപ്പും ധാൎഷ്ട്യവും കൂടിയ പ്രകൃതി കോമുമേനെപ്പോലെ ശങ്കികളായ ഭൎത്താക്കന്മാരെ തെററിദ്ധരിപ്പിപ്പാൻ മതിയായിട്ടുള്ളതായിരുന്നു എന്നു എനിക്കുണ്ടായിരുന്ന അറിവും ആ വിശ്വാസത്തെ ഉറപ്പിക്കുകയാണുണ്ടായതു.

ഞാൻ—നിങ്ങൾ വല്ലാതെ തെററിദ്ധരിച്ചിട്ടുണ്ടു്.

കോ-മേ-ബദ്ധപ്പെടേണ്ട. നിങ്ങളെ ഞാൻ ബോദ്ധ്യപ്പെടുത്താം. ഒന്നാമതു് സ്ത്രീകൾക്കു ലജ്ജ ഒരു രക്ഷയായിരിക്കെ ഇവൾക്കു അതില്ലെന്നുള്ള ഒരു സംഗതി മാത്രം ഇവളുടെ ദുസ്സ്വഭാവത്തിൻെറ ഒരു ലക്ഷണമല്ലേ?

ഞാൻ—അതുതന്നെയാണു നിങ്ങൾ തെററിദ്ധരിച്ചിട്ടുണ്ടെന്നു ഞാൻ പറഞ്ഞതു്. സ്ത്രീകൾക്കു നിൎല്ലജ്ജത രണ്ടു പ്രകാരത്തിൽ വരാം. ഒന്നാമതു, ദുൎമ്മാൎഗ്ഗിയായി നടന്നു വല്ല ദുസ്സഹവാസവും, ചെയ്യേണമെന്നുള്ള മോഹം സാധിക്കണമെങ്കിൽ മടിവിട്ടു എന്തും കാണിക്കുവാനൊരുങ്ങിയെങ്കിലേ അതിനൊക്കെ സൌകൎയ്യമുണ്ടാകയു

ള്ളു എന്നുള്ള ബോദ്ധ്യം, വെളിവായിട്ടാകട്ടെ, അല്ലെങ്കിൽ കേവലം വാസനാരൂപമായിട്ടാകട്ടെ, മനസ്സിൽ കടന്നുകൂടി അതുനിമിത്തം ഒരുവക സ്ത്രീകൾ നിർല്ലജ്ജകളായിത്തീരാം- ഈ നിർല്ലജ്ജത പ്രായേണ യാതൊരു പഠിപ്പും അറിവും ഇല്ലാത്ത കുലടകളിലാണു കാണുന്നത്. രണ്ടാമതു—അർ എന്തുതന്നെ പ്രവർത്തിച്ചാലും എത്ര ബലവത്തായ പ്രേരണയിന്മേലും തന്റെ മനസ്സിനെ ദുർമ്മാർഗ്ഗങ്ങളിൽ പ്രവേശിപ്പാൻ താൻ അനുവദിക്കയില്ലെന്നുള്ള ധൈര്യത്തിന്നടിസ്ഥാനമായ ഒരു ആത്മബഹുമതിയുടെ തള്ളിച്ചനിമിത്തം ഒരുവകസ്ത്രീകൾ നിർല്ലജ്ജകളായി തീരാം. ഇതു പ്രായേണ പഠിപ്പും ലോകവ്യുല്പത്തിയും ബുദ്ധിവിശാലതയും, സ്ഥൈര്യവും ഉള്ള ഉത്തമ കുലസ്ത്രീകളിലാണ് കാണുന്നതു. ഈ രണ്ടാമതു പറഞ്ഞ വകയിൽ പെട്ടവളാണ് ലക്ഷ്മിക്കുട്ടി.

കോ-മേ__ഈ എഴുത്തു വായിച്ചുനോക്കീട്ടു ആ അഭിപ്രായം സ്ഥിരപ്പെടുത്താം.

എന്നു പറഞ്ഞു കോമുമേനോൻ അവിടെനിന്നെഴുനേററു മുണ്ടിന്റെ തുമ്പത്തു കെട്ടിയിരുന്ന താക്കോൽ കൊണ്ടു അലമാറി തുറന്നു ഒരു കയ്യെട്ടി എടുത്തു ആ കയ്യെട്ടിയുടെ ഒരു കള്ളറയിൽ നിന്നു ഒരെഴുത്തു കൊണ്ടുവന്നു എന്റെ കയ്യിൽ തന്നു.

ഞാൻ എഴുത്തു കയ്യിൽ മേടിച്ചു. 'മാന്തോപ്പുമഠത്തിൽ ലക്ഷ്മിക്കുട്ടിഅമ്മയ്ക്കു' എന്നു എഴുതീട്ടുള്ള മേൽവിലാസം നോക്കി മനസ്സിലാക്കി എഴുത്തു ലെക്കോട്ടിന്റെ ഉള്ളിൽ നിന്നു വലിച്ചെടുക്കുന്നതോടുകൂടി ഉമ്മറത്തു ഒരു കാലടിശബ്ദം കേൾക്കുകയും കോമുമേനോൻ പരിഭ്രമിച്ചു എന്റെ കയ്യിലെ എഴുത്തു പിടിച്ചുപറിച്ചു പുതച്ചിരുന്ന ചകലാസിന്റെ ഉള്ളിൽ ഒളിച്ചു വെയ്ക്കുകയും ചെയ്തു. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ ആ ഉമ്മറത്തു തൂക്കിവിട്ടിട്ടുണ്ടായിരുന്ന വില്ലീസ്സതിരയിൽ ചിത്രമെഴുത്തു കോയിത്തമ്പുരാന്റെ തൂലികകൊണ്ടെഴുതി വാതൽകട്ടിളകൊണ്ടു ചട്ടംകൂട്ടിവെച്ച ഒരു ചിത്രംപോലെ ആ ഉമ്മറപ്പടിയിൽ ചിരിച്ചുംകൊണ്ടു ലക്ഷ്മിക്കുട്ടി നില്ക്കുന്നതു ഞാൻ കണ്ടു.

ല-കു__(അവിടെത്തന്നെ നിന്നുംകൊണ്ടു) നോക്കു, നോക്കു അപ്പു ഏട്ടാ! ഇദ്ദേഹത്തിന് എന്റെ പേരിലുള്ള അവിശ്വാസത്തിന്റെ ഊക്കു. ഇദ്ദേഹത്തിന്നു എന്നെക്കുറിച്ചു എന്തെല്ലാം ദുശ്ശങ്കകളാണു! കണക്കില്ലാ. ഇങ്ങനെയാണെങ്കിൽ ഭാര്യാഭർത്താക്കന്മാർക്ക എന്താണു ഒരു സുഖം. അപ്പുഏട്ടനും അമ്മിണിഏട്ടത്തിയും തമ്മിൽ ഇങ്ങനെയാണൊ കഴിഞ്ഞു വരുന്നതു? ഇങ്ങോട്ടു സ്ഥലം മാററംകിട്ടിയതിന്റെ ശേഷം ഇദ്ദേഹത്തിന്റെ ഈ സ്വഭാവത്തിന്നു കുറെ

ളുടെ ശക്തി കൂടീട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഇഷ്ടപ്രകാരം ഞാൻ ഇരിക്കുന്നില്ലെന്നു ചിലർ വിചാരിയ്ക്കാം; പക്ഷെ ഞാൻ അതത്ര വകവെയ്ക്കുന്നില്ല. ഇദ്ദേഹത്തിന്റെ താൽക്കാലികമായ ഇഷ്ടവും എന്നെയ്ക്കും ഇദ്ദേഹത്തിന്നു ഗുണമായിട്ടുള്ള കാൎയ്യവും ഇന്നിന്നതാണെന്നും അതിൽ ഇദ്ദേഹത്തിന്റെ ഇഷ്ടപ്രകാരം പ്രവൎത്തിക്കുന്നതു ദോഷമാണെന്നും എനിക്കു മനസ്സിലാകുമ്പോൾ ഞാൻ ഇഷ്ടം നോക്കി പ്രവൎത്തിക്കുകയില്ല; തീൎച്ചതന്നെ. ഒരാൾക്കു ഉത്തമവിശ്വാസമായി വേണ്ടതാണെന്നു തോന്നുന്ന കാൎയ്യങ്ങൾ പ്രവൎത്തിക്കുവാൻ വേറൊരാളുടെ ന്യായമില്ലാത്ത ഇഷ്ടംനോക്കണം എന്നു വന്നാൽ അതു വലിയ കഷ്ടമല്ലേ? അങ്ങിനെയുള്ള ഇഷ്ടത്തിന്നു കീഴൊതുങ്ങുവാൻ പ്രയാസമാണു. തന്റെ കൂടെയുള്ള ആളുകളുടെ ഗുണദോഷങ്ങൾ ശരിയായിട്ടു മനസ്സിലാക്കുവാൻ ഇദ്ദേഹത്തിന്നു സാധിച്ചിട്ടില്ല. അതുകൊണ്ടാണ് ഇദ്ദേഹത്തിന്നു എന്റെ പേരിൽ പല ദുശ്ശങ്കകളും തോന്നീട്ടുള്ളതു. അതിന്നു തക്കതായ നിവൃത്തി ചെയ്യേണ്ടതു എന്റെ ഭാരവും ആകുന്നു. അതു ഞാൻ ചെയ്യാതേയും ഇരിക്കയില്ല.

എന്നൊക്കെ പറഞ്ഞു മറുവടിയ്ക്കു കാത്തുനില്ക്കാതെ തന്നെ ലക്ഷ്മിക്കുട്ടി പെട്ടെന്നു ഒരു ക്ഷോഭിച്ച ഭാവത്തോടു കൂടി തിരയുടെ അപ്പുറത്തേക്കു മറയുകയും 'ധടധട' എന്നു കോണി ഇറങ്ങി പോവുകയും ചെയ്തു.

കോമുമേനോൻ ഈ സമയം മുഴുവനും ഒരക്ഷരം മിണ്ടാതെ തലയും താഴ്ത്തിയിരുന്നു. ലക്ഷ്മിക്കുട്ടി പോയതിന്റെ ശേഷം കോമുമേനോൻ പുറത്തുംപോയി നോക്കി വന്നിട്ടു എഴുത്തു വായിപ്പാൻ തന്നു.

കോ-മേ.—ഇവൾ ഇപ്പോൾ ചെയ്ത പ്രസംഗം എങ്ങിനെ വ്യാഖ്യാനിയ്ക്കേണ്ടതാണെന്നും, നിങ്ങൾ പ്രസ്താവിച്ച രണ്ടു വക സ്ത്രീകളിൽ ഏതു വകയിൽ ഇവൾ ചേൎന്നവളാണെന്നും തീൎച്ചപ്പെടുത്തുവാൻ ഈ എഴുത്തു സഹായിയ്ക്കുന്നതാണ്.

എഴുത്തു വായിച്ചുപോകുംതോറും എന്റെ മനസ്സിൽ എന്തോരു വേദന കൂടിക്കൂടിവന്നു. കണ്ണിൽ വെള്ളം നിറഞ്ഞു അക്ഷരം കാണാതായി. ലക്ഷ്മിക്കുട്ടിയുടെ പേരിൽ എനിക്കു ഒരു വെറുപ്പു ഈ ജന്മം തോന്നുമെന്നു അതുവരെ ഞാൻ വിചാരിച്ചിരുന്നില്ല. ഒരു ഇടിവെട്ടുകൊണ്ടപോലെ ഞാൻ കുറേ നേരം അന്ധാളിച്ചിരുന്നു. സൂക്ഷ്മത്തിൽ എനിക്കു ആ എഴുത്തിലെ താല്പൎയ്യം വിശ്വസിപ്പാൻ മനസ്സു വന്നില്ല. എങ്കിലും രേഖാമൂലമായ ഈ തെളിവിന്നു എന്താണു ഒരു സമാധാനം തൽകാലം ഒന്നും കണ്ടില്ല. ഇതാണു ആ എഴുത്തു.

ശ്രീ.

൧൦൭൦ മകരം ൨൦-ാംനു

എന്റെ പ്രിയതമയായ ലക്ഷ്മിക്കുട്ടി ഇന്നയച്ച എഴുത്തുകിട്ടി നാളെകാലത്തു കോമുമേനോൻ ഒരു കുലക്കേസ്സന്വേഷണത്തിന്നു പോകുന്നു എന്നും നാളെ രാത്രി മടങ്ങിവരികയില്ലെന്നും അതുകൊണ്ടു പകലേ തന്നെ ഞാൻ അവിടെ വന്നു ചേരണമെന്നും എഴുത്തുകൊണ്ടു കാണുന്നു. മുഖദാവിൽ പറവാനുള്ള ചില കാരണങ്ങളാൽ പകലേ വരാൻ തരമില്ലെന്നു വ്യസനിക്കുന്നു. നാളെ രാത്രി എട്ടുമണിക്കു മുമ്പു ജീവനുണ്ടെങ്കിൽ ലക്ഷ്മിക്കുട്ടിയുടെ അടുക്കെ ഞാൻ ഉണ്ടു്. .........പിന്നെയും ചിലതൊക്കെ എഴുതീട്ടുണ്ടു്. അതെല്ലാം സാധാരണയായി വിടന്മാർ ഈ വക എഴുത്തുകളിൽ കാണിക്കുന്ന ചില ഗോഷ്ഠിവാക്കുകളും യാചനങ്ങളുമാണു്. അതൊക്കെ ഇവിടെ ചേർക്കുവാൻ എനിക്കു ലജ്ജയുണ്ടു്.

കുറെ നേരം കഴിഞ്ഞു് എന്റെ അന്ധാളിത്തത്തിന്നു് അല്പം ശമനം വന്നപ്പോൾ 'എന്താ ഇപ്പോൾ പറയുന്നതു? ഏതു വകയിൽപ്പെട്ടവളാണു് നിങ്ങടെ ലക്ഷ്മിക്കുട്ടി?' എന്നുകോമുമേനോൻ എന്റെ കണ്ണുകളിൽ ചുട്ടുപഴുപ്പിച്ച നാരായം തിരുകുന്ന മാതിരിയിൽ ചോദിച്ചു. ഞാൻ ഒന്നും മിണ്ടിയില്ല കോമുമേനോന്റെ മുഖത്തു ദേഷ്യമോ വ്യസനമോ അധികം സ്ഫുരിച്ചുകണ്ടതു് എന്നു എനിക്കു പറവാൻ വയ്യ ഞാൻ എഴുത്തുപിന്നെയും രണ്ടുമൂന്നു പ്രാവശ്യം വായിച്ചുനോക്കി.

കോ-മേ— ഇന്നലെ കാലത്തു ഏകദേശം എട്ടുമണി സമയത്തു, ശങ്കരാ എജമാൻ കച്ചേരിക്കു പോയതിന്റെ ശേഷം ഒരെഴുത്തു തരാം തപാലിലിടണം. ആരെയും കാണിക്കാതെ കൊണ്ടുപോയി ഇടണം! എന്നൊക്കെ വാലിയക്കാരനോടു ലക്ഷ്മിക്കുട്ടിപറയുന്നതു കേട്ടു. തപാലിലിടാനുള്ള എഴുത്തിൽ മേൽവിലാസം മാത്രമല്ലേ ഒരാൾ കാണുകയുള്ളൂ? അസ്ഥിതിയ്ക്കു 'ആരെയും കാണിക്കരുതു' എന്നു ശങ്കരനോടു പറഞ്ഞതിന്റെ താല്പര്യം മനസ്സിലായില്ല. ഞങ്ങൾ തമ്മിൽ സംസാരിച്ചിട്ടു ഏഴെട്ടു ദിവസമായി. അതുകൊണ്ടു അവളോടു ഈ കാര്യത്തെപ്പററി ചോദിപ്പാൻ ഞാൻ വിചാരിച്ചില്ലാ. എഴുതയയ്ക്കുന്നതു കണ്ടുപിടിപ്പാൻ ശ്രമിയ്ക്കുന്നതു ഒരു സമയം നിഷ്ഫലമാകുന്നപക്ഷം എന്റെ ശ്രമം അവൾക്കു മനസ്സിലായി നമ്മുടെ കാര്യ സാദ്ധ്യത്തിന്നു വിഘ്നം നേരിടുവാനും മതി എന്നു ആലോചിച്ചു ആ വഴി നന്നല്ലെന്നു തീർച്ചപ്പെടുത്തി. ശങ്കരനോടു പിന്നെ ചോദിച്ചതിൽ അവന്റെ കയ്യിൽ എഴുത്തൊന്നും കൊടുത്തില്ലെന്നു പറഞ്ഞു. തപാലിൽ അയച്ച എഴുത്തു കിട്ടുന്ന ആൾ തപാലിൽ തന്നെ മറുവടി അയയ്ക്കുമെന്നുള്ള ഊഹത്തിന്മേൽ

എനിയ്ക്കും ലക്ഷ്മിക്കുട്ടിയ്ക്കും വരുന്ന എഴുത്തുകൾ ദിവസവും തപാൽ വരുന്ന സമയത്തു തപാലാപ്പീസ്സിൽ ഞാൻ തന്നെ പോയി വാങ്ങാൻ തീർച്ചപ്പെടുത്തി. ഇന്നലെ രാത്രി തപാലാപ്പീസ്സിലേയ്ക്കു തക്ക സമയത്തു ഞാൻ പോയി. അപ്പോൾ കിട്ടിയ എഴുത്താണിതു്. ഈ എഴുത്തു ഇവിടുത്തെ തപാലാപ്പീസ്സിൽ തന്നെ പോസ്റ്റ് ചെയ്തതും ഇന്നലെ രാത്രി ഞാൻ മടിച്ചതുമാണു്. ഇതിലധികം ഇനി എന്താണു് തെളിവു വേണ്ടതു്? എഴുത്തിൽ ആളുടെ പേരു വെച്ചിട്ടില്ലാത്തതുകൊണ്ടു് അതൊരു സംഗതി മാത്രമേ അറിയേണ്ടതുള്ളൂ. നിങ്ങൾ പ്രത്യക്ഷതെളിവു കൂടാതെ യാതൊന്നും വിശ്വസിയ്ക്കില്ലെന്നു പറയും എന്നു് എനിയ്ക്കറിയാം. ആ തെളിവു് ഇന്നു രാത്രി കാണിച്ചുതരാം. നമുക്കു രണ്ടുപേർക്കും കൂടി കാവലിരുന്നു് ഇന്നു രാത്രി ഈ കള്ളനെ പിടിക്കണം. ഞാൻ കൊലക്കേസ്സന്വേഷണത്തിനു പോകുന്നു എന്നു പറഞ്ഞുംപോയി സന്ധ്യ കഴിഞ്ഞു് എട്ടുമണിയ്ക്കു മുമ്പായി മടങ്ങി നിങ്ങടെ മഠത്തിൽ വരാം. രാത്രി കാവലിരുന്നു കള്ളനെ പിടിച്ചു വലിയ പ്രസ്താവത്തിനൊന്നും ഇടവരുത്താതെ നാളെ കാലത്തെ വണ്ടിയ്ക്കു തന്നെ ഇവളെ നാട്ടിലേയ്ക്കു് അയച്ചുകളയാം. പുകഞ്ഞകൊള്ളി പുറത്തു പോട്ടെ. നമ്മൾ തമ്മിലിരിയ്ക്കുന്ന സ്ഥിതിയ്ക്കു നിങ്ങളെക്കൂടി സാക്ഷിയാക്കാതെ ഞാൻ വല്ലതും പ്രവർത്തിച്ചാൽ അതും ഒരു ദുഷ്പേരാകുന്നതാണു്. അതുകൊണ്ടാണു് നിങ്ങളോടു ഇത്രയും പറയുന്നതു്. ഇനി നിങ്ങടെ അഭിപ്രായം എന്താണു്?

എനിയ്ക്കു് എല്ലാംകൂടി ഒരു വലിയ കമലയായി തീർന്നു ഈ പെണ്ണു് ഇത്ര കഥയില്ലാത്തവളാണോ? ഇവളെപ്പററി എനിയ്ക്കുണ്ടായിരുന്ന അഭിപ്രായങ്ങളൊക്കെ തെററായി വരുമോ? ഈശ്വര! അതോ ഇതെല്ലാം കോമുമേനോന്റെ ദുശ്ശങ്കകളോ? ഞങ്ങൾ രണ്ടുപേരുടെ അഭിപ്രായങ്ങളും ലക്ഷ്മിക്കുട്ടിയുടെ സ്വഭാവത്തെപ്പററി ഞങ്ങൾക്കുള്ള അറിവിൽനിന്നുള്ള ഊഹങ്ങളാണു്. അതുകൊണ്ടു എന്നേക്കാൾ ലക്ഷ്മിക്കുട്ടിയുടെ സ്വഭാവം നല്ലവണ്ണം മനസ്സിലാക്കുവാൻ അവസരങ്ങൾ ഉള്ള കോമുമേന്റെ അഭിപ്രായം ശരിയായി ഭവിയ്ക്കുമോ എന്നൊക്കെ ആലോചിച്ചു് എന്റെ മനസ്സിനുണ്ടായ വേദന ഇന്നപ്രകാരമെന്നു പറവാൻ പ്രയാസം. ഏതുവിധത്തിലും ഇതിന്റെ സൂക്ഷ്മം അറിയണം. ലക്ഷ്മിക്കുട്ടി ഒരു ദുർവൃത്തയാണെങ്കിൽ ഈവക ദുർവൃത്തികളെ അനുവദിച്ചിരുന്നുംകൊണ്ടു ഞങ്ങൾക്കെല്ലാവർക്കും പരക്കെ അവമാനം സംഭവിപ്പാനിടവരുത്തുന്നതു നന്നല്ലെന്നും അതുകൊണ്ടു കോമുമേന്റെ ആലോചനപ്രകാരം നടക്കുന്നതുതരക്കേടില്ലെന്നും തീർച്ചയാക്കി ഞങ്ങൾ പിരിഞ്ഞു.

ലക്ഷ്മിക്കുട്ടിയെ അപ്പോൾ കാണാതെ കഴിയ്ക്കണമെന്നു വിചാരിച്ചു അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞുനോക്കാതെ ബദ്ധപ്പെട്ടു നടന്നു മാന്തോപ്പു മഠത്തിന്റെ പടിപ്പുറത്തു ചാടിവീണു ഈ കാര്യങ്ങളൊന്നുമറ

മ്മിണിയെ തൽക്കാലം അറിയിയ്ക്കാൻ പാടില്ലെന്നും ഉറച്ചു മരത്തിലെത്തി. അരമണിക്കൂറിനകത്തു കോമുമേനോൻറ വണ്ടി പോകുന്നതു കണ്ടു, ഞാൻ സുഖക്കേടുനിമിത്തം അന്നു കോടതിയ്ക്കു പോയില്ല. അന്നേക്കുവെച്ചിട്ടുണ്ടായിരുന്ന നാലഞ്ചു കേസ്സുകൾ അവധിയ്ക്കപേക്ഷിച്ചു നീട്ടിവെപ്പിയ്ക്കയും ചെയ്തു.

* * * * * * *

രാത്രി എട്ടുമണി അടിയ്ക്കുന്നതിന്നു മുമ്പുതന്നെ മാന്തോപ്പു മഠത്തിൽ നാലുകെട്ടിൻറ തളത്തിലെ കിഴക്കുഭാഗത്തുള്ള ലക്ഷ്മിക്കുട്ടിയുടെ പ്രത്യേകമുറിയുടെ പടിഞ്ഞാറെ വാതുക്കൽ തളത്തിലായിട്ടു ഞാനും, ഒരു വാഴത്തോട്ടവും അതിൻറ മദ്ധ്യത്തിലൊരു താമരക്കുളവും ഉള്ള കിഴക്കെ പറമ്പിലേയ്ക്കു തുറക്കാവുന്ന കിഴക്കെ വാതുക്കൽ കോമുമേനോനും സ്ഥലം പിടിച്ചിരിയ്ക്കുന്നു. ഞങ്ങൾ ആദ്യം മാന്തോപ്പു മഠത്തിൽ എത്തിയപ്പോൾ അവിടെ വിളക്കുകളെല്ലാം കെടുത്തിയിരുന്നു. മഠത്തിൻറ പിൻവശത്തുകൂടി നാലുകെട്ടിലേയ്ക്കു കടക്കാവുന്ന ഒരു അഴിയില്ലാത്ത ഒരു ജനലിലെ ഒരു വാതലിൻറ കൊളുത്തു ഒരുദിവസം മുമ്പ് എങ്ങിനെയോ കേടുവന്നിട്ടുണ്ടായിരുന്നതു കോമുമേനോന് അറിവുണ്ടായിരുന്നതിനാൽ ആ ജനാൽ ഉന്തിത്തുറന്നു ഞങ്ങൾ രണ്ടുപേരും ഉള്ളിലേയ്ക്കു കടന്നു. തീപ്പെട്ടി ഉരച്ചു രണ്ടുപേരുടേയും പക്കൽ ഉണ്ടായിരുന്ന കൈറാന്തലുകൾ കത്തിച്ചു നോക്കിയപ്പോൾ നാലുകെട്ടിൻറ ഒരു മുക്കിൽ ലക്ഷ്മിക്കുട്ടിയുടെ ദാസി ഉണ്ണിച്ചിരി കിടന്നുകൂക്കം വലിച്ചിരുന്നു. അവളെ ഉണർത്തി ചോദിച്ചപ്പോൾ ലക്ഷ്മിക്കുട്ടി പകലെ ഊണുകഴിച്ച് എന്തോ സുഖമില്ലെന്നു പറഞ്ഞ് അവളുടെ മുറിയിൽ പോയി വാതലടച്ചു കിടന്നു എന്നും വാലിയക്കാർ രണ്ടുപേരുണ്ടായിരുന്നവരെ നേരത്തെ ഊണുകഴിച്ച് അടുക്കളത്തളത്തിൽതന്നെ കിടപ്പാൻ പറഞ്ഞതാണ് ലക്ഷ്മിക്കുട്ടി പോയി കിടന്നത് എന്നും ഉണ്ണിച്ചിരി പറഞ്ഞു. എൻറ സംശയങ്ങൾ മുക്കാലെ അരയ്ക്കാലുതീർന്നു. കോമുമേനോനു സംശയംതന്നെയുണ്ടായിരുന്നില്ലല്ലോ. ഉണ്ണിച്ചിരിയെ പടിഞ്ഞാറെ പ്രാന്തയിലുള്ള മുറിയിൽപോയി കിടക്കുവാൻ പറഞ്ഞയയ്ക്കുകയും ചെയ്തു. എന്നിട്ടാണ് ഞങ്ങൾ രണ്ടുപേരും ഓരോ വാതുക്കൽ മുൻപറഞ്ഞതുപോലെ പാറാവു നിന്നതു "കഷ്ടം കഷ്ടം ഒരു കുത്സിതപ്രവൃത്തി കണ്ടുപിടിപ്പാൻ വേണ്ടി ഇങ്ങിനെ ആഭാസമായ ഒരു വേഷം കെട്ടേണ്ടിവന്നുവല്ലോ എന്നൊക്കെ വിചാരിച്ചു വളരെ ലജ്ജയും ലക്ഷ്മിക്കുട്ടിയെ വിചാരിച്ചു വളരെവ്യസനവും തോന്നി പ്രത്യക്ഷമായി തെളിവാൻ പോകുന്ന ലക്ഷ്മിക്കുട്ടിയുടെ ദുർന്നടപ്പോ ആ ദുർന്നടപ്പു പ്രത്യക്ഷമായി തെളിവാൻപോകുന്ന സംഗതിയോ ഏതാണു എന്നെ അധികം വ്യസനാക്രാന്തനാക്കിയതു എന്നു പറവാൻ പ്രയാസം. ഞാൻ എത്രയോ വാത്സല്യത്തോടും ബഹുമാനത്തോടുംകൂടി വിചാരിച്ചുവന്ന ലക്ഷ്മിക്കുട്ടി

യെ ഒരു ജാരനോടുകൂടി കണ്ടുപിടിയ്ക്കുക എന്ന അവസ്ഥ എത്ര ദുസ്സഹമായിട്ടുള്ളതാണ്! ചേററിൽ തല്ലിയാൽ നീളെ തെറിയ്ക്കുമല്ലോ. അതുകൊണ്ടു കോമുമേനോട് മിണ്ടാതെ ചാടിപ്പോയെങ്കിലോ എന്നു ഒരിയ്ക്കൽ വിചാരിച്ചു. ഈ അവസരത്തിൽ കോമുമേനോനെ തനിച്ചു നിൎത്തുന്നതിനാലുള്ള ദുൎഘടത്തെ ഓൎത്തു, വേഷം കെട്ടിയ അവസ്ഥയ്ക്കു കളിയ്ക്കുന്നതു തന്നെ ഉത്തമം എന്നു തീൎച്ചപ്പെടുത്തി.

തളത്തിൽ ചുമരിൽ വെച്ചിരുന്ന നാഴികമണി എട്ടടിച്ചു. എട്ടര അടിച്ചു ഒമ്പതടിച്ചു ഒമ്പതരയും പത്തും അടിച്ചു. ഞാൻ നിന്നിരുന്ന ഉമ്മറത്തു വാതലിന്റെ പഴുതിൽകൂടി ലക്ഷ്മിക്കുട്ടിയുടെ അകത്തിനുള്ളിലേയ്ക്കു നോക്കിയപ്പോൾ അകത്തു വിളക്കുണ്ടെന്നു മനസ്സിലായി. ഈവക ലക്ഷണങ്ങളെല്ലാം എനിയ്ക്കു നല്ല പന്തിയായി തോന്നിയില്ല. മണി പത്തരഅടിച്ചു. കോമുമേനോൻ നിന്നു മുഷിഞ്ഞു, ലക്ഷ്മിക്കുട്ടി! ലക്ഷ്മിക്കുട്ടി എന്നു കിഴക്കെ വാതുക്കൽ നിന്നു വിളിയ്ക്കുന്നതുകേട്ടു. ഞാൻ വിചാരമഗ്നനായിത്തന്നെ ഇരിയ്ക്കുന്നു. കോമുമേനോൻ ലക്ഷ്മിക്കുട്ടിയെ വിളിച്ച ഉടൻതന്നെ ഞാൻ കാത്തുകൊണ്ടിരുന്ന വാതുക്കൽ ‘ക്രേ, ക്രേ,’ എന്നു രണ്ടു ശബ്ദംകേട്ടു. റാന്തൽ എടുത്തു ഉമ്മറത്തേയ്ക്കു വെളിച്ചം തിരിച്ചു നോക്കിയപ്പോൾ വാതൽ തുറക്കുവാൻ ശ്രമിച്ച ആൾ പുറത്തേയ്ക്കിടുവാൻ വിചാരിച്ച തല പെട്ടെന്ന് ഉള്ളിലേയ്ക്കു തന്നെ വലിച്ചു എന്റെ സംശയങ്ങൾ മുഴുവനും തീൎന്നു. ഒരു വെടികൊണ്ട പന്നിയെപ്പോലെ സംഭ്രമത്തോടുകൂടി ഞാൻ ആ നിമിഷത്തിൽ തന്നെ റാന്തലോടുകൂടി വാതലിനെ തിക്കി തുറന്നു അകത്തു കടന്നപ്പോൾ ദേഹത്തിൽ മുട്ടുവരെ ഇറക്കമുള്ള ഒരു കുപ്പായവും തലയിൽ അടച്ചുമൂടി പിന്നാക്കം വാലിട്ടു കെട്ടിയ ഒരു പാവുമുണ്ടും കയ്യിൽ ഒരു വടിയും ധരിച്ചിരുന്ന ഒരാൾ കിഴക്കെ വാതൽതുറന്നു കോമുമേനോന്റെ കയ്യിലെ റാന്തൽ തട്ടിതെറിപ്പിച്ചുംകൊണ്ടു ‘ഉം,’ എന്നു വാഴത്തോട്ടത്തിലേയ്ക്കു ഒരുചാട്ടം ചാടിയതും ആ ചാട്ടത്തിൽ പിന്നാക്കം പറന്ന കുപ്പായത്തിന്റെ അടിവക്കിൽ പിടികൂടി കോമുമേനോനും കൂടെ ചാടിയതും ഒപ്പം കഴിഞ്ഞു. ഞാൻ അകത്തു കടന്ന ഉടനെ നില്ക്കാതെ തന്നെ നാലുപുറവും ഒന്നു നോക്കിയ കൂട്ടത്തിൽ എന്റെ വലത്തുഭാഗത്തുള്ള തെക്കേചുമരോടു പററിചേൎന്നുകൊണ്ടു ഒരു പച്ചത്തേവടിശ്ശിയുടെ മാതിരിയിൽ ആഭരണങ്ങളും പുതിയ വസ്ത്രങ്ങളും ധരിച്ചു ഒരു ശില കുഴിച്ചിട്ടപോലെ സ്തബ്ധയായി നില്ക്കുന്ന ലക്ഷ്മിക്കുട്ടിയെ ഒരുനോക്കു കണ്ടപ്പോൾ എനിയ്ക്കു സഹിയ്ക്കാൻ പാടില്ലാതെ ഉദിച്ച ദേഷ്യവും വ്യസനവും വെറുപ്പും നിമിത്തം എന്റെ ഹൃദയം പെട്ടെന്നു കത്തിക്കരിഞ്ഞു ഭസ്മമായിപ്പോയി എന്നു പറഞ്ഞാൽ അതിശയോക്തിയാകുന്നതല്ല. “എടി! ദുഷ്ടേ! കുലടേ! നിന്റെ നാ

ട്യവും പരിഷ്കൃതസമ്പ്രദായങ്ങളും എല്ലാം ഇതിന്നുവേണ്ടിയാണൊ? ഇന്നത്തോടുകൂടി നിൻെറ കഥ അവസാനിച്ചു എന്നു വിചാരിച്ചോ മഹാപാപി! ശഠേ! നിയ്യ്—ഞാൻ—നിന്നെ—നിൻെറ ജാ—അതെ, അവിടെത്തന്നെ നില്ക്കൂ, എന്നൊക്കെ ക്ഷോഭംനിമിത്തം വിചാരിച്ചതു മുഴുവൻ പറവാൻ സാധിയ്ക്കാതേയും ദേഹമാസകലം ഒരു വിറയലോടുകൂടിയും പറഞ്ഞും കൊണ്ടു കള്ളനെ പിടിപ്പാൻ കോമുമേനോൻെറ പിന്നാലെ വാഴത്തോട്ടത്തിലേയ്ക്കു സംഭ്രമത്തോടുകൂടി ഞാനും ചാടി.

കുറെ നേരം—ഇത്രയെന്നു പറവാൻ എനിയ്ക്കു നിശ്ചയമില്ല—ഓടുന്ന കള്ളനും ഓടിയ്ക്കുന്ന കോമുമേനും മുട്ടി ഉരസുന്ന ഉണങ്ങിയ വാഴക്കൈകളുടേയും ചെടികളുടേയും കലകല ശബ്ദം പലവഴിയ്ക്കും കേൾക്കുകയും ഞാൻ വിളക്കുംകൊണ്ടു ശബ്ദം കേട്ടവഴിയ്ക്കു പിന്നാലെ ഓടുകയും ചെയ്തുകൊണ്ടിരിയ്ക്കുന്ന മദ്ധ്യേ പെട്ടെന്നു താമരക്കുളത്തിൻെറ കിഴക്കെക്കരയിൽ ആർ ആരെ പിടിച്ചുനിർത്തി എന്നു തീർച്ചപറവാൻ പ്രയാസമായിട്ടുള്ള നിലയിൽ കരങ്ങളെക്കൊണ്ടു ദൃഢമായി പരസ്പരം ബന്ധിച്ചു നിന്ന ആ രണ്ടുപേരുടെ മുഖങ്ങളിൽ എൻെറ കൈറാന്തലിൻെറ വെളിച്ചം കാണിച്ചു ആ കള്ളൻെറ തലയിൽ കെട്ടിയ പാവുമുണ്ടു വലിച്ചെടുത്തു നോക്കിയപ്പോൾ ശിവ! ശിവ! എന്തൊരു കാഴ്ചയാണു് ഞാൻ കണ്ടതു്! എന്തൊക്കെ, എത്രയൊക്കെ വികാരങ്ങളാണു് ഒന്നായി തിക്കിത്തിരക്കി എൻെറ മനസ്സിൽ ഉദിച്ചതു്! ആ അനേകവികാരങ്ങളിൽ ഒന്നു വിസ്മയവും വേറെഒന്നു ലജ്ജയും ആയിരുന്നു എന്നും താല്ക്കാലികാവസ്ഥയിൽ ആ രണ്ടു വികാരങ്ങൾക്കുമായിരുന്നു എല്ലാററിലുംവച്ചു അധികംപ്രാബല്യം കൂടിയിരുന്നതെന്നും, ഞാൻ വായും പൊളിച്ചു ഒരുപച്ചച്ചിരിയോടുകൂടി പിന്നാക്കം മാറി ഒരു മാത്രനേരം തലതാഴ്ത്തിനിന്നതായി ഇപ്പോൾ ഓർക്കുന്നതുകൊണ്ടു ഊഹിക്കുന്നുണ്ടു. എൻെറ പ്രിയവായനക്കാരെ! ഞാൻ ഇങ്ങനെ വിഡ്ഢിയായിട്ടില്ല. ഞാൻ അക്കണ്ട കാഴ്ച ഭാര്യാഭർത്താക്കന്മാരുടെ ഒരുആലിംഗനമായിരുന്നു.

രണ്ടുപേരും പെട്ടെന്നു കൈവിട്ടുമാറി. കോമുമേൻെറ മുഖം അപ്പോൾ കാണേണ്ടതായിരുന്നു. മൂപ്പർ എൻെറ മുഖത്തു നോക്കി ഒരുപച്ചച്ചിരി ചിരിച്ചു. ഞാൻ ഒരിക്കൽകൂടി വെളിച്ചംകാണിച്ചുനോക്കി. ലക്ഷ്മിക്കുട്ടിയുടെ മുഖംതന്നെ. സംശയത്തിന്നു യാതൊരു ന്യായവും കണ്ടില്ല. തലയിൽ കെട്ടിയിരുന്ന പാവുമുണ്ടു ഞാൻ വലിച്ചെടുത്തപ്പോൾ ചിന്നിച്ചിതറിക്കൊണ്ടു പിൻപുറത്തു കണ്ണിക്കാൽവരെ അഴിഞ്ഞുവീണ ആ കറുത്ത കേശഭാരത്തിൻെറ ഉള്ളിൽകൂടി മുഖം പുറത്തേക്കു കാണിച്ചു ലക്ഷ്മിക്കുട്ടി ഞങ്ങൾരണ്ടുപേരുടേയുംമുഖങ്ങളിൽ സ്ഫുരിക്കുന്നസ്തോഭങ്ങളെന്തെല്ലാമാണെന്നു തിരിഞ്ഞുനോക്കുകയായിരുന്നു.

ഇതെന്തൊരു മറിമായമാണ്? ലക്ഷ്മിക്കുട്ടി അകത്തോ പുറത്തോ? ഞാൻ രണ്ടുദിക്കിലും ലക്ഷ്മിക്കുട്ടിയെ കണ്ടു എന്നതിനു സംശയമില്ല. അല്ലെങ്കിൽ, ഞാൻവല്ല സ്വപ്നവും കാണുന്നുണ്ടോ? അതൊ എനിക്കു ഭ്രാന്താണോ? എനിക്കു യാതൊന്നും അറിഞ്ഞുകൂടാ. ഞാൻ വിസ്മയാകുലനായി, എന്താണ് പ്രവൃത്തിക്കേണ്ടതു്, എന്താണു പറയേണ്ടതു, എന്നു ഒരു പിടിത്തവും കിട്ടാതെ കുറെനേരം സ്തബ്ധനായിനിന്നു. 'അകത്തു എന്തോ ഒരു നേരംപോക്കുണ്ട്. അങ്ങോട്ടുപോകാം' എന്നുപറഞ്ഞു വിളക്കുംകൊണ്ടു ഞാൻ പെട്ടെന്നുനടന്നു. മറ്റുരണ്ടുപേരും എന്റെപിന്നാലെ വന്നു. എല്ലാവരും ലക്ഷ്മിക്കുട്ടിയുടെ മുറിയിലേക്കു കേറി. അകത്തേക്കു കേറിയ ഉടനെ, മുൻസ്ഥിതിപോലെ തന്നെ തെക്കെ ചുമരുചാരിനില്ക്കുന്ന ആ ലക്ഷ്മിക്കുട്ടിയുടെ സമീപത്തേക്കു ഞാൻ ഓടിച്ചെന്നു മുഖത്തു വിസ്മയാകുലനായി സൂക്ഷിച്ചുനോക്കുകയും കോമുമേനോൻ ഉമ്മറംകടന്ന ദിക്കിൽതന്നെ വായുംപൊളിച്ചു സ്തംഭിച്ചുനിൽക്കയും ചെയ്യുമ്പോൾ എന്റെ പിമ്പുറത്തുനിന്നും, 'അപ്പുഏട്ടാ' അപ്പുഏട്ടൻ ആദ്യം അകത്തുകടന്നപ്പോൾ എന്തൊരു ഘോഷമായിരുന്നു?' ഇത്രകഠിനമായി ശകാരിക്കാൻതക്കവണ്ണം ആ മെഴുകുകൊണ്ടുണ്ടാക്കിയ പ്രതിമ എന്തൊരപരാധമാണു ചെയ്തതു്? എന്നുപറഞ്ഞു ലക്ഷ്മിക്കുട്ടി അല്പം ഉറക്കെച്ചിരിച്ചതിനാൽ ഞാൻ വിഡ്ഢിയായതു പുറത്തുകാണിക്കാതിരിപ്പാൻ ഇതൊരു ലാക്കാണെന്നു കരുതി ലക്ഷ്മിക്കുട്ടി ചിരിക്കുന്നതിന്റെ ഇടയിൽകൂടിഞാനും പൊട്ടിച്ചിരിച്ചു.

ല-കു.—അപ്പുഏട്ടാ! നിങ്ങൾ രണ്ടാളേയും കുറെഅധികംനേരം പുറത്തുനിർത്തിയതിന്നു ഞാൻ മാപ്പുചോദിക്കുന്നു. അദ്ദേഹം ഏതുവാതുക്കലാണ് നിന്നിരുന്നതു എന്നു മനസ്സിലാകുവാൻ ഉണ്ടായതാമസമാണ്. നിങ്ങൾക്കു ഇന്നു എന്റെ കഥകഴിക്കേണമെന്ന് അഗ്രഹമുണ്ടായിരുന്നതുപോലെ എനിക്കും എന്റെകഥ കഴിക്കണമെന്നു വിചാരമുണ്ടായിരുന്നു. അതു സാധിച്ചു. ഞാൻ ഊഹിച്ച വഴിയിൽനിന്നു അധികമൊന്നും തെറ്റാതെ നിങ്ങൾ രണ്ടുപേരും പ്രവൃത്തിച്ചതിനാൽ ഈ വിധത്തിൽ കലാശിപ്പാനിടവന്നു.

ലക്ഷ്മിക്കുട്ടി പറഞ്ഞതിന്റെ താല്പര്യം കോമുമേനു മനസ്സിലായില്ല തീർച്ചതന്നെ. 'നിങ്ങൾക്കറിയാമോ? എന്നു ചോദ്യംചോദിക്കുന്നതുപോലെ മൂപ്പർ എന്റെനേരേ നോക്കി പുരികങ്ങളെ മേല്പോട്ടേക്കൊന്നുവലിച്ചു. ഒരു പച്ചച്ചിരിയും ചിരിച്ചു.

അകത്തു രാവിലെ ഞാൻകണ്ടകട്ടിൽ, മേശ, കസാല, അലമാരി മുതലായ യാതൊരുസാമാനങ്ങളും അപ്പോൾ ഉണ്ടായിരുന്നില്ല. അവയെ

എല്ലാം ഉച്ചക്ക നാലുകെട്ടിലെ പടിഞ്ഞാറെമുറിയിലേക്ക ലക്ഷ്മിക്കുട്ടിമാററിവെപ്പിച്ചു എന്നു പിന്നീടു മനസ്സിലായി. അകത്തു രണ്ടു പുല്പായ് വിരിച്ചു നടുക്ക പച്ചച്ചിമ്മിനിവെച്ച ഒരു മേശവിളക്ക കത്തിച്ചുവച്ചിട്ടുണ്ടായിരുന്നതിൻെറ ചോട്ടിൽ എഴുതിയ അഞ്ചെട്ടു ചീന്തുകടലാസും ഒരു മഷിക്കുപ്പിയും മുക്കിയെടുത്ത മഷിമുഴുവൻ വെടിച്ചിട്ടില്ലാത്ത ഒരു പേനയും മാത്രം ഉണ്ടായിരുന്നു. എൻെറ സകലസംശയങ്ങളും പെട്ടെന്നുതീൎന്നു. ഞങ്ങൾ മൂന്നുപേരും വിളക്കിൻെറ ചുററും ഇരുന്നു. ഞാൻ ആ കടലാസ്സുകളെല്ലാം എടുത്തു 'ഇനി ഇതു വായിച്ചുനോക്കാമോ' എന്നു ചോദിച്ചതിന്നു 'ഞാൻ രാവിലെതന്നെ അപ്പു ഏട്ടനോടു പറഞ്ഞിട്ടുണ്ടല്ലോ.' എന്നുമാത്രം ലക്ഷ്മിക്കുട്ടി മറുപടിപറഞ്ഞു. 'എൻെറകഥ' എന്നു തലവാചകം എഴുതീട്ടുള്ള ആ കഥ ഞാൻ കോമുമേനോൻെറസമ്മതത്തോടുകൂടി വായിപ്പാൻ തുടങ്ങി. കഥയുടെ വിഷയം മാന്തോപ്പുമഠത്തിൽ നടന്ന സംഗതികളൊക്കെത്തന്നെ. ഞാനും കോമുമേനോനും ഈ കഥയിൽ ഏതെല്ലാം പ്രകാരം വേഷംകെട്ടികളിച്ചുവോ അപ്രകാരമെല്ലാം ഞങ്ങൾ കളിപ്പാൻ തക്കവണ്ണം ലക്ഷ്മിക്കുട്ടിചെയ്ത ഓരോ പ്രയോഗങ്ങളുടെ കൂട്ടത്തിൽ, ഒരുദിവസം കോമുമേനോൻ സമീപത്തിൽതന്നെ ഒരു മറവിലായി നിന്നിരുന്നതു താൻ അറിഞ്ഞുംകൊണ്ടു അഞ്ചോർ കേൾപ്പാൻവേണ്ടി ശങ്കരനെ വിളിച്ച് ആ എഴുത്തു തപാലിലിടേണ്ട കാൎയ്യത്തെപ്പററി പറഞ്ഞതും പിന്നിട്ടു താൻ തനിക്കതന്നെ മേൽവിലാസംവെച്ചു എഴുതിയ ആ എഴുത്തു തപാലിലേക്കയച്ചതും ഞങ്ങൾക്ക രാത്രി നാലുകെട്ടിന്നുള്ളിൽ കടന്നിരിപ്പാൻസൌകൎയ്യത്തിന്നുവേണ്ടി ജന്നലിലെ കൊളുത്തു കേടുവരുത്തി കോമുമേനോനെ ആ സംഗതി മനസ്സിലാക്കുവാനിടവരുത്തിയതും, ജൎമ്മനിയിലെഒരു 'വാക്സ് വൎക്ക്സ്' കമ്പനിക്കാൎക്ക തൻെറ ഛായ അയച്ചുകൊടുത്തു മെഴുകുകൊണ്ടു തൻെറ മാൎവ്വിന്നു മേല്പോട്ടുള്ള ഭാഗത്തിൻെറ ഒരു പ്രതിമ ഉണ്ടാക്കിച്ചു ആരേയും അറിയ്ക്കാതെ വരുത്തിയതും, ആ പ്രതിമകഴിച്ചു, തൻെറബാക്കിഭാഗങ്ങൾ അന്നുരാത്രി വയ്ക്കോൽ, വാഴത്തണ്ടു മുതലായ സാമഗ്രികൾകൊണ്ടുണ്ടാക്കി നല്ലവസ്ത്രങ്ങൾകൊണ്ടു മൂടിക്കെട്ടി അവിടെ കണ്ടപോലെ എല്ലാം പ്രവൎത്തിച്ചതും എല്ലാം അതിൽ വിവരിച്ചെഴുതിയിരുന്നു.

കോമുമേനോൻ തനിക്ക പററിയ വിഡ്ഢിത്തംനിമിത്തം ഉണ്ടായമനോഭംഗത്തെ ക്രമേണ ജയിച്ചു. കഥ ഏതാനും വായിച്ചെത്തിയപ്പോൾ കഥയുടെ രസം കുറേശ്ശ അനുഭവിക്കുന്നുണ്ടെന്നു നടിച്ചുതുടങ്ങി.

അന്നുരാത്രി ഞങ്ങളെക്കൊണ്ടു ആ വിഡ്ഢിവേഷങ്ങളൊക്കെ കെട്ടിപ്പാൻ ഇടയാക്കിയ ആ പേരില്ലാത്താളുടെ എഴുത്തിൻെറ ഒരു ശരിയാ

യ പകപ്പ് ആ കഥയിൽ ഒരുഭാഗത്തു എഴുതീട്ടുണ്ടായിരുന്നതു ഞാൻ വായിച്ചപ്പോൾ കോമുമേനെൻറ മുഖത്തു ഒരു വിസ്മയഭാവവും ഒരു പച്ചച്ചിരിയും കണ്ടു മൂപ്പർ മടിയിൽനിന്നു് ഒരു കടലാസെടുത്തു ‘നറും കുറും,’ എന്നു ചിന്തിത്തുടങ്ങി.

ല-കു—(ചിരിച്ചുംകൊണ്ടു) അതു നന്നായി. ആ എഴുത്തിനുതക്കശിക്ഷ കിട്ടി. നമ്മളെ എല്ലാവരേയും ഈ വിധത്തിലൊക്കെ കളിപ്പിച്ചതു് ആ എഴുത്തല്ലേ?

കോ-മേ—(ചിരിച്ചുംകൊണ്ടു) അല്ല. ആ എഴുത്തെഴുതിയ ആളാണു്. ഞങ്ങൾ എല്ലാവരും ഒരുവട്ടം ചിരിച്ചു. ഞാൻ അപ്പോൾ അവിടെ ഒരു സ്വർഗ്ഗത്തിൽ കട്ടുറുമ്പാണെന്നു അവർ രണ്ടുപേൎക്കും കുറേശ്ശ തോന്നിത്തുടങ്ങിയോ എന്നു ശങ്കിപ്പാൻ ചില ന്യായങ്ങൾ ഉണ്ടായതിനാൽ ഞാൻ യാത്രപറഞ്ഞു പോകയുംചെയ്തു. ലക്ഷ്മിക്കുട്ടി എഴുതിയ കഥ എവിടെയാണെന്നോ അതിനെ പിന്നീടു എന്തുചെയ്തു എന്നോ എനിയ്ക്കു ഒരു വിവരവും ഇല്ല.

ശാരദ]

സി. എസ്സ് ഗോപാലപ്പണിയ്ക്കർ ബി. ഏ.

UNIVERSITY LIBRARY 26 JUL 1965 MADRAS

MUL
037836